# THE Minor Prophets

# മൈനർ പ്രോഫറ്റ്സ്

### ഇസ്രയേലിനോടുള്ള ദൈവസ്നേഹം

ഇസ്രയേൽ ഒരു ബാലനായിരുന്നപ്പോൾ ആ ബാലനെഞാൻ സ്നേഹിച്ചു; ഞാൻ ഈജിപ്തിൽ നിന്ന് എന്റെ പുത്രനെവിളിച്ചു. ഞാൻ വിളിക്കുംതോറും അവർ എന്നിൽ നിന്ന് അകന്നു പൊയ്ക്കൊണ്ടിരുന്നു. അവർ ബാലുകൾക്ക് യാഗം അർപ്പിക്കയും വിഗ്രഹങ്ങൾക്കു ധൂപാർച്ചനനടത്തുകയും ചെയ്തുകൊണ്ടിരുന്നു. എന്നിട്ടും എഫ്രായേമിനെനടക്കാൻ പഠിപ്പിച്ചതു ഞാനാണ്. ഞാൻ അവരെ കൈകളിൽ എടുത്തു. പക്ഷേ ഞാൻ അവരുടെ കാര്യത്തിൽ ശ്രദ്ധാലുവായിരുന്നു എന്ന് അവർ അറിഞ്ഞില്ല. കരുണയുടെ ചരടുകൾ കൊണ്ടും സ്നേഹത്തിന്റെ നാടകൾ കൊണ്ടും ഞാൻ അവരെ നയിച്ചു. ഞാൻ അവരെ ഒരു ശിശുവിനെപ്പോലെ എടുത്ത് എന്റെ കവിളോട് അടുപ്പിച്ചു; ഞാൻ കുനിഞ്ഞ് അവരെ തീറ്റിപ്പോറ്റി. അവർ എന്റെ അടുക്കലേക്കു മടങ്ങി വരാൻ വിസമ്മതിച്ചിരിക്കുന്നതുകൊണ്ട് ഈജിപ്തു ദേശത്തേക്കു മടങ്ങിപ്പോകും; അസീറിയ അവരുടെ രാജാവാകും. വാൾ അവരുടെ നഗരങ്ങളെ സംഹരിക്കാൻ തുടങ്ങും; അവരുടെ ഒളിയിടങ്ങളെ വിഴുങ്ങിയശേഷമേ അതു നിശ്ചലമാകൂ. പശ്ചാത്തപിക്കാൻ വിസമ്മതിച്ചതുകൊണ്ട് അവരുടെ കൗശലങ്ങളിൽ തന്നെ അവർ കുടുങ്ങും. എന്നിലേക്കു പിന്തിരിയാൻ എന്റെ ജനം മടിക്കുന്നു; അവർ എല്ലാവരും ഒന്നിച്ച് എന്നോടു നിലവിളിച്ചാലും ഞാൻ അവരെ പുനരുദ്ധരിക്കയില്ല. എഫ്രായീമേ, ഞാൻ നിന്നെ എങ്ങനെഉപേക്ഷിക്കും! ഇസ്രായേലേ ഞാൻ നിന്നെ എങ്ങനെ കൈമാറും! ഞാൻ എങ്ങനെനിന്നെ അദ്മായെപ്പോലെ ആക്കും! ഞാൻ എങ്ങനെ നിന്നെ സെബോയീമിനെപ്പോലെ കരുതും! എന്റെ ഹൃദയം ഇളകി മറിയുന്നു; എന്റെ ഉള്ളം അലിയുന്നു. ഞാൻ എന്റെ ഉഗ്രകോപം നടപ്പാക്കില്ല; ഞാൻ വീണ്ടും എഫ്രായീം നശിപ്പിക്കില്ല; കാരണം, ഞാൻ ദൈവമാണ്. മനുഷ്യനല്ല. നിങ്ങളുടെ മധ്യേ ഉള്ള പരിശുദ്ധനായവൻ. ഞാൻ നിങ്ങളെ നശിപ്പിക്കാൻ വരുകയില്ല. അവർ കർത്താവിന്റെ പിന്നാലെ ചെല്ലും. അവൻ സിംഹത്തെപ്പോലെ ഗർജിക്കും. അതേ, അവൻ ഗർജിക്കും. അവന്റെ പുത്രന്മാർ പടിഞ്ഞാറു നിന്നു പാഞ്ഞുവരും. അവർ ഈജിപ്തിൽ നിന്നും പക്ഷികളെപ്പോലെയും അസീറിയയിൽ നിന്നും പ്രാവുകളെപ്പോലെയും പാഞ്ഞുവരും. ഞാൻ അവരെ സ്വഭവനങ്ങളിൽ എത്തിക്കും; കർത്താവാണ് ഇത് അരുൾ ചെയ്യുന്നത്.

## QUIET TIME BOOKLET

# മൈനർ പ്രൊഫറ്റ്സ് - ചരിത്ര പശ്ചാത്തലം

പഴയ നിയമത്തിലെ പ്രവാചകർ വളരെ ശക്തരായ ദൈവീക പുരുഷന്മാർ ആണെന്നുള്ളത് എതിർചോദ്യങ്ങൾ ഇല്ലാത്ത സംഗതിയാണ്.

പഴയ നിയമ പുസ്തകങ്ങളിലെ കൂടുതൽ ഭാഗവും ഇവരുടെ എഴുത്തുകളാണ്. വലിയ പുസ്തകങ്ങൾ എഴുതിയ പ്രവാചകരെ വലിയ പ്രവാചകർ "Major Prophets" എന്നും ചെറിയ പുസ്തകങ്ങൾ എഴുതിയ പ്രവാചകരെ ചെറിയ പ്രവാചകർ "Minor Prophets" എന്നും പൊതുവെ വിളിക്കുന്നു.

ഹീബ്രുഭാഷയിലെ പ്രയോഗങ്ങൾ അനുസരിച്ച് "പ്രവാചകർ" എന്ന വാക്കിന്റെ നിർവ്വചനം നമുക്കുനോക്കാം.

- റോഹ (Roeh) - ഈ വാക്ക് 11 പ്രാവശ്യം ഉപയോഗിക്കുന്നു. "കാണുന്നവർ" എന്നർത്ഥത്തിൽ "ദീർഘദർശി" (Seer) എന്നും ഉപയോഗിക്കപ്പെടുന്നു.
- ഷോസെ (Chozeh) - 22 തവണ ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിൽ നിന്നും ദർശനമുള്ളവൻ എന്നർത്ഥം.
- നബി (Nabi) - 300 ൽ കൂടുതൽ തവണ ഉപയോഗിച്ചിരിക്കുന്നു. ദൈവത്തിനായി പ്രഖ്യാപനം ചെയ്യുന്നവർ അല്ലെങ്കിൽ സംസാരിക്കുന്നവർ എന്നർത്ഥം.

ഒരു പ്രവാചകൻ ദൈവത്തിന്റെ വാക്കുകൾ ജനത്തിനായി എഴുതുന്നവൻ അല്ലെങ്കിൽ സംസാരിക്കുന്നവൻ ആണ്. അവരെ ദൈവീക പുരുഷന്മാർ എന്നു വിളിക്കുന്നു. തങ്ങളുടെ ജനത്തിന്റെ ആവശ്യങ്ങൾ മുൻനിറുത്തിയാണ് മുഖ്യമായും അവർ സംസാരിച്ചിരുന്നത്, പാപത്തെ ശക്തമായി എതിർത്തുകൊണ്ട്.

ചില സമയങ്ങളിൽ അവരുടെ സന്ദേശത്തിൽ കലേക്കൂട്ടി പറയുന്ന ഘടകങ്ങൾ കൂടി ഉണ്ട്. മിശിഹായുടെ വരവ് തുടങ്ങിയവ.
ചിലസമയത്ത് അവരുടെ ഭാഷ അന്തരാർത്ഥങ്ങൾ ഉൾക്കൊള്ളുന്നവയാണ്.

ഈ ചെറിയ പ്രവാചകരുടെ കാലഘട്ടത്തിനിടയിൽ ഇസ്രായേലിന്റെ ചരിത്രം വളരെ മഹത്തായ സമയങ്ങളിലൂടെയും വളരെ മോശമായ കാലഘട്ടങ്ങളിലൂടെയും കടന്നുപോകുന്നതു നാം കാണുന്നു.

ഇസ്രായേൽ ജനത വാഗ്ദത്ത ദേശത്ത് എത്തി ചേർന്നതിനുശേഷം, ദേശത്തെ എല്ലാ ഗോത്രങ്ങൾക്കുമായി വിഭജിച്ച് നൽകി. അതിനുശേഷം 400 വർഷങ്ങളോളം അവർ ന്യായാധിപന്മാരുടെ ഭരണത്തിലായിരുന്നു.

അതിനുശേഷം ശൗലും, ദാവീദും, സോളമനും രാജാക്കന്മാരായി 120 വർഷം വാണു (ഓരോരുത്തരും 40 വർഷം വെച്ച്)

സോളമന്റെ മരണശേഷം ഇസ്രായേൽ രാജ്യം ചേരിതിരിഞ്ഞ് രണ്ടു രാഷ്ട്രങ്ങളായി ത്തീർന്നു. ഈ കാലഘട്ടത്തിലാണ് ചെറിയ പ്രവാചകർ പ്രവചിച്ചത്. ക്രിസ്തുവിനു മുമ്പ് ഏകദേശം 900 നും 400 നും ഇടയ്ക്ക്.

ഈ കാലഘട്ടത്തിൽ വടക്കൻ ദേശമായ ഇസ്രായേലും, തെക്കൻ ദേശമായ യൂദായും രാഷ്ട്രീയ അസ്ഥിരതയിലും ദേശീയമായ മാനക്കേടുകളിലും കൂടെ കടന്നുപോയി. ഓരോ പ്രവാചകനും തങ്ങൾ സംസാരിച്ച രാജ്യത്തിലെ പ്രശ്നങ്ങൾ മുൻനിറുത്തിയാണ് പ്രവചിച്ചത്.

## ആ കാലഘട്ടത്തിലെ മറ്റു ചരിത്രപ്രധാനമായ രാഷ്ട്രങ്ങൾ:

1. ഈജിപ്ത്

യഹൂദ ദേശമായ ഇസ്രായേലിന്റെ രൂപീകരണ സമയത്ത് (1500 ബിസി) ലോക ശക്തി ഈജിപ്തിനായിരുന്നു. അവരുടെ അധികാര വാഴ്ച നൂറ് കണക്കിന് വർഷങ്ങൾ നിലനിന്നിരുന്നു.

2. അസ്സീറിയ

യഹൂദ ദേശത്തിന്റെ വിഭജനകാലത്ത് അസീറിയായിരുന്നു കരുത്തർ. അസീറിയയാണ് വടക്കൻ രാജ്യമായ ഇസ്രായേലിനെ ബിസി 722 ൽ പിടിച്ചടക്കിയത്. ചെറു പ്രവാചകരിൽ മിക്കവാറും പേരും പ്രസംഗിച്ചതും എഴുതിയതും ഇക്കാലഘട്ടത്തിൽ ആയിരുന്നു. ഒബദിയ, യോവേൽ, യോന, ഹോശിയ, ആമോസ്, മീഖാ, നഹൂം, സെഫനിയ മുതലായവർ. (യോവേലിന്റെയും, ഒബദിയാവിന്റെയും കാലഘട്ട നിർണ്ണയം എളുപ്പമല്ല).

3. ബാബിലോൺ

അസ്സീറിയക്കാരെ കീഴടക്കിക്കൊണ്ട് ബാബിലോൺ അവിടത്തെ വൻ ശക്തികൾ ആയി. ഈ സമയത്താണ് ഹബക്കുക്ക് പ്രവചനം നടത്തുന്നത്. യൂദായെ (തെക്കൻ രാഷ്ട്രത്തെ) കീഴടക്കിയ ബാബിലോൺകാർ ആരാധനാലയവും കൂടി നശിപ്പിച്ചു കളഞ്ഞു (ബി.സി. 586).

4. പേർഷ്യ

പഴയനിയമ കാലഘട്ടത്തിലെ അവസാനത്തെവൻ ശക്തികൾ പേർഷ്യക്കാരാണ്. ഹഗ്ഗായിയും, സഖറിയായും, മാലാഖിയും പ്രവചിക്കുന്നത് ഈ കാലഘട്ടത്തിലാണ്. ഈ സമയത്ത് ബന്ധനസ്ഥരായ യഹൂദർ തങ്ങളുടെ നാട്ടിലേക്ക് തിരിച്ചുപോയി. ദേവാലയത്തിന്റെ പുനർനിർമ്മാണത്തിനും മനുഷ്യർക്കിടയിൽ ദൈവത്തിന്റെ അടുത്ത പടിയായുള്ള പ്രവർത്തികൾക്ക് ഒരുക്കങ്ങൾ നടത്താനും-400 വർഷത്തിനു ശേഷം മിശിഹായുടെ വരവിലേക്കായി.

ഇന്നു നമുക്കും അനുഗ്രഹങ്ങൾ പ്രാപിക്കാനാകുമാറ് ഈ ചെറിയ പ്രവാചകരെ ദൈവം തന്റെ രാജ്യത്തിന്റെ നിർണ്ണായക ഘട്ടങ്ങളിൽ ഉപയോഗിച്ചു.



## മൈനർ പ്രൊഫറ്റ്സിനെക്കുറിച്ചുള്ള ലഘു വിവരണം

| തിയതി | പ്രവാചകൻ | പേരിന്റെ അർത്ഥം | വിഷയം | ഇന്നതിനെക്കുറിച്ച് പ്രവചിച്ചു | അഭിസംബോധന ചെയ്ത പ്രധാനപ്പെട്ട പാപങ്ങൾ |
|---|---|---|---|---|---|
| 840 to 830 | ഒബദ്യ | യഹോവയുടെ ആരാധകൻ | ദൈവത്തിന്റെ ദിനം. ഏദോമിന്റെ നാശം യിശ്രയേലിന്റെ പുനരുദ്ധീകരണം | ഏദോമിനെതിരായി | യാക്കോബുമായി ഏദോം ഇടർച്ചയായ് പോരാടിക്കൊണ്ടിരുന്നു. യഹൂദ പിടിച്ചടക്കിയപ്പോൾ ഏദോം ആഹ്ലാദിച്ചു. |
| 830 to 750 | യോവേൽ | യഹോവ ദൈവം | ദൈവത്തന്റെ ദിനം | യിസ്രായേൽ വടക്കൻ രാജ്യം | വ്യഭിചാരത്തിനെതിരായ്, മദ്യപാനം, വിഗ്രഹാരാധന, മുഴുത്ത ഭോഗാസക്തി |
| 780 to 740 | യോന | പ്രാവ് | രക്ഷയെക്കുറിച്ച് | നിനവേയിലെ എല്ലാ ജനങ്ങളേയും സന്ദിപ്പിച്ചു കൊണ്ട് | അസ്സീറിയക്കാരുടെ ക്രൂരത, സമർപ്പണത്തിന്റെ അടയാളം, ക്രിസ്തുവിന്റെ രീതികൾ, മാനസാന്തരത്തിനുള്ള ദൈവകൃപ |
| 765 to 725 | ഹോശയ | രക്ഷ | രക്ഷയെക്കുറിച്ച് | യിസ്രായേലും വടക്കൻ രാജ്യവും | വ്യഭിചാരത്തിനെതിരായ്, മദ്യപാനം, വിഗ്രഹാരാധന, മുഴുത്ത ഭോഗാസക്തി |
| 760 | ആമോസ് | ഭാരം വഹിക്കുന്നവൻ | ദൈവദിനം നിത്യതയെക്കുറിച്ച് വാദിച്ചു | ഇസ്രായേൽ, യഹൂദ, ബെന്യാമീൻ എല്ലാ രാജ്യങ്ങൾക്കും | ദരിദ്രരെ അകറ്റി നിർത്തി, ലൈഗീംക വേഴ്ച, അനിയന്ത്രിതമായ സുഖഭോഗങ്ങൾ നിയമത്തേയും, ജനങ്ങളേയും മാർഗ്ഗം തെറ്റിച്ചു കളഞ്ഞു. |
| 740 to 700 | മീഖ | യഹോവയെപ്പോലെ | നിത്യതയെ ഇപ്പോൾ തന്നെ | ശമര്യാ, യെരുശലേം, ലോകം മുഴവനും | രാജ്യത്തിലെ നീതീയില്ലായ്മ, അനീതി, ജനദ്രോഹം |
| 640 to 620 | നഹൂം | സാന്ത്വനപ്പെടുത്തുക | നിനവേയ്ക്ക് മേൽ ന്യായവിധി. യിസ്രായേലിന്റെ സുഖവാസം | അസ്സീറിയക്കാർ നിനവെ പട്ടണത്തെക്കുറിച്ച പ്രത്യേകമായ് | അസീറിയക്കാരുടെ അതിരുകടന്നുള്ള ക്രൂരത |

| തിയതി | പ്രവാചകൻ | പേരിന്റെ അർത്ഥം | വിഷയം | ഇന്നതിനെക്കുറിച്ച് പ്രവചിച്ചു | അഭിസംബോധന ചെയ്ത പ്രധാനപ്പെട്ട പാപങ്ങൾ |
|---|---|---|---|---|---|
| 640 to 609 | സെഫന്യ | യഹോവയാൽ ഒളിക്കപ്പെട്ട | ഭൂമിക്കെതിരായുള്ള ദൈവകോപം, അതിനെ ഒളിപ്പിക്കുന്നതിനെക്കുറിച്ച്, യിസ്രായേലിന്റെ മാനസാന്തരം, ദൈവം രക്ഷിച്ചു | യഹൂദാ, യെരുശലേം, എല്ലാ യിസ്രയേലും ജനങ്ങൾക്കും, ദൈവദിനത്തെക്കുറിച്ചുള്ള മുന്നറിയിപ്പ് | ആത്മീകത, പരപുരുഷ ലൈഗീക വേഴ്ച |
| 608 to 605 | ഹബക്കുക് | ആലിംഗനം | ദൈവം ഖൽദായരെ തകർത്ത് യഹൂദയെ സംരക്ഷിച്ചു | ബാബിലോണിലെ എല്ലാ ജനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ട് | കയ്യേറ്റം/പിടിച്ചുപറി, അസൂയ/ഞാനെന്ന ഭാവം, കൈക്കൂലി/വിപ്ലവം, മനുഷത്വമില്ലായ്മ, വിഗ്രാഹാരാധന |
| 520 | ഹഗ്ഗായി | ആഘോഷം | സഭയാകുന്ന ക്ഷേത്രത്തിന്റെ പുനഃപ്രതിഷ്ഠ | സെറുബാബേൽ യോശുവ, മടങ്ങിവന്ന എല്ലവർക്കും വേണ്ടി | ദൈവത്തിന്റെ ആലയം പണിയുന്നതിനെ അവഗണിക്കുന്നു. നീണ്ടുപോകൽ, |
| 520 to 480 | സെഖര്യ | യഹോവയാൽ ഓർമ്മിക്കപ്പെട്ടവൻ | ക്ഷേത്രം പണിയുന്നതിലൂടെ ദൈവരാജ്യത്തിന്റെ വരവിനെക്കുറിക്കുന്നു | സെറുബാബേൽ യോശുവ, മടങ്ങിവന്ന എല്ലവർക്കും വേണ്ടി | യോശുവായുടെ വൃത്തിഹീനമായ അങ്കി, നീതിയില്ലായ്മ, സമാധാനവും, കരുണയില്ലായ്മയും, പൈശാചിക രീതിയിലുള്ള ജീവിതം |
| 420 to 400 | മാലാഖി | എന്റെ ദൂതൻ | വരാനിരിക്കുന്ന ദൂതന് വേണ്ടി തയ്യാറാവുക (ഏലിയാ) | ഇസ്രായേൽ (12 ഗോത്രം) ഇസ്രായേലിന്റെ ഇപ്പോഴത്തെ ദൈവം (സഭ) | പുരോഹിതൻ ഉത്തരവാദിത്വങ്ങൾ അവഗണിക്കുന്നു. ജനങ്ങൾ വിവാഹബന്ധം വേർപെടുത്തുന്നതിനും, വ്യഭിചാരത്തിലും, ദൈവത്തേ കൊള്ളയടിക്കുന്നതിലും വിമർശിക്കുന്നതിലും മുഴുകി |



## ഹോശിയായുടെ പുസ്തകം (ഹോശിയ 1-3) ദിവസം 1

### ആമുഖം

- വടക്കൻ രാജ്യത്തിൽ (ഇസ്രായേൽ) പ്രവചനം നടത്താനാണ് ഹോശിയയെ വിളിച്ചത്
- ഏകദേശം 40 വർഷത്തോളം തന്റെ പ്രവൃത്തികൾ നീണ്ടു (ബി.സി. 760 മുതൽ ബി.സി. 720 വരെ). ഇസ്രായേൽ ഭവനം തങ്ങളുടെ പാപങ്ങളാൽ വളരെ അപകടം നിറഞ്ഞ അവസ്ഥയിൽ ആയിരുന്നു ഈ സമയത്ത്.
- ഇസ്രേയിലിലെ മുഴുവൻ രാജാക്കന്മാരും അധർമ്മികളായിരുന്നു. അവരൊരുപോലെ വിഗ്രാഹാരാധനയിൽ തുടർന്നു.
- വിനാശകരമായ പാപാന്ധകാരത്തിൽ ആയിരുന്ന ഈ സമയത്ത് ഇസ്രായേലിനോടുള്ള ദൈവസ്നേഹം ഹോശയ വിനിമയം ചെയ്യുന്നു. ദൈവ സ്നേഹത്തിന്റെ ആഴം കൂടുതൽ വ്യക്തമായി ഹോശയ പുസ്തകത്തിൽ കാണുന്നു.
- 1 മുതൽ 3 വരെയുള്ള അദ്ധ്യായങ്ങളിൽ ഗോമറുമായുള്ള ഹോശേയായുടെ ബന്ധത്തിലൂടെ ഇസ്രായേലിനോടുള്ള ദൈവത്തിന്റെ ബന്ധം അവതരിപ്പിച്ചുകൊണ്ട് പുസ്തകത്തിന്റെ രംഗം ഒരുക്കുന്നു. 4 മുതൽ 14 വരെയുള്ള അദ്ധ്യായങ്ങളിൽ ഇത്തരത്തിലുള്ള ദൈവത്തിന്റെ സ്നേഹം നിഷേധിക്കുന്നതുമൂലമുണ്ടാകുന്ന ദുരിത പൂർണ്ണമായ ഫലങ്ങൾ വിശദീകരിക്കുന്നു.

### ഇസ്രായേലുമായുള്ള ദൈവത്തിന്റെ വിവാഹം (ഹോശേയ 1:1-3:5)

ഹോശയയെയും ഗോമറിനെയും കുറിച്ചാണ് ഈ ഭാഗം. ഹോശയയിൽ നിന്നും വളരെ വെല്ലുവിളികൾ നേരിടേണ്ടിവരുന്ന തരത്തിലുള്ള ഒരു വിശ്വാസ പ്രവൃത്തി ദൈവം ആവശ്യപ്പെടുന്നു (1:2-3) വ്യഭിചാരിണിയായ സ്ത്രീ വിവാഹത്തിനു മുമ്പു തന്നെ അവിഹിത വേഴ്ചക്കാരിയായിരിക്കാം. ഇസ്രായേൽ തന്റെ ഹൃദയത്തിൽ എത്ര ആഴത്തിൽ മുറിവേൽപ്പിച്ചു എന്നു കാണിക്കാൻ ദൈവം തത്രപ്പെടുന്നു. ഇസ്രായേൽ ദൈവവുമായി വിവാഹത്തിൽ ആയിരുന്നു. എങ്കിലും ആ ബന്ധത്തിൽ അവർ ഭീകരമായ അവിശ്വസ്തത പുലർത്തി. ഇവിടെ വ്യത്യസ്ത തരത്തിൽ വിവരിച്ചിരിക്കുന്ന കാര്യം ഇസ്രായേലിന്റെ ആത്മീയ അവിശ്വസതതയാണ്. വ്യാപകമായ വിഗ്രാഹാരാധനയിലൂടെ.

- വിഗ്രഹാരാധനയുടെ അടിസ്ഥാന രൂപം പ്രതിമകൾ ഉണ്ടാക്കുന്നതും അവയെ വണങ്ങുന്നതുമാണ്.
- ഇതല്ലാതെ സന്താനപുഷ്ടിയുടെ ദേവതയെ ആരാധിക്കുന്നതിനുവേണ്ടിയുള്ള വിഗ്രഹാരാധനാ രീതികളും നിലവിലുണ്ടായിരുന്നു. വ്യഭിചാരമടക്കം.
- വിഗ്രഹാരാധനയുടെ വേറൊരു രൂപമാണ് ഭൗതീകതയിൽ അധിഷ്ഠിത ജീവിതം,
- ദൈവത്തിൽ ആശ്രയിക്കാതെ ഇസ്രായേലിന്റെ തന്നെ കഴിവുകളിൽ ആശ്രയിക്കുന്നതും, മറ്റു രാജ്യങ്ങളെ അഭയം പ്രാപിക്കുന്നതും മറ്റൊരു തരം വിഗ്രഹാരാധനയാണ്.

ഗോമർ ഹോശയ്യയെ ഉപേക്ഷിച്ചതിനുശേഷം (അദ്ധ്യായം 3) അവളെ തിരികെ വീണ്ടെടുക്കാൻ (വാങ്ങിക്കാൻ) ദൈവം ആവശ്യപ്പെടുന്നു. ഇതുവഴി എത്ര മ്ലേച്ഛമായ അവിഹിത വേഴ്ചയിലാണെങ്കിലും ഇസ്രായേലിനെ തന്റെ ഭാര്യയാക്കി വീണ്ടെടുക്കാനുള്ള ദൈവത്തിന്റെ അതിയായ ആഗ്രഹം ദൈവം കാണിക്കുന്നു. ദൈവത്തിന്റെ ക്ഷമ അത്ഭുതകരമാണ്.

നമ്മുടെ ജീവതത്തിൽ പ്രകടമായി കാണുന്ന വിഗ്രഹാരാധനകൾ എന്തെല്ലാണ്? നാം നമ്മുടെ കഴിവുകളിലോ അല്ലെങ്കിൽ നായകരുടെ കഴിവുകളിലോ ആണോ ആശ്രയം വയ്ക്കുന്നത്? അതോ ദൈവത്തിന്റെ കഴിവുകളിലോ?

പണത്തിന് ഇന്നു നമ്മുടെ ഹൃദയത്തിലുള്ള സ്ഥാനം എന്താണ്? ദൈവവുമായുള്ള നമ്മുടെ ബന്ധം ദൈവത്തെ പ്രസാദിപ്പിക്കുന്ന തരത്തിലുള്ളതാണോ, അതോ വേദനിപ്പിക്കുന്ന തരത്തിലുള്ളതാണോ? ദൈവം നമ്മെ സ്നേഹിക്കുന്നു, നമ്മോടു ഇഴുകിച്ചേർന്ന ഒരു ബന്ധത്തിനായി ആഗ്രഹിക്കുകയും ചെയ്യുന്നു.

**പ്രായോഗികം:** അടുത്തയിടെ നിങ്ങളുടെ ജീവിത്തിൽ ഉണ്ടായ വേദനാജനകമായ രണ്ടു മൂന്നു കാര്യങ്ങൾ എഴുതി വയ്ക്കുക. അവയെ എങ്ങനെ മറിക്കടന്നു എന്നും എഴുതുക.

റോമർ 8:38-39 വായിക്കുക...

## ഹോശയായുടെ പുസ്തകം (ഹോശയ 4, 5) ദിവസം 2

### ദൈവം ഇസ്രായേലിനെതിരെ (ഹോശേ 4:1-19)

അനേക പ്രവാചകരിലൂടെ മതിയായ മുന്നറിയിപ്പു നൽകിയതിനു ശേഷം ദൈവം ശിക്ഷണ നടപടികൾ ആരംഭിക്കുന്നു. ഇസ്രായേലിനെതിരെ ദൈവം കുറ്റപത്രം ഹാജരാക്കുന്നു. ദൈവത്തിന്റെ പരാതികൾ ഇതൊക്കെയാണെന്ന് കാണുന്നു.

- വിശ്വസ്തതയില്ലായ്മ, സ്നേഹമില്ലായ്മ (വാ 1)
- ശാപ വർഷങ്ങൾ, നുണപറച്ചിൽ, കുലപാതകം, മോഷണം, വിഗ്രഹാരാധന (വാ 2)
- ദൈവത്തെക്കുറിച്ചുള്ള അറിവില്ലായ്മ (വാ 6)
- പുരോഹിതരുടെ / നായകരുടെ ദൈവവചന നിഷേധം (വാ 6)
- വിഗ്രഹാരാധന (വാ 12)

ദൈവം ദയാവായ്പ്പോടെ ആദ്യം നമ്മെ ആകർഷിക്കുന്നു, നാം മാനസാന്തരപ്പെടുമെന്ന് പ്രത്യാശിച്ചുകൊണ്ട് (റോമ 2:4). നാം അതു നിഷേധിച്ചു കഴിഞ്ഞാൽ അടുത്തത് ശിക്ഷണ നടപടികളാണ്.

ശിക്ഷണ നടപടികൾ ആരംഭിച്ചതിനുശേഷവും ദൈവം തന്റെ പ്രവാചകരിലൂടെ അരുൾ ചെയ്ത കാര്യങ്ങൾ ഇസ്രായേല്യർ, ചെവിക്കൊണ്ടില്ല. അതിനാൽ ദൈവം ഇസ്രായേലിനെ വിധിക്കാൻ ആരംഭിച്ചു. ശിക്ഷണത്തിനുശേഷം ന്യായവിധി വരുന്നു.

കാര്യങ്ങൾ സുഗമമായി പോകുമ്പോൾപോലും നാം ദൈവത്തെ കേൾക്കാൻ ധൃതിയുള്ളവരാണോ? അതോ ഒരു നാശം വന്നാലേ നാം മാറൂ എന്നുണ്ടോ? ജീവിതം നൽകിയ ശക്തമായ ഇടർച്ചകളിൽ നിന്നും നാം പഠിച്ച കാര്യങ്ങൾ എന്തൊക്കെയാണ്?

### ഇസ്രായേലിനെതിരെയുള്ള ന്യായവിധി (ഹോശ 5:1-15)

- ഇനിയൊരു തിരിച്ചു വരവില്ലാത്ത രീതിയിൽ ഇസ്രായേൽ എത്തി (വാ 4)
- അവരുടെ താൻ പോരി മത്തം അങ്ങേയറ്റമായി (വാ 5)
- അതിനാൽ ദൈവത്തിന് അവരിൽ നിന്നും പിന്തിരിയേണ്ടി വന്നു (വാ 6).
- അവരുടെ കുറ്റങ്ങൾ മനസ്സിലാക്കി മാനസാന്തരത്തിലേക്കു വരുന്നതു ദൈവം നോക്കിയിരിക്കുന്നു (വാ 15).

നമ്മുടെ മാനസാന്തരം ദൈവത്തിലേയ്ക്കുള്ള തിരിയലാണ്. നമ്മുടെ പാപങ്ങൾ അംഗീകരിച്ച്, ആത്മാർത്ഥതയോടെ ദൈവത്തെ അന്വേഷിക്കുന്നതാണ്.

ഇനിയൊരു തിരിച്ചു വരവില്ലാത്തവിധം നാം ആയിക്കഴിഞ്ഞോ? ദൈവത്തിന്റെ ശിക്ഷണത്തെ നാം ലഘുവായാണോ എടുത്തത്?

ചെയ്യാവുന്നതിൽ ഏറ്റവും നല്ലകാര്യം, ദൈവത്തിലേയ്ക്കു തിരിയുന്നതാണ്. കാരണം അവനു നമ്മെ സൗഖ്യമാക്കാനും വീണ്ടെടുക്കാനും കഴിയും. ഇസ്രായേലിനോടു പോലും കാണിക്കാൻ കഴിയുന്ന വിധത്തിൽ വലിയതാണ് അവിടുത്തെ കൃപയും കരുണയും

പ്രായോഗികം: മാനസാന്തരപ്പെടാൻ നിങ്ങൾക്കു പ്രചോദനം തരുന്ന സംഗതി എന്ത്?

റോമ 2:4-5 വായിക്കുക...



## ഹോശയായുടെ പുസ്തകം (ഹോശേയ 6,7) ദിവസം 3

### ഇസ്രായേലിന്റെ മാനസാന്തരമില്ലായ്മ (ഹോശ 6:1-7:16)

തന്നിലേയ്ക്കു തിരികെ വരാൻ ഇസ്രായേല്യരോടു ദൈവം യാചിക്കുന്നു. തന്റെ ക്ഷമിക്കുന്ന പ്രകൃതവും, കൃപയും കണക്കിലെടുക്കാൻ ദൈവം ആവശ്യപ്പെടുന്നു.

ദൈവത്തിന്റെ പ്രകൃതത്തെവർണ്ണിക്കാൻ ഉപയോഗിക്കുന്ന വാക്കുകൾ നോക്കുക:

- അവൻ സൗഖ്യപ്പെടുത്തും (വാ 1)
- അവൻ മുറിവുകൾ വച്ചുകെട്ടും (വാ 1)
- അവൻ നമുക്ക് പുത്തൻ ഉണർവ്വു നൽകും (വാ 2)
- അവൻ നമ്മെ കൂട്ടിച്ചേർക്കും (വാ 2)
- തന്റെ സാന്നിദ്ധ്യത്തിൽ വസിക്കാൻ അവൻ നമ്മെ അനുവദിക്കും (വാ 2)

എന്നാൽ ഇസ്രായേൽ മാനസാന്തരമില്ലാതെ തുടരുന്നതായി കാണപ്പെടുന്നു. ദൈവം പറയുന്നു ഞാൻ ആഗ്രഹിക്കുന്നതു കരുണയാണ്, ബലിയല്ല . യേശു ഫരിസേയരോട് ഈ വചനം എടുത്തുകാട്ടി പറയുന്നുണ്ട്. അവരുടെ മതം ദൈവത്തിനു മതിപ്പില്ലാത്തതായിരുന്നു. നമ്മുടെ മതപരമായ ചിട്ടവട്ടങ്ങൾക്കുപരിയായി സ്നേഹമുള്ളവരായിരിക്കാൻ ദൈവം നമ്മെക്കുറിച്ച് ആഗ്രഹിക്കുന്നു.

ഇസ്രായേലിന്റെ മാനസാന്തരമില്ലായ്മ അവരെ വിധിയിലേക്ക് തള്ളിവിടുന്നു (വാ 11). ദൈവം അവരുടെ അകൃത്യങ്ങൾ ഓർത്തു വയ്ക്കുന്നു (7:2). ചിലസമയത്തു നാം വിചാരിക്കും ദൈവം മനസ്സലിവുള്ളവനാണ്, അവൻ കാര്യങ്ങൾ മറന്നു കളയുമെന്ന്. ദൈവം പാപത്തെ പരിഗണിക്കാതെയോ ശിക്ഷിക്കാതെയോ വിടുകയില്ലെന്ന് ഈ വചനം എടുത്തുകാണിക്കുന്നു.

പാപത്തിന്റെ ഒരു ദുരന്തം എന്താണെന്നുവെച്ചാൽ അതു മറച്ചുവയ്ക്കാൻ കഴിയുമെന്ന ചിന്ത നമുക്കു നൽകുന്നു എന്നതാണ്. എന്നാൽ അതു മറയ്ക്കാൻ കഴിയുന്നതല്ല. ദൈവദൃഷ്ടിയിൽ നിന്ന് ഒരു സൃഷ്ടിയും മറഞ്ഞിരിക്കുന്നില്ല. അവന്റെ ദൃഷ്ടിയിൽ എല്ലാം തുറന്നും വെളിവായും ഇരിക്കുന്നു. അവനോടാണ് നാം കണക്കു പറയേണ്ടത്. പാപത്തിന്റെ ശിക്ഷാവിധിയിൽ നിന്നും രക്ഷനേടാനുള്ള ഏക പോംവഴി മാനസാന്തരപ്പെട്ടു, യേശുവിലൂടെ ദൈവത്തിലേക്കു തിരിയുക എന്നതാണ്.

മറിച്ചിട്ടുചുടാത്ത ഒരു അപ്പംപോലെയാണ് ഇസ്രായേൽ എന്ന് ദൈവം താരതമ്യം ചെയ്യുന്നു (വാ 7:8). അതിനർത്ഥം ഇസ്രായേൽ വേണ്ടവിധം വെന്തിട്ടില്ല എന്നാണ്, മറ്റൊരു വാക്കിൽ പറഞ്ഞാൽ പക്വത കൈവന്നിട്ടില്ല.

അതേ സമയം തന്നെ വളരെ എളുപ്പം വഞ്ചിക്കാൻ കഴിയുന്ന, കാര്യ വിവരമില്ലാത്ത ഒരു മാടപ്രാവായും ദൈവം ഇസ്രായേലിനെ താരതമ്യം ചെയ്യുന്നു. എത്ര പെട്ടെന്ന് അവർ വഴിതെറ്റിക്കപ്പെട്ടു, എത്രപെട്ടെന്ന് അവർ പാപത്തിൽ വീണു എന്നുള്ള സൂചന ഇതു നൽകുന്നു. എങ്കിലും ദൈവം അവരെ വീണ്ടെടുക്കാൻ ആകാംക്ഷയോടെ ഇരിക്കുന്നു (വാ 13).

നമ്മെ വളരെ എളുപ്പം വഴിതെറ്റിക്കാൻ കഴിയുമോ? ചതിയിലകപ്പെടാൻ നമുക്ക് വേഗം സാധിക്കുമോ? നമ്മുടെ ആവശ്യനേരത്ത് നാം എവിടേയ്ക്കാണ് ഓടുന്നത്? വരൂ, നമുക്ക് ദൈവത്തിലേക്ക് തിരിയാം, അവൻ നമ്മെ സൗഖ്യപ്പെടുത്തും.

പ്രായോഗം: മാറ്റം വരുത്താൻ കഴിയാതെ വലയുന്ന ഏതൊക്കെ മേഖലകളാണ് നിങ്ങളുടെ ജീവിതത്തിൽ ഉള്ളത്? ഈ വകയിൽ നിന്നും മാറാൻ ഉതകുന്ന നടപടികൾ ഏതൊക്കെയാണ്?

1 യോഹന്നാൻ 1:9 വായിക്കുക...

## ഒരു കൊടുങ്കാറ്റു കൊയ്യുന്നു (ഹോശയ 8:1-14)

ദൈവത്തെ മറക്കുക, നമ്മുടെ ഉറവകളിൽ ആശ്രയിക്കുക തുടങ്ങിയ ചെറിയ കാര്യങ്ങളിലൂടെയാണ് നാം നാശത്തിലേക്ക് എത്തിച്ചേരുന്നത്.

ഇസ്രായേൽ തന്റെ സ്രഷ്ടാവിനെ മറന്നുകളഞ്ഞു (വാ 14). ദൈവത്തെ മറക്കുക എന്നത് വാക്യാർത്ഥത്തിൽ മറന്നതാകണമെന്നതല്ല, പകരം "അവഗണി"ക്കുന്നതാണ്. അവരുടെ ജീവിതത്തിലെ പ്രാധാന്യ സ്ഥാനം ദൈവത്തിനായിരുന്നില്ല.

ഇസ്രായേൽ ദൈവത്തെ മറന്നതിൽ നിന്നുണ്ടായ അഞ്ചുപാപങ്ങൾ:

- *ദൈവത്തിന്റെ ഉടമ്പടി ലംഘിക്കൽ* (വാ 1-3): ഉടമ്പടി എന്നാൽ പരസ്പര ധാരണ എന്നതാണ്, മറ്റൊരു വിധത്തിൽ പറഞ്ഞാൽ ഉടമ്പടി ലംഘിക്കുക. എന്നുപറഞ്ഞാൽ ദൈവത്തിന്റെ ഹൃദയം തകർക്കുക എന്നതാണ്. അനുസരണക്കേട് ദൈവത്തിന്റെ ഹൃദയം തകർക്കുന്നു.
- *ദൈവത്തിന്റെ സമ്മതവും, അംഗീകാരവും ഇല്ലാതെ* (വാ 4): ദൈവത്തിന്റെ കൽപ്പനയില്ലാതെ അവർ നായകരെ/രാജാക്കന്മാരെ തിരഞ്ഞെടുക്കുന്നു. അവരുടെ തിരഞ്ഞെടുപ്പ് വിഡ്ഢിത്തത്തെയും പാപത്തെയും അടിസ്ഥാനപ്പെടുത്തിയതായിരുന്നു. നമ്മുക്ക് മനുഷ്യഹൃദയത്തിന്റെ ഉള്ള് കാൺമാൻ കഴിയില്ല. പുറമേയുള്ളതു നാം കാണുന്നു. ദൈവം ഹൃദയത്തിന്റെ ഉള്ളറകളെ കാണുന്നു. പാപം നിറഞ്ഞ നായകരെ തിരഞ്ഞെടുത്താൽ നായകസ്ഥാനം ദൈവീകമല്ലാത്തതും, ധാർമ്മികതയില്ലാത്തതുമായിത്തീരും
- *വിഗ്രഹാരാധന* (വാ 4-6): ചീത്ത നായകർ ചീത്ത മതത്തിലേയ്ക്കു നയിക്കുന്നു. പശുക്കിടാവിന്റെ വിഗ്രഹത്തെ ആരാധിക്കുന്നവരെ ദൈവം നാശം വിധിക്കുന്നു.
- *ദൈവീകമല്ലാത്ത രാഷ്ട്രങ്ങളോടുള്ള ചേരിചേരൽ* (വാ 8-10): അലഞ്ഞു നടക്കുന്ന ഒരു കാട്ടുകഴുതയെപ്പോലെ അവർ അസ്സീറിയയിലേക്കു പോയി! തങ്ങളുടെ രക്ഷകനും, സഹായിയുമായ ദൈവത്തിലേക്കു തിരിയാൻ ഇസ്രായേൽ പരാജയപ്പെട്ടു.
- *തെറ്റായ ബലിപീഠങ്ങളുടെ നിർമ്മാണം* (വാ 11-13): തങ്ങൾ നേരിടുവാൻ പോകുന്ന ന്യായവിധക്കുത്തരവാദികൾ ഇസ്രായേൽക്കാരാണെന്നു ദൈവം സ്ഥാപിക്കുന്നു. അവർ കാറ്റ് വിതച്ചു, കൊടുങ്കാറ്റു കൊയ്യുന്നു.

നാം ഇന്നെന്താണ് വിതയ്ക്കുന്നത്? ജീവിതത്തിൽ ഒന്നാംസ്ഥാനം ദൈവത്തിനു നിങ്ങൾ നൽകുന്നുണ്ടോ? പ്രയാസഘട്ടങ്ങളിൽ നാം ദൈവത്തിലേയ്ക്കു തിരിയുന്നുണ്ടോ? ദൈവവുമായുള്ള ഉടമ്പടിയെ നമുക്കു പാലിക്കാം.

പ്രായോഗം: ക്രിസ്ത്യാനികളും നായകരും തെളിഞ്ഞ മനസ്സാക്ഷിയോടെ ബഹുമാന്യാർഹരായി എല്ലാ ദിവസവും ജീവിക്കാൻ ആഗ്രഹിക്കുന്നവരാകാൻ നമുക്ക് പ്രാർത്ഥിക്കാം.

എബ്രായർ 13:7-9 വായിക്കുക...





## ഇസ്രായേലിന്റെ ശിക്ഷ (ഹോശ 9:1-10:15)

ഒരു വിളവെടുപ്പു ഉത്സവത്തോടൊപ്പമാണ് (ഉറപ്പാക്കാൻ പറ്റില്ലെങ്കിലും) ഹോശയ ഈ പ്രഖ്യാപനം നടത്തുന്നത്. സദ്യവട്ടങ്ങളും, നൃത്തവും, ആഘോഷ തിമിർപ്പിന്റെ സന്തോഷവും എങ്ങും നിറഞ്ഞുനിൽക്കുമ്പോൾ ഇങ്ങനെയൊരു സന്ദേശത്തെക്കുറിച്ച് (ഹോശ 9:1-5) ഇസ്രായേല്യർ ഒട്ടുമേ ചിന്തിച്ചില്ലായിരുന്നു. സന്ദേശമോ വളരെ എളുപ്പത്തിലുള്ളതായിരുന്നു. ദൈവത്തെ ഉപേക്ഷിച്ച അവരെ ദൈവം ഉപേക്ഷിച്ചു!

9-ാം അദ്ധ്യായത്തിന്റെ ബാക്കിഭാഗം ആസന്നമായിരിക്കുന്ന മിശിഹയുടെ തെളിവുകൾ നിരത്തുന്നതാണ്. വളരെ വ്യക്തവും വികാരഭരിതവുമായ ഭാഷയിൽ വരുവാനിരിക്കുന്ന ശത്രുവിന്റെ ആധിപത്യത്തെക്കുറിച്ച് ഹോശയ സംസാരിച്ചെങ്കിലും അവർ ഹോശയയെ വിഡ്ഢിയും ഭ്രാന്തനുമായി ചിത്രീകരിച്ചു പരിഹസിക്കുന്നു (9:7-8)

പാപം നമ്മെ ദൈവത്തിൽ നിന്നും അകറ്റുന്നു. പാപത്താൽ നാം അകന്നുകഴിയുമ്പോൾ, ദൈവത്തിൽ നിന്നും വരുന്ന ആത്മീയ കാഴ്ചപ്പാടു നമുക്കന്യമാവുകയും, ആത്മീയ അന്ധതയും ബധിരതയും നമ്മുടെ സഹവാസിയാവുകയും ചെയ്യും. ദൈവം തന്നെ നമ്മിൽനിന്നകറ്റുമ്പോൾ നമ്മിൽ അവശേഷിക്കുന്നത് പ്രത്യാശയില്ലായ്മ മാത്രമാണ്.

10-ാം അദ്ധ്യായത്തിൽ ഇസ്രായേലിനെ മുന്തിരവള്ളിയോടുപമിക്കുന്നു. ദൈവത്തിന്റെ തിരഞ്ഞെടുത്ത മുന്തിരിത്തോട്ടത്തോട്, വളർന്നു പന്തലിക്കുന്ന ഒരു മുന്തിരിവള്ളി. എന്നാൽ അതിന്റെ ഫലം ദൈവം കാംക്ഷിച്ചതായിരുന്നില്ല. അവർക്കുവേണ്ടിതന്നെയാണ് അവർ ഫലം പുറപ്പെടുവിച്ചത്. ഫലമോ, വിഗ്രഹാരാധനാധിഷ്ടിതമായ മതം!

ഇസ്രായേലിന്റെ ഹൃദയം ചതിനിറഞ്ഞതായിരുന്നു. (വാ 2) അല്ലെങ്കിൽ കപടഭക്തി നിറഞ്ഞതായിരുന്നു. അവരുടെ പ്രവൃത്തികൾ ഒന്നും അതിന്റെ ഉദ്ദേശം മറ്റൊന്നുമായിരുന്നു!

ഒരു വിവാഹ ബന്ധത്തിലെന്നപോലെ, ദൈവം പ്രതീക്ഷിച്ചത് വിശ്വസ്തതയായിരുന്നു. യഹോവ യഥാർത്ഥ ദൈവമാണെന്നും, യഹോവയെമാത്രം ഞങ്ങൾ ആരാധിക്കുന്നുവെന്നും ഇസ്രായേൽ അവകാശപ്പെട്ടു. എന്നാൽ അവരുടെ വ്യാജബലിപീഠങ്ങളും, 'വിശുദ്ധ കല്ലു'കളും പെരുകിക്കൊണ്ടേയിരുന്നു.

അങ്ങിനെ ഇസ്രായേൽ ഒരു വിവാഹമോചനത്തിന്റെ വക്കിൽ എത്തി. ദൈവവുമായുള്ള നമ്മുടെ ബന്ധത്തിൽ നാം ഒരു വിവാഹമോചനത്തിന്റെ (അവിശ്വസതതയുടെ) വക്കിലാണോ? നിങ്ങളുടെ ഹൃദയത്തിലെ രാജാവും, കർത്താവും ദൈവമാണോ? അവനോടാണോ നമ്മുടെ ആദ്യസ്നേഹം? അവൻ ആഗ്രഹിക്കുന്ന ഫലം നമ്മൾ പുറപ്പെടുവിക്കുന്നുണ്ടോ? നമ്മുടെ ഹൃദയം ദൈവത്തിനായി ചൂടുള്ളതാണോ?

"എന്നിൽ വസിക്കുക ഞാൻ നിങ്ങളിലും വസിക്കും" എന്ന യേശുവിന്റെ വാഗ്ദാനം ഓർക്കുക. വള്ളിയിൽ നിലനിൽക്കാതെ ഒരു ശാഖയ്ക്കും സ്വയമേ ഫലം പുറപ്പെടുവിക്കാൻ സാദ്ധ്യമല്ല. എന്നിൽ നിലനിൽക്കാതെ നിങ്ങൾക്കും ഫലം പുറപ്പെടുവിക്കാൻ സാദ്ധ്യമല്ല. ഞാൻ യഥാർത്ഥ മുന്തിരിവള്ളിയാണ്, നിങ്ങൾ ശാഖകളും. ഒരുവൻ എന്നിലും ഞാൻ അവനിലും വസിച്ചാൽ അവൻ ധാരാളം ഫലം പുറപ്പെടുവിക്കും. എന്നെക്കൂടാതെ നിങ്ങൾക്ക് യാതൊന്നും ചെയ്യുവാൻ സാധ്യമല്ല.

പ്രായോഗികം: നിങ്ങളിൽ അറിയപ്പെടുന്ന ദൈവീക ഗുണങ്ങൾ എന്തൊക്കെയാണ്? എന്തൊക്കെ ദൈവീക ഗുണങ്ങളാണ് നിങ്ങളിൽ പ്രകടമാകുന്നതെന്ന്? നിങ്ങളുടെ മൂന്നു സുഹൃത്തുക്കളോടു ചോദിക്കുക.

ഗലാ 5:22 വായിക്കുക...

## ഹോശയായുടെ പുസ്തകം (ഹോശയ 11,12) ദിവസം 6

### ഇസ്രായേലിനോടുള്ള ദൈവത്തിന്റെ സ്നേഹം (ഹോശ 11:1-11)

ശിക്ഷണത്തിന്റെ ഒരു സന്ദേശപരമ്പരയ്ക്കു ശേഷം (ഹോശേയ 4-10 അദ്ധ്യായങ്ങൾ) അവരോടുള്ള തന്റെ സ്നേഹം ദൈവം ഓർമ്മിപ്പിക്കുന്നു. 1-4 വാക്യങ്ങൾ ഇസ്രായേലിന്റെ ഭൂത കാലത്തെക്കുറിച്ച് സംസാരിക്കുന്നു. തന്റെ മകനെ വിളിച്ചു പരിശീലനം നൽകുന്ന ഒരു പിതാവിനോട് ദൈവം തന്നെ ഉപമിക്കുന്നു. എന്നാൽ ആ പുത്രൻ പ്രതികരിക്കാത്തവനും, നന്ദികെട്ടവനുമായി തിരിഞ്ഞു.

അവർ മക്കളായത് ദത്തെടുക്കൽ മൂലമാണ്, ജന്മം മൂലമല്ല എന്നകാര്യം കൂടി ദൈവം അവരെ ഓർമിപ്പിക്കുന്നു.

ഇതുപോലെത്തന്നെ, ക്രിസ്തുവിൽ നമ്മെ പുത്രന്മാരും പുത്രികളുമായി ദൈവം സ്വീകരിച്ചു. ദുർത്തനായ പുത്രന്റെ ഉപമപോലെ നാം രക്ഷിക്കപ്പെട്ടത് അവിടത്തെ കൃപയാലും കരുണയാലും മാത്രമാണ്. ദൈവത്തിന്റെ കരുണയില്ലായിരുന്നെങ്കിൽ നാം തീർത്തും ദുരന്തമായാനേ.

തന്റെ പുത്രനെ ഒരു കാരണവശാലും ഉപേക്ഷിക്കാൻ മനസ്സുവരാത്ത ഒരു പിതാവിന്റെ ഹൃദയ വികാരം ദൈവം പ്രകടിപ്പിക്കുന്നു.

ദൈവം ന്യായത്തിന്റെ ദൈവമാണ്, അതേസമയം സ്നേഹത്തിന്റെയും. പാപത്തെ ശിക്ഷിക്കുക തന്നെവേണം, എന്നാൽ ദൈവം കരുണനിറഞ്ഞവനുമാണ്. കുരിശിൽ മാത്രമാണ് ദൈവത്തിന്റെ നീതിയും, ദൈവത്തിന്റെ സ്നേഹവും പൂർത്തിയായത്.

### ഇസ്രായേലിന്റെ പാപം (ഹോശ 12:1-14)

യൂദായ്ക്കെതിരെയുള്ള ദൈവത്തിന്റെ കുറ്റപത്രം (വാ 2) ഈ അദ്ധ്യായത്തിൽ തുടങ്ങുന്നു. ഇസ്രായേലിന്റെ പതനത്തിന്റെ പാതയോളം വഴുവഴുപ്പുള്ളതായിരുന്നില്ല യൂദായുടെ പാത. എങ്കിലും യൂദായും പതനത്തിന്റെ പാതയിൽത്തന്നെ ആയിരുന്നു. അവൾ മാനസാന്തപ്പെട്ടില്ലെങ്കിൽ അവളുടെ നാശവും ഇസ്രായേലിന്റെ നാശംപോലെ ഉറപ്പുള്ളതാകുമായിരുന്നു.

യൂദായ്ക്കെതിരെ ഇത്രയും ആരോപണങ്ങൾ എങ്കിൽ ഇസ്രായേലി(എഫ്രയീം)നെതിരെയോ? ധനത്തിലും, സത്യസന്ധതയില്ലായ്മയിലും വളർന്ന അവളുടെ ധാർഷ്ട്യ പൂർണ്ണമായ അഹന്ത തന്നിൽ ആർക്കും ഒരു കുറ്റവും തെളിക്കാൻ കഴിയില്ല എന്നതായിരുന്നു (വാ 7-8). അവളെ ദൈവത്തിന്റെ നാട്ടിൽനിന്നും ഓടിക്കുമെന്ന് ദൈവം കൽപ്പിക്കുന്നു.

- തന്റെ ജനത്തോട് ദൈവത്തിനുള്ളത് കൃപാപൂർണ്ണമായ ഇടപടലായിരുന്നിട്ടു കൂടിയാണ് ഇങ്ങനെ സംഭവിച്ചത്. പ്രവാചകരിലൂടെ ദൈവം തന്നെ അവർക്കായി വെളിപ്പടുത്തിയിരുന്നു (വാ 10)
- അവൻ അവരെ വിടുവിച്ചു / മോചിപ്പിച്ചു (വാ 9)
- അവൻ അവരെ കരുതി (വാ 13) എങ്കിലും അവർ മറുകണ്ടംചാടി.

ദൈവത്തിനു നമ്മോടുള്ള കൃപയെ നാം മുതലെടുക്കുകയാണോ? നാം ആത്മീയമായ ഒരു അധഃപതനത്തിന്റെ പാതയിലാണോ? അതോ നാൾക്കുനാൾ ഉണർവ്വിന്റെ പാതയിലാണോ?

പ്രായോഗം: നിങ്ങളിൽ ഉണ്ടായ പതനങ്ങൾക്കും മീതെ ഉയർന്നു നിന്നുകൊണ്ട് ദൈവം തന്റെ സ്നേഹം കാണിച്ച കുറച്ചു അവസരങ്ങൾ എഴുതുക.

റോമ 3:22-24 വായിക്കുക...



## ഹോശയ്യായുടെ പുസ്തകം (ഹോശയ 13-14) ദിനം 7

### ഇസ്രായേലിനെതിരെ ദൈവകോപം (ഹോശ 13:1-16)

ഇസ്രായേലിനെ മരിച്ചവർ എന്നു ദൈവം വിളിക്കുന്നു (വാ 1). ദൈവമല്ലാത്തതിനെ ആരാധിച്ചുകൊണ്ട് ആത്മാവിൽ സംഭവിച്ച മരണത്തെക്കുറിച്ചാണ് ദൈവം സംസാരിക്കുന്നത്. ഈ നാശത്തിനുശേഷം വരുവാനിക്കുന്നത് തീർച്ചയായും ശാരീരിക നാശം തന്നെ. ആ രാഷ്ട്രത്തെ ശത്രുക്കൾ വന്ന് കീഴടക്കി നശിപ്പിക്കും.

ഈ നാശം എവിടെനിന്നാണു വരിക? ഹോശിയായുടെ വാക്യചിത്രത്തിൽ നിന്നും മനിസ്സിലാക്കാൻ കഴിയും, തങ്ങളെ മുൻപേ സംരക്ഷിച്ചിരുന്ന ആൾ തന്നെ ഇപ്പോൾ നാശം തങ്ങൾക്കായി കൊണ്ടുവരുന്നു എന്ന്. ദൈവമാണ് ആത്യന്തികമായ് നശിപ്പിക്കുന്നവൻ.

- ഈജിപ്തിൽ നിന്നും ദൈവകരത്താൽ കൊണ്ടുവന്ന വിടുതലിനെ കുറിച്ച് ദൈവം അവരെ ഓർമ്മിപ്പിക്കുന്നു. ദൈവം അവരെ കരുതുന്നു (വാ 5-6)
- എങ്കിലും ആളുകൾ ദൈവത്തെ മറന്നു. അങ്ങിനെ ഇപ്പോൾ, തങ്ങളുടെ രക്ഷകനായിരുന്നവൻ തങ്ങളുടെ ശിക്ഷകനായി (വാ 9).
- വരാൻപോകുന്ന അധിനിവേശത്തെക്കുറിച്ച് അടുത്ത ഭാഗം സംസാരിക്കുന്നു (വാ 15-16). കർത്താവിൽ നിന്നാണ് നാശം വരുന്നത്.

### അനുഗ്രഹങ്ങൾ കൊണ്ടുവരുന്ന മാനസാന്തരം (ഹോശ 14:1-9)

തന്നലേക്കു മടങ്ങാൻ ഇസ്രായേലിനുള്ള ആഹ്വാനത്തോടെ ഹോശയ പുസ്തകം അവസാനിപ്പിക്കുന്നു. ഒരു വിധത്തിൽ പറഞ്ഞാൽ അത് ദൈവത്തിന്റെ അവസാന വാക്കുകളാണ്. പാപം ഏറ്റുപറയലിനും, മാനസാന്തത്തിനുമുള്ള ദൈവത്തിന്റെ മുറവിളി. മാനസാന്തരത്തിൽ അടങ്ങിയിരിക്കുന്ന വേറൊരുകാര്യം ദൈവകൃപയിലുള്ള ആശ്രയം ആണ് (വാ 2). തന്റെ ജനത്തെ പാപത്തിൽ നിന്നുള്ള യഥാർത്ഥ മാനസാന്തരത്തിലേക്കു വിളിച്ചതിനു ശേഷം ദൈവം അവർക്ക് മുഴുവനായുള്ള പുനരധിവാസം വാഗ്ദാനം ചെയ്യുന്നു. മൂന്നുകാര്യങ്ങൾ ദൈവം വാഗ്ദാനം ചെയ്യുന്നു.

- അവരുടെ ഉത്സാഹമില്ലായ്മയെ/പിന്മാറ്റത്തെ അവൻ സൗഖ്യമാക്കും (വാ 4)
- അവരെ ഔദാര്യമായി സ്നേഹിക്കും (വാ 4)
- അവരെ അഭിവൃദ്ധി പ്രാപിക്കാൻ സഹായിക്കും (വാ 5-7)

ദൈവത്തിന്റെ വാഗ്ദാനങ്ങൾ നൽകുന്ന വഴികൾ നമ്മെ അത്ഭുതപ്പെടുത്തുന്നുണ്ടോ? അവനിൽ നമുക്ക് സൗന്ദര്യവും, ശക്തിയും, മൂല്യവും ആനന്ദവും അളവില്ലാത്ത രീതിയിൽ ഉണ്ട്.

ജ്ഞാനമുള്ളവരോട് ദൈവ വചനത്തോടുള്ള വിശ്വസ്തതയെ വർദ്ധിപ്പിക്കാൻ ഉദ്ബോധിപ്പിച്ചുകൊണ്ട്, ഹോശയ ചുരുക്കുന്നു. പാപം മരണത്തെ കൊണ്ടുവരുന്നു. എന്നാൽ അനുസരണം ജീവന്റെ പാതയും. ഇന്നും ഇതുതന്നെയാണ് യാഥാർത്ഥ്യം. കർത്താവിന്റെ വഴികൾ എന്നേയ്ക്കും ശരിയായതാണ്. നീതിയുള്ളവർ ഇതിൽ നടക്കും, ധിക്കാരികൾ അവയിൽ ഇടറിവീഴും.

പ്രായോഗം: ക്രിസ്ത്യാനിയായതിനു ശേഷം നിങ്ങൾക്കു ലഭിച്ചിട്ടുള്ള ദൈവാനുഗ്രങ്ങളുടെ ഒരു പട്ടിക എഴുതി ഉണ്ടാക്കുക.

എഫേ 1:3-6 വായിക്കുക..

## യോവേലിന്റെ പുസ്തം (യോവേൽ 1-3) ദിവസം 8

**ആമുഖം**

തെക്കൻ രാഷ്ട്രമായ യൂദായിലെ ഒരു പ്രവാചകനാണ് യോവേൽ. ദൈവത്തിൽ നിന്നുള്ള നാശകരമായ ശിക്ഷണത്തെക്കുറിച്ചും വരുവാനിരിക്കുന്ന മിശിഹായെക്കുറിച്ചും അദ്ദേഹം പ്രവചിച്ചു. യോവേലിന്റെ കാലഘട്ട നിർണ്ണയം എളുപ്പമല്ല, എങ്കിലും ഏകദേശം ബിസി 830 എന്നു കരുതുന്നു.

- തന്റെ പേരിന്റെ അർത്ഥം "കർത്താവ് ദൈവമാണ്" / "യഹോവ ദൈവമാണ്" എന്നാകുന്നു
- വളരെ വിനാശകരമായ രീതിയിലുള്ള വെട്ടുകിളികളുടെ അധിനിവേശത്തെക്കുറിച്ചും, മാനസാന്തപ്പെട്ടില്ലെങ്കിൽ തുടർന്നുവരുവാനിരിക്കുന്ന ഭീകര വിപത്തുകളെക്കുറിച്ചും യോവേൽ പ്രവചിച്ചു.
- പുറമേയുള്ള പ്രദർശനത്തിനു വേണ്ടിയല്ലാതെ ഹൃദയം കീറിമുറിച്ചുള്ള ഒരു മാനസാന്തരത്തിനായി യോവേൽ വിളിക്കുന്നു.
- ഏറ്റവും പ്രശസ്തമായ ഭാഗം പരിശുദ്ധാത്മാവിന്റെ അഭിഷേകത്തെക്കുറിച്ചുള്ള പ്രവചനമാണ് (യോവേൽ 2:28-30)

## വിലപിക്കാനുള്ള ഒരു വിളി (യോവേൽ 1:1-2:11)

- വെട്ടുകിളികളുടെ ഒരു അധിനിവേശത്തെക്കുറിച്ച് യോവേൽ മുന്നറിയിപ്പു നൽകുന്നു.
- ആദ്യം ജനങ്ങളുടെ നായകരായ മൂപ്പൻമാരെ മാനസാന്തരത്തിലേക്കു വിളിക്കുന്നു. (വാ 3)
- പിന്നീട് മദ്യപാനികളെയും (വാ 5), കൃഷിക്കാരെയും (വാ 11) വിളിക്കുന്നു.
- അവസാനം പുരോഹിതരെയും (വാ 13-20) മാനസാന്തരത്തിലേക്കു വിളിക്കുന്നു.

വിലാപത്തോടും, കരച്ചിലോടും, ഉപവാസത്തോടും കൂടി പൂർണ്ണ ഹൃദയത്തോടെയുള്ള ഒരു മാനസാന്തരത്തിനായാണ് യോവേൽ വിളിക്കുന്നത്. തങ്ങളുടെ വസ്ത്രങ്ങൾ കീറാതെ ഹൃദയം കീറിക്കൊണ്ടുള്ളതാണ് അത് (2:12-13). ഹൃദയത്തിൽ നോക്കാതെ തങ്ങളുടെ പുറമേയുള്ള മതാനുഷ്ഠാനങ്ങളിൽ ആശ്രയം വയ്ക്കാനാണ് എന്നും ആളുകളുടെ പ്രലോഭനം (ചായ്‌വ്). നമ്മുടെ ഹൃദയം ദൈവത്തിലേക്കു ചാഞ്ഞാണോ ഇരിക്കുന്നത്? നമ്മുടെ ഹൃദയം തകർന്നും നുറുങ്ങിയും ഇരിക്കുന്നുണ്ടോ? അതോ നാം വസ്ത്രങ്ങൾ കീറിക്കൊണ്ടിരിക്കുകയാണോ? പ്രധാനപ്പെട്ട കാര്യം ഏതാണ്? അനുഷ്ഠാനങ്ങളോ അതോ മനോഭാവമോ? ഏതിലാണ് നമ്മുടെ ശ്രദ്ധ കേന്ദ്രീകരിച്ചിരിക്കുന്നത്.

### ശിക്ഷണത്തിന്റെ പിന്നാലെ വരുന്ന അനുഗ്രഹങ്ങൾ (യോവേൽ 2:12-3:21)

- പകർച്ചവ്യാധിയിൽ നിന്നുള്ള വേഗമേറിയ വിമോചനം (2:13-27)
- ആത്മാവിന്റെ ആവാസം (2:28-32) (ആത്മാവിന്റെ വരവ് പിന്നീട് മാനസാന്തരപ്പെട്ട് പാപമോചനത്തിനായി സ്നാനം സ്വീകരിക്കുന്ന ഏവരിലും നിവസിക്കാനായി പരിശുദ്ധാത്മാവിനെ നൽകുന്നതിനെ സാധ്യമാക്കി (അപ്പോ. 2:38-39)
- യൂദായുടെയും, ജറുസലേമിന്റെയും വീണ്ടു ചേർക്കപ്പെട്ട സമ്പത്ത് (3:1-16)
- ഏറ്റവും മഹത്തായ അനുഗ്രഹമാണ് മിശിഹായുടെ ആഗമനം (3:17-21)

ദൈവത്തിന്റെ ശിക്ഷണ പ്രക്രിയയുടെ അവസാന ഭാഗം അനുഗ്രഹങ്ങളാണ്. എളിമയുള്ളവരിൽ ദൈവം കൃപ ചൊരിയുന്നു. അഹങ്കാരികളുടെ മേൽ കോപവും. നാം എല്ലാവരും ആഗ്രഹിക്കുന്നത് വീണ്ടുമുള്ള കൂട്ടിച്ചേർക്കലാണ്. അതു മാനസാന്തരത്തിലൂടെ മാത്രമാണ് വരുന്നത്. നാം ദൈവത്തിലേക്കു തിരിയുമ്പോൾ അവൻ അളന്നു തിട്ടപ്പെടുത്താവുന്നതിനേക്കാൾ കൂടുതൽ അനുഗ്രഹം ചൊരിയുന്നു.

പ്രായോഗികം: സങ്കീ. 51 ലൂടെ പ്രാർത്ഥിക്കുക

ഏശയ്യ 66:2 വായിക്കുക...



## ആമോസിന്റെ പുസ്തകം (ആമോസ് 1-2) ദിവസം 9

**ആമുഖം**

- "ഭാരം പേറുന്നവർ" എന്നർത്ഥമുള്ള ആമോസ് തെക്കൻ രാഷ്ട്രത്തിൽ നിന്നുമായിരുന്നു, തെക്കോവ പട്ടണത്തിൽ നിന്ന്
- പ്രവാചക ദൗത്യത്തിനുമുമ്പ് അദ്ദേഹം ആട്ടിടയനും, കാട്ടത്തിപ്പഴം പെറുക്കുന്നവനുമായിരുന്നു (7:14)
- ജെറോബോം രണ്ടാമന്റെ കാലഘട്ടത്തിലായിരുന്നു അദ്ദേഹം പ്രവചിച്ചത്.
- ഭൗതീകതയാണ് ഈ പുസ്തകത്തിലെ പ്രധാന പരാമർശം.
- ഇസ്രായേൽ ജനത വാഗ്ദത്ത ഭൂമിയിൽ വരുന്നതിനു മുമ്പു തന്നെ ദൈവത്തിന്റെ ഹൃദയ വേദന ഭൗതീകതയായിരുന്നു (ആവർത്തനം 6:10-12, 8:6-14) ഭൗതീകമായ കാര്യങ്ങളെല്ലാം നന്നായി പോകുമ്പോൾ ആത്മീയതയിൽ ശ്രദ്ധയൂന്നുകാ എന്നത് വലിയ വെല്ലുവിളിയാണ്.

## ഇസ്രായേലിന്റെ അയൽക്കാരുടെ മേലുള്ള ന്യായവിധി (ആമോസ് 1:1-2:5)

| | |
|---|---|
| ദമാസ്കസ് | - ഗിലയാദ് നിവാസികളോട് (ഗാദ്, റൂബേൻ ഗോത്രങ്ങൾ) അവർ കാണിച്ച ക്രൂരതയായിരുന്ന ദമാസ്കസിന്റെ പാപം. ദൈവത്തിന്റെ വിധി നാശവും, കീഴടക്കലുമായിരുന്നു. |
| ഗസ്സാ (ഫിലിസ്ത്യാ) | - അടിമക്കച്ചവടമായിരുന്ന അവരുടെ പാപം, അവർക്കുള്ള വിധയാകട്ടെ പൂർണ്ണ നാശമായിരുന്നു. |
| ടൈർ | - അവരുടെ പാപവും അടിമ വ്യാപാരമായിരുന്നു. |
| ഏദോം | - തങ്ങളുടെ ബന്ധുക്കളുടെ നേരെ വച്ചുപുലർത്തിയ വിദ്വേഷം ആയിരുന്നു അവരുടെ പാപം. |
| അമ്മോൻ | - ഗർഭിണികളെ കീറിമുറിച്ചതാണ് അവരുടെ പാപം. |
| മോവാബ് | - ഏദോം രാജാവിന്റെ അസ്ഥികൾ ദഹിപ്പിച്ചതായിരുന്നു അവരുടെ പാപം. |

ഇവിടെ മനസ്സിലാക്കാൻ പറ്റുന്ന ഒരു കാര്യമെന്തെന്നാൽ, ദൈവദൃഷ്ടിയിൽ നിന്ന് ഒന്നിനും മറഞ്ഞിരിക്കാനോ, ന്യായാവിധിയിൽ നിന്ന് ഒന്നിനും രക്ഷപെടാനോ സാദ്ധ്യമല്ല എന്നതാണ്. എല്ലാ ദുഷ്ടതകളും ദൈവം കൈകാര്യം ചെയ്യും എന്നുള്ള വസ്തുതയാണ് ആശ്വാസം നൽകുന്നത്.

### യൂദായുടേയും, ഇസ്രായേലിന്റെയും മേലുള്ള ദൈവവിധി (ആമോസ് 2:6-16)

| | |
|---|---|
| യൂദാ | - ദൈവത്തെ അറിയാത്തെ രീതിയിലുള്ള വിഗ്രാരാധനയെ തുണയ്ക്കും വിധത്തിൽ ദൈവ നിയമങ്ങളെ ത്യജിച്ചതാണ് അവരുടെ പാപം. |
| ഇസ്രായേൽ | - അനേകം പാപങ്ങൾ: (1) സാമൂഹ്യ അനീതി, (2) അവിഹിത വേഴ്ച (വേശ്യാവൃത്തി), (3) വിഗ്രഹാരാധന (മറ്റു ദൈവങ്ങളെ ആരാധിക്കൽ), (4) ദൈവത്തിനെതിരായ മറുതലിപ്പ്. |

- നാശം വരുന്നതു കണ്ടിട്ടും ഓടി രക്ഷപെടാൻ കഴിവില്ലായ്മയാണ് അവരുടെ മേലുള്ള വിധി.
- ഈപ്രവചനങ്ങൾ ബിസി 722 ൽ അസ്സീരിയക്കാർ വന്ന് വടക്കൻ രാജ്യമായ ഇസ്രായേലിനെ അടിമപ്പെടുത്തി കൊണ്ടുപോയതിലൂടെ (2 രാജാ 17:5-23) നിറവേറി.

ദൈവം തന്റെ ജനവുമായുള്ള ഉടമ്പടിയിൽ മാത്രമല്ല, ചുറ്റുപാടുമുള്ള രാഷ്ട്രങ്ങളുടെ കാര്യത്തിലും ശ്രദ്ധാലുവാണ്. ദൈവമാണ് നീതിമാനായ ഏക വിധികർത്താവ്. മനുഷ്യരെ അവരുടെ പ്രവൃത്തികൾക്കനുസൃതമായി അവർ കണക്കിടുന്നു. ശരിയായതു പ്രവർത്തിക്കാനായി ദൈവവചനത്താൽ ഉത്സാഹിപ്പിക്കപ്പെടാൻ നാം തയ്യാറാണോ?

പ്രായോഗികം: ഇന്നത്തെ ജീവിതത്തിൽ നിങ്ങളെ കുറിച്ചുള്ള ദൈവത്തിന്റെ ഏറ്റവും വലിയ ആകുലത എന്തിനെക്കുറിച്ചായിരിക്കും?

സഭാപ്രസംഗി 12:13 വായിക്കുക..

## ആമോസിന്റെ പുസ്തകം (ആമോസ് 3,4) ദിവസം 10

### യിസ്രായേലിന്റെ നാശം (ആമോസ് 3:1-15)

അടുത്ത അദ്ധ്യായങ്ങളിലുള്ള 'സന്ദേശ'ങ്ങളിലേക്ക് നമ്മുടെ ശ്രദ്ധ തിരിക്കാം. യഹോവ യിസ്രായേലിന് എതിരെ അരുളിച്ചെയ്തിരിക്കുന്നു (3:1-2)

- അവരുമായിട്ടാണ് അവിടുത്തേക്ക് പ്രത്യേക ബന്ധം ഉണ്ടായിരുന്നത്.
- അവരുടെ പാപങ്ങൾ മൂലം അവരെ അവിടുന്ന് ഇപ്പോൾ ശിക്ഷിക്കും.
- തന്റെ ദാസന്മാരായ പ്രവാചകന്മാർക്ക് താൻ ചെയ്‌വാനിരിക്കുന്നത് വെളിപ്പെടുത്താതെ യഹോവ ഒന്നും ചെയ്യുകയില്ലാ (3:7-8)
- ഗർജ്ജിച്ചിരിക്കുന്ന സിംഹംപോലെ യഹോവ അരുളിചെയ്തിരിക്കുന്നു. അതുകൊണ്ട് ആമോസിന് പ്രവചിച്ചേ പറ്റൂ.
- യിസ്രായേലിന്റെ അകൃത്യം ദർശിക്കുവാൻ അസ്തോദിനേയും മിസ്രയിമിനേയും സാക്ഷികളാക്കി വിളിച്ചിരിക്കുന്നു. (3:9-10)
- യിസ്രായേൽ ഒരു ശത്രുവിനാൽ കൊള്ളയടിക്കപ്പെടും (3:11-15)

### യിസ്രായേലിലെ സ്ത്രീകളുടെ ധാർമ്മിക അധഃപതനം (ആമോസ് 4:1-3)

യിസ്രായേലിലെ സ്ത്രീകളെ 'ബാശാനിലെ പശുക്കൾ' എന്നാണ് വിളിക്കുന്നത്. അവരെ ഒരു തരത്തിലും തൃപ്തിപ്പെടുത്താനാവില്ലാ.

- അവർ എളിയവരേയും ദരിദ്രരേയും പീഢിപ്പിച്ചിരുന്നു (വാ 1)
- വീഞ്ഞിനു വേണ്ടി മുറവിളി കൂട്ടിക്കൊണ്ടിരുന്നു (വാ 2).

ബേഥേലിലേയും ഗിൽഗാലിലേയും യഥാർത്ഥമല്ലാത്ത അവരുടെ ദൈവങ്ങളെ ആരാധിക്കുവാൻ യഹോവ ഹാസ്യ രൂപേണ അവരോട് അരുളിച്ചെയ്യുന്നു (വാ 4:4-5). അവർ ദൈവത്തിൽ നിന്നും എത്രമാത്രം അകന്നുപോയി എന്നാണ് ഇതെല്ലാം കാണിക്കുന്നത്. അവർക്കു മാനസാന്തരപ്പെടുവാൻ വേണ്ടിയുണ്ടാക്കിയ ദൈവത്തിന്റെ പദ്ധതികളോടു പ്രതികരിക്കുന്നതിൽ അവർ പരാജയപ്പെട്ടു.

- ദാരിദ്രം (വാ 6)
- വരൾച്ച (വാ 7-8)
- നാശനഷ്ടങ്ങൾ (വാ 9)
- ബാധയും യുദ്ധവും (വാ 10)
- ഭൂകമ്പങ്ങൾ (വാ 11)

ദൈവം, പ്രകൃതി ദുരന്തങ്ങൾ അവരുടെ ശ്രദ്ധക്ഷണിക്കുവാൻ വേണ്ടി ഉപയോഗിച്ചു. ദൈവത്തിന്റെ ചെയ്തികളെ എന്തുകൊണ്ട് അവർ ശ്രദ്ധിച്ചില്ലാ? ഇതു വെറും യാദൃശ്ചികം മാത്രം എന്ന് ചിലപ്പോൾ അവർ ചിന്തിച്ചിരിക്കാം. ഓരോ ദുരന്തങ്ങളിൽ കൂടിയും ദൈവം നമ്മെ ചില കാര്യങ്ങൾ പഠിപ്പിക്കുവാൻ ശ്രമിക്കുന്നു. എന്ന സാദ്ധ്യതയെക്കുറിച്ച് നാം ചിന്തിക്കാറുണ്ടോ?

പല മുന്നറിയിപ്പുകളെയും അവഗണിച്ചു കഴിയുമ്പോൾ അവർ അവരുടെ ദൈവത്തെ കാണുവാൻ തയ്യാറായേ മതിയാവൂ. അവിടുന്ന് അവരുടെമേൽ വിധി നടത്തും.

പ്രായോഗം:മുകളിൽ പറഞ്ഞ ഏതെങ്കിലും ദുരന്തത്തിൽ ആണ് നിങ്ങൾ എന്ന് സങ്കൽപ്പിച്ചാൽ, നിങ്ങൾക്ക് എങ്ങനെ അനുഭവപ്പെടും?

1 പത്രോസ് 5:6-7



## ആമോസിന്റെ പുസ്തകം (ആമോസ് 5, 6) ദിവസം 11

### യിസ്രായേലിനെക്കുറിച്ചുള്ള ഒരു വിലാപം (ആമോസ് 5:1-17)

വരുവാനിരിക്കുന്ന വീഴ്ചയെ ഓർത്ത് വിലപിക്കുവാൻ യിസ്രായേൽ വിളിക്കപ്പെടുകയാണ് (വാ 1-2). ഒരു ശേഷിപ്പു മാത്രം അവശേഷിക്കും (വാ 3). എന്നാൽ യഹോവ അവരോടു മാനസാന്തരപ്പെടുവാൻ ആഹ്വാനം ചെയ്യുന്നു. എന്തെന്നാൽ ഇനിയും പ്രത്യാശയ്ക്കു വഴിയുണ്ട്.

- യഹോവയെ അന്വേഷിച്ചുകൊണ്ട് ജീവിച്ചിരിക്കുന്നവരാകുവിൻ (വാ 4-7)
- സർവ്വശക്തനായവനെ അന്വേഷിപ്പിൻ (വാ 8-9)
- നിങ്ങളുടെ എല്ലാ പാപങ്ങളേയും അവിടുന്ന് അറിയുന്നു. (വാ 10-13)
- നല്ലതായത് അന്വേഷിക്കുക. യഹോവയായ കർത്താവ് കരുണ കാണിച്ചേക്കും (വാ 11-15)

നാം ഇന്ന് ദൈവത്തെ അന്വേഷിക്കുന്നുണ്ടോ? നാം ദൈവത്തെ അന്വേഷിക്കുന്നു എന്ന് നമ്മുടെ ജീവിതം കാണിക്കുന്നുണ്ടോ? ദൈവത്തെ അന്വേഷിച്ചുകൊണ്ട് നാം തുടർന്നു ജീവിക്കുക. ദൈവത്തെ അന്വേഷിക്കുക എന്നുവെച്ചാൽ മോശമായതല്ല, നല്ലതായത് അന്വേഷിക്കുക എന്നും കൂടെയാണ് അർത്ഥം.

### യഹോവയുടെ ദിവസം (ആമോസ് 5:18-6:14)

യഹോവയുടെ ദിവസം വരുന്നു. തെരുവുകളിലും കൃഷിയിടങ്ങളിലും കരച്ചിൽ ഉണ്ടാകും.

- പാപികളായ മനുഷ്യർ ആഗ്രഹിക്കുന്ന ഒന്നല്ല യഹോവയുടെ ദിവസം. എന്തെന്നാൽ ആ ദിവസം അവർക്ക് ഇരുൾതന്നെയായിരിക്കും. (വാ 18-20)
- നീതിയും ന്യായവും ഉണ്ടായിരിക്കേണ്ടതിനു പകരം മതത്തിന്റേതായ ചില യാഗങ്ങളും മറ്റു ചടങ്ങുകളും യഹോവ വെറുക്കുന്നു. (വാ 21-24).
- മരുഭൂമിയിൽ വെച്ചുപോലും അവർ യഹോവയെ യഥാർത്ഥമായി സേവിച്ചില്ല (വാ 25-26)
- അതുകൊണ്ട് അവരെ ദമാസ്കസിനു അപ്പുറത്തേക്ക് പ്രവാസികളായി അയക്കും (വാ 25).
- ശമര്യ തങ്ങളെ കാത്തുകൊള്ളും എന്നു വിചാരിച്ച് അവരിൽ വിശ്വാസമർപ്പിച്ചുകൊണ്ട് നിർവ്വിചാരികളായിരിക്കുന്നവർക്ക് ഹാ, കഷ്ടം (വാ 6:1-2)
- യഹോവയുടെ ദിവസം അതിവിദൂരത്തിലാണ് എന്ന് പറയുന്നവർക്ക് ഹാ, കഷ്ടം. അവരുടെ സഹോദരർ കഷ്ടപ്പാടുകളിൽ കൂടി കടന്നുപോകുമ്പോൾ അവർ സുഖലോലുപതയിൽ മുഴുകുന്നു (വാ 3-6).
- അവർ ആദ്യം പ്രവാസത്തിലേക്ക് പോകേണ്ടി വരും (വാ 7)
- അവരുടെ അഹങ്കാരത്തെ ദൈവം വെറുക്കുന്നതുകൊണ്ട് അവർക്ക് നാശം വരുന്നു (വാ 8).
- പുരുഷന്മാർ തീരെ ഇല്ലാതാകുകയും വീടുകൾ തകർക്കപ്പെടുകയും ചെയ്യുന്നതരത്തിലുള്ള നാശം (വാ 9-11).
- അവർ സ്വന്തശക്തിയിൽ നിഗളിച്ചുകൊണ്ട് ന്യായവും നീതിയും മറിച്ചുകളഞ്ഞു (വാ 12-13).

നമ്മുടെ ജീവിതത്തിലും യഹോവയുടെ ദിവസം വരുന്നുണ്ട്. അത് ന്യായവിധി ദിവസമാണ്. ദൈവമുമ്പാകെ നമ്മുടെ ജീവിതത്തിന്റെ കണക്കുകൾ കൊടുക്കേണ്ട ദിവസമാണ് അത്. ആ ദിവസത്തെ നാം എങ്ങനെ നേരിടും? നമ്മുക്ക് പറയുവാൻ എന്തു ന്യായീകരണമാണുള്ളത്? മാനസാന്തരത്തിനുള്ള ആഹ്വാനം നമുക്കുംകൂടി വേണ്ടിയാണ്! വിശ്വാസത്തിലും അനുസരണയിലും കൂടി ദൈവത്തെ അന്വേഷിക്കുക. നിങ്ങൾ ജീവിച്ചിരിക്കേണ്ടതിനു യഹോവയെ അന്വേഷിപ്പിൻ .

പ്രായോഗം: ഈ ആഴ്ചയിൽ നമ്മുടെ പ്രാർത്ഥനാ ജീവിതത്തിന് ഒരു മാറ്റം വരുത്തുവാൻ തീരുമാനിക്കുക. (മുട്ടുകുത്തി നിന്നുകൊണ്ട്, അതിരാവിലെ, പുറത്തിറങ്ങി നടന്നുകൊണ്ട്, ഒരു പ്രത്യേക സ്ഥലത്ത്, .....)

ലൂക്കോസ് 13:24 വായിക്കുക..

## ആമോസിന്റെ പുസ്തകം (ആമോസ് 7,8,9 ) ദിവസം 12

### വെട്ടുകിളികളെക്കുറിച്ചുള്ള ദർശനം (ആമോസ് 7:1-3)

അഞ്ചു ദർശനങ്ങളുടെ ഒരു പരമ്പര തന്നെയാണ് ആമോസിനു ലഭിക്കുന്നത്. വെട്ടുകിളികളെക്കുറിച്ചുള്ള ദർശനത്തിൽ ഒരു വെട്ടുകിളിക്കൂട്ടം വിളവു മുഴുവൻ തിന്നു നശിപ്പിക്കുന്നതായി യഹോവയായ കർത്താവ് ആമോസിനെ കാണിച്ചു. യാക്കോബിനു (യിസ്രായേൽ) വേണ്ടി ആമോസ് നിലവിളിച്ചു. യഹോവ അതു കേട്ടു, വിധി മാറ്റി ഇതു സംഭവിക്കുകയില്ല എന്നു കൽപ്പിച്ചു.

### അഗ്നിയെക്കുറിച്ചുള്ള ദർശനം (ആമോസ് 7:4-6)

വലിയ ആഴിയെ വറ്റിച്ചു കളഞ്ഞിട്ട് ദേശത്തെ മുഴുവൻ വിഴുങ്ങിക്കളയുന്ന ഒരു അഗ്നിയെ യഹോവ ആമോസിനു കാണിച്ചുകൊടുക്കുന്നു. വീണ്ടും ആമോസ് യാക്കോബിനുവേണ്ടി നിലവിളിച്ചു. യഹോവ വീണ്ടും ആ നിലവിളി കേട്ടു. "ഇതു സംഭവിക്കുകയില്ല" എന്ന് അരുൾചെയ്തു.

### തൂക്കു കട്ടയെക്കുറിച്ചുള്ള ദർശനം (ആമോസ് 7:7-9)

കെട്ടിപ്പൊക്കിയ ഒരു ഭിത്തിക്കു സമീപം ഒരു തുക്കുകട്ട കയ്യിൽ പിടിച്ചുകൊണ്ട് യഹോവ നിൽക്കുകയായിരുന്നു. യിസ്രായേലിന്മേൽ താൻ ഒരു തൂക്കുകട്ട പിടിക്കുകയാണെന്നും പൂജാഗിരികളും യെരോബെയാമിന്റെ ഗൃഹവും നശിപ്പിക്കപ്പെടുമെന്നും യഹോവ അരുൾച്ചെയ്തു.

- ബിബാംരാധകരുടെ കേന്ദ്രമായ ബേഥേലിലെ പുരോഹിതനായ അമസ്യാവ്, യിസ്രായേലിലെ രാജാവായ യെറോബയാമിന് എതിരായി ആമോസ് ഗൂഢാലോചന നടത്തുന്നു എന്നു കുറ്റപ്പെടുത്തി (വാ 10-11)
- അമസ്യാവ് ആമോസിനോട് ബ്വേഥേൽ വിട്ട് സ്വന്തദേശമായ യഹൂദയിലേക്ക് മടങ്ങിപ്പെയ്ക്കൊള്ളുക എന്നു പറയുന്നു (വാ 12-13)
- എന്നാൽ ആമോസ് തന്റെ പ്രവാചക ദൗത്യത്തെ ന്യായീകരിക്കുന്നു (വാ 14-15)
- അതിനുശേഷം ആമോസ് അമസ്യാവിനും യിസ്രായേലിനും എതിരായി പ്രവചിക്കുന്നു (വാ 16-17)

### പാകമായ പഴത്തെക്കുറിച്ചുള്ള ദർശനം (ആമോസ് 8:1-14)

ആമോസിനെ ഒരു കുട്ടനിറയെ പാകമായ പഴം കാണിക്കുന്നു. യിസ്രായേലിന്റെ അവസാനം അടുത്തിരിക്കുന്നു എന്നും ന്യായവിധിക്ക് പാകമായിരിക്കുന്നു എന്നും യഹോവ വെളിപ്പെടുത്തുന്നു.

### യാഗപീഠത്തിനു സമീപം നിൽക്കുന്ന യഹോവയെക്കുറിച്ചുള്ള ദർശനം (ആമോസ് 9:1-15)

യാഗപീഠം നശിപ്പിക്കപ്പെടും. ആരും രക്ഷപ്പെടുകയില്ല (വാ 1-4)
രാജ്യം പുർണ്ണമായും നശിപ്പിക്കപ്പെടും, ശേഷിപ്പിന്റെ പുനഃസ്ഥാപനത്തെക്കുറിച്ച് മുൻകൂട്ടി പ്രവചിക്കുന്നു. (വാ 11-12)
ന്യായവിധി ദൈവത്തിന്റെ അവസാന വാക്കല്ല. ന്യായവിധിക്കുശേഷം പ്രത്യാശയുണ്ട് (ശേഷിപ്പ്). യിസ്രായേലിനെ ഉപയോഗിച്ച് ദൈവം പഠിപ്പിക്കുന്ന ഒരു പാഠം, അനുസരണമുണ്ടെങ്കിൽ അതേ തുടർന്ന് അനുഗ്രഹങ്ങൾ ഉണ്ടാകുമെന്നും, അനുസരണക്കേടാണെങ്കിൽ അതിന് ന്യായവിധി ഉണ്ടാകുമെന്നും ആണ്. ഇത് ഇസ്രായേലിന് മാത്രമല്ല വ്യക്തികൾക്കും സഭയ്ക്കും കൂടി ബാധകമാണ്. ക്രിസ്ത്യാനികളും തങ്ങളുടെ ദുഷ്ടമാർഗ്ഗങ്ങളെ വിട്ട് തിരിഞ്ഞ് സ്വയം താഴ്ത്തി, പ്രാർത്ഥിച്ചുകൊണ്ട് ദൈവത്തെ അന്വേഷിക്കുമോ? അങ്ങനെയെങ്കിൽ ദൈവം അവരെ അനുഗ്രഹിക്കും. അങ്ങനെയല്ലെങ്കിൽ അവർ വിധിക്കപ്പെടും. പരിശുദ്ധനായ ദൈവം തന്നെ അനുഗമിക്കുന്നവരിൽ നിന്ന് വിശുദ്ധി ആവശ്യപ്പെടുന്നു.
അവസാനമായി, കൃപയുടെ പാഠവും ഉണ്ട്. തന്റെ ജനങ്ങളുമായിട്ടുള്ള തന്റെ ഇടപാടുകളിൽ ദൈവം കൃപാലുവാണ്. യിസ്രായേലിനോട് അവിടുന്നു കൃപയുള്ളവനായിരുന്നു. അവിടുന്ന് സഭയോടും കൃപാലുവാണ്. ചോദ്യമിതാണ്, നാം ദൈവത്തിന്റെ കൃപയോട് പ്രതികരിക്കുമോ, അതോ അവിടെനിന്നും തിരിഞ്ഞ് മാറിപ്പോകുമോ?
പ്രായോഗികം: ദൈവത്തിന്റെ രാജ്യത്തിലെ ഒരു ശിഷ്യൻ എന്ന നിലയ്ക്ക് നിങ്ങളുടെ ദർശനം (സ്വപ്നം) എന്താണ്?

2 ദിനവൃത്താന്തം 16:9 വായിക്കുക..



## ഒബദ്യാവിന്റെ പുസ്തകം (ഒബദ്യാവ് 1) ദിവസം 13

ആമുഖം

- ഒബദ്യാവ് എന്ന പേരിന്റെ അർത്ഥം യഹോവയുടെ ദാസൻ എന്നാണ്.
- 21 വാക്യങ്ങളടങ്ങിയ ഈ ചെറിയ പുസ്തകത്തിൽ കാണുന്നതൊഴിച്ച് മറ്റൊന്നും തന്നെ ഈ പ്രവാചകനെക്കുറിച്ച് അറിയില്ല. (എബ്രായ വേദപുസ്തകത്തിലെ ഏറ്റവും ചെറിയ പുസ്തകമാണ് ഇത്.)
- എശാവിന്റെ പിൻഗാമികളായ ഏദോമ്യരെക്കുറിച്ചുള്ള യഹോവയുടെ അരുളപ്പാടാണ് ഈ പുസ്തകം.
- യിസ്രായേല്യരുടെ നേരെ, ഏദോമ്യർക്കുള്ള വെറുപ്പും അസൂയയും ആരംഭിക്കുന്നത് ഏശാവ് യാക്കോബിന് തന്റെ ജന്മാവകാശം വിൽക്കുകയും പിന്നീട് കബളിപ്പിക്കപ്പെടുകയും ചെയ്തതു മുതലാണ് (ഉൽപ്പത്തി 25-27)
- യിസ്രായേല്യർ മിസ്രായീമിൽ നിന്നും പുറപ്പെട്ടപ്പോൾ (പുറപ്പാട്) ആ രണ്ടു രാജ്യങ്ങൾ തമ്മിലുള്ള ശത്രുത ആരംഭിച്ചു. (സംഖ്യാ 20)
- ഒബദ്യാവിന്റെ പ്രവചനമനുസരിച്ച് ഏദോം ദേശം എന്നെന്നേയ്ക്കുമായി നശിപ്പിക്കപ്പെടേണ്ടതായിരുന്നു (വാ 10) എ.ഡി. 100-ാമാണ്ടോടുകൂടി അവർ പൂർണ്ണമായും നശിപ്പിക്കപ്പെട്ടു.

### അഹങ്കാരം അധഃപതനത്തിന്റെ മുന്നോടി (ഒബദ്യ 1-14)

- അവരുടെ നാശം അസാദ്ധ്യമാണെന്നുള്ള ചിന്താഗതിയിലേക്ക് അവരുടെ അഹങ്കാരം അവരെ നയിച്ചു.
- അവരുടെ വാസസ്ഥലങ്ങളെക്കുറിച്ച് അവർ അഹങ്കരിച്ചു (വാ 3-4) പാറയുടെ പിളർപ്പുകൾ , ഉന്നതങ്ങളിലെ വീടുകൾ
- അവരുടെ വിദ്വാന്മാരിൽ അവർ അഹങ്കരിച്ചു (വാ 8)
- അവരുടെ വീരന്മാരിൽ അവർ അഹങ്കരിച്ചു (വാ 9)

അഹങ്കാരം എല്ലായ്പ്പോഴും നാശത്തിന്റെ വിത്തുകൾ വഹിക്കുന്നു. അത് നമ്മുടെ പോക്കറ്റുകളിൽ സാത്താൻ വെച്ചിരിക്കുന്ന ടൈം ബോംബുകളെ പോലെയാണ്. അതിന്റെ തിരിയുടെ നീളമാണ് പേടിപ്പെടുത്തുന്നത്! വളരെ പെട്ടെന്നു തന്നെയോ അതോ സാവധാനത്തിലോ അതുപൊട്ടാം. പക്ഷെ അതു തീർച്ചയായും സംഭവിക്കും; ന്യായവിധി ദിവസമോ അതിനു മുൻപായിട്ടോ!

നാം ഏതു രീതിയിലാണ് അഹങ്കാരികളാകുന്നത്? നാം മറ്റുള്ളവരെ നിസ്സാരന്മാരായി കാണുന്നുണ്ടോ? മറ്റുള്ളവരുടെ ദൗർഭാഗ്യങ്ങളിൽ നാം സന്തോഷിക്കുന്നുവോ?

**നാം വിതയ്ക്കുന്നതു തന്നെ നാം കൊയ്യും (ഒബദ്യാ 15-21)**

ഇത് സർവ്വത്രികമായ ഒരു പരമാർത്ഥമാണ്. എല്ലാകാലത്തും ഇത് ശരിയാണ്. നാം വിതയ്ക്കുന്നത് നാം കൊയ്യുന്നു. ഏദോമ്യാർ, അവർ വിതച്ചതു തന്നെ കൊയ്തു.

കഴിഞ്ഞ കാലങ്ങളിൽ നാം വിതെച്ചതുകൊണ്ട് ഇപ്പോൾ കൊയ്യുന്നതായ ചില കാര്യങ്ങൾ എന്തൊക്കെ? നാളെ നമുക്ക് എങ്ങനെ മറികടക്കാം? ഇന്ന് നീതി വിതയ്ക്കുന്നതു മൂലം ലോകം നിങ്ങളെ പ്രലോഭിപ്പിക്കുന്നത് ഇന്നു വാങ്ങുക, പിന്നീട് വില കൊടുക്കുക എന്ന രീതിയിലാണ് പക്ഷെ ദൈവത്തിന്റെ വഴി എല്ലായ്പ്പോഴും, 'ഇപ്പോൾ വില കൊടുക്കുക, നാളെ ഫലമനുഭവിക്കുക' എന്നുള്ളതാണ്.

പ്രായോഗികം: ഏതെല്ലാം രീതികളിലാണ് നിങ്ങൾ അഹങ്കാരികളാകുന്നത്.

യാക്കോബ് 4:6-8 വായിക്കുക...

## യോനായുടെ പുസ്തകം (യോന 1,2) ദിവസം 14

ആമുഖം

- യോന എന്നു പറഞ്ഞാൻ 'പ്രാവ്' എന്നാണർത്ഥം. അദ്ദേഹം ഇസ്രായേലിന്റെ വടക്കൻ രാജ്യത്തിലെ ഒരു പ്രവാചകനായിരുന്നെങ്കിലും അസ്സീറിയായുടെ തലസ്ഥാന നഗരമായ നിനവെക്ക് എതിരെ പ്രസംഗിക്കുവാനായിരുന്നു ദൈവീക നിയോഗം.
- അദ്ദേഹത്തിന്റെ സന്ദേശം വളരെ ലളിതമായിരുന്നു. ഇനി 40 ദിവസം കഴിയുമ്പോൾ നിനവേ നശിപ്പിക്കപ്പെടും (3:4).
- യേശു ഈ പ്രവാചകനെ മത്തായി 12:38-41, മത്തായി 16:4 എന്നീ ഭാഗങ്ങളിൽ ഉദ്ധരിക്കുന്നുണ്ട്.
- ഈ പുസ്തകം അതിന്റെ അത്ഭുതകരമായ സംഭവങ്ങളാൽ അതുല്യമാണ്. ഇതിൽ ഏറ്റവും ശ്രദ്ധാർഹമായത് യോനയെ ഒരു വലിയ മത്സ്യം വിഴുങ്ങുന്നതാണ്. ഈ അത്ഭുതകരമായ സംഭവങ്ങൾ ചില വേദശാസ്ത്രപണ്ഡിതരെ ഇവയ്ക്ക് വേറെയും ചില അർത്ഥങ്ങൾ ഉണ്ട് എന്ന് പറയുവാൻ പ്രേരിപ്പിച്ചു. എന്നാൽ ഈ സംഭവങ്ങൾ എല്ലാം അതിന്റെ വാച്യാർത്ഥത്തിൽ തന്നെ എടുക്കുവാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ്. യേശുവും അത് ചരിത്രപരമായിത്തന്നെയാണ് എടുത്തത്.

### ദൈവത്തിൽ നിന്നുള്ള പാലായനം (യോന 1:1-17)

- യഹോവ യോനായോട് പോയി പ്രസംഗിക്കുവാൻ കൽപ്പിക്കുന്നു (വാ 1-2)
- യോന അനുസരണക്കേട് കാണിച്ച് എതിർദിശയിലേക്ക് പാലായനം ചെയ്യുന്നു (വാ 3-4).
- ദൈവത്തിൽ നിന്നുള്ള പാലായനം അത്ര സുഖകരമായിരുന്നില്ല. അയാൾക്ക് ഒരു കൊടുങ്കാറ്റിനെ നേരിടേണ്ടി വരുന്നു.
- പ്രാവചകന്റെ ധൈര്യത്തേക്കാളുപരി അസ്സീറിയൻ ജനതയോടുള്ള വിദ്വേഷമായിരുന്നു തടസ്സമായിരുന്നത്.

എതെല്ലാം തരത്തിലാണ് നിങ്ങൾ ദൈവത്തിൽ നിന്നും പാലായനം ചെയ്യുന്നത്? നിങ്ങൾ നിങ്ങളുടെ ജീവിതത്തിൽ ഏതെങ്കിലും തരത്തിലുള്ള കൊടുങ്കാറ്റിനെ നേരിടുന്നുണ്ടോ? അത് നിങ്ങൾ ദൈവത്തിൽ നിന്നും ഓടിയൊളിക്കുന്നതുകൊണ്ടാണോ? അനുസരണക്കേടിന് വലിയ വില കൊടുക്കേണ്ടിവരും. ദൈവത്തിന് എതിരായി പ്രവർത്തിച്ചാൽ കൊടുക്കേണ്ടി വരുന്ന വില വലുതായിരിക്കും. ദൈവത്തിലേക്ക് ഓടി അടുക്കുന്നതാണ് ദൈവത്തിൽ നിന്നും ഓടി അകലുന്നതിനേക്കാൾ നല്ലത്.

### ദൈവത്തിലേക്ക് ഓടി അടുക്കുന്നത് (യോന 2:1-10)

- തന്റെ അനുസരണക്കേടിനെക്കുറിച്ച് പ്രവാചകൻ മനസ്സിലാക്കുന്നു. ഒരു വലിയ മത്സ്യത്താൽ (ഒരു തിമിംഗലമാകാം) വിഴുങ്ങപ്പെടുന്നത് ഒരു അത്ഭുതമാണ്.
- മത്സ്യത്തിന്റെ വയറ്റിൽ നിന്നും യോന ദൈവത്തോട് പ്രാർത്ഥിക്കുന്നു. നമുക്ക് എവിടെനിന്നു വേണമെങ്കിലും ദൈവത്തോട് പ്രാർത്ഥിക്കാം. ഈ അവസ്ഥയിൽ എത്തിയതിന് യോനാ തന്റെ പ്രാർത്ഥനയിൽ നാവികരെ കുറ്റം പറയുന്നില്ല. മറിച്ച് ഈ സംഭവങ്ങളുടെ എല്ലാം പിന്നിൽ ദൈവത്തിന്റെ കരങ്ങളാണെന്ന് മനസ്സിലാക്കുന്നു (വാ 3)
- യോന തന്നെത്താൻ താഴ്ത്തി മാനസാന്തരപ്പെടുന്നു.

നമ്മുടെ അനുസരണക്കേട് നാം മനസ്സിലാക്കുന്നുവോ? മോശമായ കാര്യങ്ങൾ സംഭവിക്കുമ്പോഴെല്ലാം നാം മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നുണ്ടോ? എല്ലാ കാര്യങ്ങളുടേയും പിന്നിൽ ദൈവമുണ്ടെന്നു നാം മനസ്സിലാക്കുന്നുണ്ടോ? നമ്മുടെ പ്രാർത്ഥനകളിൽ നാം സത്യസന്ധരാണോ?

പ്രായോഗം: ദൈവവചനത്തിൽ നിന്നും അനുസരിക്കാൻ ഉദ്ദേശിക്കപ്പെട്ടിട്ടുള്ള കാര്യങ്ങളിൽ നിങ്ങൾക്കു വെല്ലുവിളികളാകുന്ന ചില കാര്യങ്ങൾ ഏതൊക്കെയാണ്?

ലൂക്കോസ് 9:23-25 വായിക്കുക



## യോനായുടെ പുസ്തകം (യോനാ 3-4) ദിവസം-15

### ദൈവത്തിനു വേണ്ടി ഓടുന്നു (യോനാ 3:1-10)

- ദൈവം യോനായെ ഏല്പിച്ച അതേ സന്ദേശം തന്നെ യോനാ പ്രസംഗിക്കുന്നു.
- തന്റെ മനോഭാവം കാര്യമായി മാറിയില്ലെങ്കിലും യോനായുടെ പ്രവൃത്തി ദൈവം കല്പിച്ചതുപോലെ ആയിരുന്നു.
- നീനവേയിലെ ആളുകൾ യഥാർത്ഥ മാനസാന്തരത്തിലേയ്ക്ക് വന്നു. രാജാവു തുടങ്ങിയുള്ള സകല ആളുകളുടെയും മാനസാന്തരം വളരെ പ്രശംസാർഹമായിരുന്നു. നിനവെക്കാർ അവരുടെ ക്രൂരതയ്ക്കും ദുഷ്ടതയ്ക്കും കുപ്രസിദ്ധരായിരുന്നു. എന്നിട്ടും അവർ മാനസാന്തരപ്പെട്ടു.
- ദൈവം അവർക്കു വരുത്തുവാനിരുന്ന അനർത്ഥത്തിൽ നിന്നും പിന്തിരിഞ്ഞു. 100 വർഷത്തിലേറെ നിനവെയുടെ നാശം ദൈവം തടഞ്ഞുവെച്ചു. ബി.സി. 612-നോടുകൂടി നിനവേ നഗരം നിശ്ശേഷം നശിപ്പിക്കപ്പെട്ടു.

മാനസാന്തരത്തിനുള്ള അവസരം ഒരിക്കലും വൈകിയിട്ടില്ലാ! നാം മാനസാന്തരപ്പെടുമ്പോൾ ദൈവം നമ്മെ നശിപ്പിക്കുന്നതിൽ നിന്നും പിന്തിരിയും.

### ദൈവത്തിനു മുമ്പായി ഓടുന്നു. (യോന 4:1-11)

- ഇവിടെ യോനായുടെ യഥാർത്ഥ സ്വഭാവം നാം കാണുന്നു.
- മനുഷ്യൻ ദൈവത്തിൽ നിന്നും എത്ര വ്യത്യസ്തനാണെന്ന് നാം മനസ്സിലാക്കുന്നു.
- യോനാ കോപിഷ്ഠനായി. എന്നാൽ ദൈവം ക്ഷമയുള്ളവനായിരുന്നു.
- ദൈവം ഉണ്ടാക്കിയ ചെടിയെക്കുറിച്ച് യോനാ സന്തോഷിച്ചു. പാപികളുടെ മാനസാന്തരത്തിൽ ദൈവം സന്തോഷിക്കുന്നു.
- യോനാ ആ ചെടിയെക്കുറിച്ച് വിഷമിച്ചു. ദൈവത്തിനോ ആ നശിച്ചുപോകുന്ന നഗരത്തെക്കുറിച്ചായിരുന്നു വിഷമം.

വ്യക്തിപരമായി നമ്മെ ബാധിക്കുന്ന കാര്യങ്ങൾ നമ്മെ വികാരഭരിതനാക്കും. എന്നാൽ നമ്മെ വ്യക്തിപരമായി ബാധിക്കുന്നില്ല എന്നു തോന്നുന്ന വലിയ ആത്മീയ സത്യങ്ങളേക്കുറിച്ച് നാം ഗൗനിക്കാറേയില്ല. ഇന്ന് നാം എന്തിനാണ് പ്രാധാന്യം കൊടുക്കുന്നത്? ദൈവം ഇതിന് പ്രാധാന്യം കൊടുക്കുന്നുണ്ടോ? ദൈവം ആഗ്രഹിക്കുന്നത് എല്ലാവരും മാനസാന്തരത്തിലേയ്ക്ക് വരണമെന്നാണ്. (2 പത്രോ. 3:9)

ഈ പുസ്തകം അവസാനിക്കുന്നത് ഒരു ചോദ്യത്തോടു കൂടിയാണ്- ഉത്തരം എഴുതിയിട്ടില്ലാത്ത ഒരു ചോദ്യം. ഇത് ഒരുപിശകല്ല. പലപാഠങ്ങൾ ഈ പുസകത്തിൽ നിന്നും പഠിക്കുവാനുണ്ട്. എന്നാൽ ഏറ്റവും വലിയ പാഠം ദൈവത്തിന്റെ കരുണയുടെ വലുപ്പം ആണ്. ദൈവത്തിന്റെ കരുണ എത്രമാത്രം വിശാലമാണ്? ആ വിശാലതയുടെ യഥാർത്ഥ അളവു നാം കാണുന്നത്, നമ്മുടെ രക്ഷക്കുവേണ്ടി ഇരുകൈകളും വിരിച്ച് ക്രൂശിൽ തൂങ്ങി മരിച്ച യേശുവിലാണ്. അതാണ് ദൈവത്തിന്റെ കരുണയുടെ വലുപ്പം. അതാണ് ദൈവസ്നേഹത്തിന്റെ ആഴം.

പ്രായോഗം: ഈ മാസം തീരുന്നതിന് മുമ്പായി നിങ്ങൾ വിശ്വാസം പങ്കുവയ്ക്കുകയും സന്ദർശിക്കുകയും ചെയ്യുവാൻ ഉദ്ദേശിക്കുന്ന അഞ്ചു പേരുടെ ഒരു പട്ടിക തയ്യാറാക്കുക.

1. 2. 3.

4. 5.

റോമർ 10:14-15 വായിക്കുക...

# മീഖായുടെ പുസ്തകം (മീഖാ 1-2) ദിവസം-16

**ആമുഖം**

- മീഖാ എന്നാൽ 'യഹോവയെപ്പോലെ ആരുള്ളു' എന്നാണ് അർത്ഥം
- മോരസ്ത്യനായ മീഖാ, ഗ്രാമപ്രദേശത്തു നിന്നും യെരുശലേമിലേക്കു വന്നത് ആ ദേശത്തിനെ തിരെ പ്രസംഗിക്കുവാനാണ്.
- മീഖാ യേശുവിനെക്കുറിച്ചുള്ള ചില പ്രവചനങ്ങളും എഴുതിയിട്ടുണ്ട്.
- അദ്ദേഹം, ഹൂദരാജാക്കന്മാരായ യോഥാം, ആഹാസ്, യെഹിസ്കിയാവ് എന്നിവരുടെ ഭരണകാലത്താണ് പ്രവചിച്ചത്.

## ശമര്യായ്ക്കും യെരുശലേമിനും എതിരെയുള്ള വിധി (മീഖാ 1:1-16)

- വിഗ്രഹാരാധാന (1:3-7, 6:16)
- ധനികർ പാവങ്ങളെ ചൂഷണം ചെയ്യുന്നത് (2:1-2, 8-9)
- ദൈവം തന്റെ വിശുദ്ധ മന്ദിരത്തിൽ നിന്നും പുറപ്പെട്ട് സ്വയം യുദ്ധം ചെയ്യുന്നതെങ്ങനെയെന്ന് നമുക്ക് കാണാം (1:3)
- യഹൂദയ്ക്കു വരുന്ന ന്യായവിധിയും പ്രതിസന്ധിയും മീഖാ കാണുന്നു. അവർ പ്രവാസത്തിലേയ്ക്ക് പോകുന്നതു മനസ്സിലാക്കിയിട്ട് അദ്ദേഹം അവരെ വിലപിക്കുവാൻ പ്രേരിപ്പിക്കുന്നു. (1:16)

## മനുഷ്യന്റെയും ദൈവത്തിന്റെയും വഴികൾ (മീഖാ 2:1-5)

മനുഷ്യർ അവരുടെ തിന്മയ്ക്കുള്ള പദ്ധതികളിൽ മുഴുകിയിരുന്നു. അവരുടെ പദ്ധതികൾ എത്രമാത്രം തിന്മനിറഞ്ഞതാണെന്ന് മനസ്സിലാക്കുവാൻ കഴിയാത്തവിധം അവരുടെ ഹൃദയം കഠിനമായിരിക്കണം. എന്നാൽ ദൈവത്തിനും ചില പദ്ധതികൾ ഉണ്ടെന്നുള്ള കാര്യം അവർ മറന്നു. ദൈവം അവർക്കെതിരെ ഒരു അത്യാഹിതം ഒരുക്കുകയായിരുന്നു (2:3)

## കള്ളപ്രവാചകന്മാർ (മീഖാ 2:6-13)

കള്ളപ്രവാചകന്മാർ ഭയങ്കരന്മാരായിരുന്നു എന്നു നമുക്കു കാണാം.

- അവരുടെ പാപങ്ങൾക്ക് ദൈവത്തിൽ നിന്നുള്ള ഒരു ശിക്ഷണത്തെക്കുറിച്ച് കേൾക്കുവാൻ അവർ ആഗ്രഹിച്ചില്ല.
- അവർ തിന്മയെ സ്നേഹിക്കുകയും നന്മയെ വെറുക്കുകയും ചെയ്തു. പ്രവാചകർ മദ്യത്തെയും വീഞ്ഞിനെയും കുറിച്ച് പ്രവചിക്കുന്നതുകേൾക്കുവാൻ ജനങ്ങൾ താല്പര്യപ്പെട്ടു. (2:1)

നമ്മുടെ ജീവിതത്തിൽ ദൈവവചനം നാം ഗൗരവമായി എടുക്കുന്നുണ്ടോ? എല്ലാ തരത്തിലുമുള്ള വ്യാജമായ അത്ഭുതങ്ങളിലും അടയാളങ്ങളിലും അതിശയങ്ങളിലും, നശിച്ചുപോകുന്നവരെ ചതിക്കുഴിയിൽ വീഴ്ത്തുന്ന എല്ലാ വിധ തിന്മകളിലും കൂടി സാത്താന്റെ പ്രവർത്തി പ്രകടമാകുമെന്ന് തിരുവെഴുത്ത് നമുക്ക് മുന്നറിയിപ്പ് നൽകുന്നു. സത്യത്തെ സ്നേഹിച്ച് രക്ഷിക്കപ്പെടുവാൻ വിസമ്മച്ചതിനാൽ അവർ നശിച്ചു പോകുന്നു.

**പ്രായോഗികം:** ഏതുതരത്തിലുള്ള പഠിപ്പിക്കലുകളാണ് നിങ്ങളെ കൂടുതൽ ആകർഷിക്കുന്നത്? എന്തുകൊണ്ട്?

2 തീമോ 4:3-4 വായിക്കുക...



# മീഖായുടെ പുസ്തകം (മീഖാ 3-5) ദിവസം-17

## ദൈവത്തിന്റെ നീതി (മീഖാ 3:1-12)

3-ാം അദ്ധ്യായത്തിൽ യഹൂദായിലെ വിവിധ തലത്തിലുള്ള നേതാക്കന്മാരോട് മീഖാ പ്രത്യേകമായി സംസാരിക്കുന്നു. ഭരണകൂടത്തിന്റെ എല്ലാ ശാഖകളും അഴിമതി നിറഞ്ഞതായിരുന്നു. അവർ തിന്മ പ്രവർത്തിക്കുന്നതിൽ വളരെ സഹകരിക്കുകയും ചെയ്തു. 3-ാം അദ്ധ്യായത്തിന് മൂന്നു ഭാഗങ്ങളുണ്ട്.

- ന്യായാധിപന്മാരെയും അവരുടെ കോടതികളുടെ അഴിമതിയേയും കുറിച്ച് പരാമർശിക്കുന്നു. (3:1-3)
- കൈക്കൂലി കൊടുക്കുന്നവരേക്കുറിച്ച് നല്ലത് സംസാരിക്കുന്ന പ്രവാചകന്മാരെ പരാമർശിക്കുന്നു. (3: 5-8)
- പണം കൊടുത്ത് മറ്റുള്ളവരുടെ പിന്തുണ തേടുന്ന ഭരണകർത്താക്കളെക്കുറിച്ച് പറയുന്നു. (3:9-12)

ഈ അദ്ധ്യായത്തിലെ കാര്യങ്ങളെ ബന്ധിപ്പിച്ചു നിർത്തുന്നത് നീതി എന്ന വാക്കാണ്. യഹൂദായിൽ നിന്നും നീതി വിട്ടു പിരിഞ്ഞു. ദൈവം നീതിയുള്ള ദൈവമാണ്. അവിടുത്തെ സാദൃശ്യത്തിൽ നാം സൃഷ്ടിക്കപ്പെട്ടു. അതുകൊണ്ടാണ് നാമും നീതിയുള്ളവരായിരിക്കേണ്ടത്. നാം അനീതിയുള്ളവരാകുമ്പോൾ നാം ദൈവത്തെ പ്രതിനിധീകരിക്കുന്നില്ലാ. അപ്പോൾ ദൈവത്തിന് നമ്മുടെ മേൽ ന്യായവിധി നടത്തേണ്ടിവരും.

## യഹോവയുടെ പദ്ധതി (മീഖാ 4:1-13)

അദ്ധ്യായം 4 ആരംഭിക്കുന്നത് പ്രത്യാശതരുന്ന ഒരു പ്രവചനവുമായാണ്. വിവിധ തരത്തിലുള്ള സ്വാതന്ത്ര്യത്തെക്കുറിച്ച് മീഖാ പ്രവചിക്കുന്നു.

- ദൈവവചനത്തെക്കുറിച്ചുള്ള അജ്ഞതയിൽ നിന്നുള്ള സ്വാതന്ത്ര്യം (4:2)
- യുദ്ധത്തിൽ നിന്നുള്ള സ്വാതന്ത്ര്യം (4:3)
- ഇല്ലായ്മയിൽ നിന്നുള്ള സ്വാതന്ത്ര്യം (4:4)
- ഭയത്തിൽ നിന്നുള്ള സ്വാതന്ത്ര്യം (4:4)

യഹോവതന്നെ അവരുടെ ഇടയൻ ആകാൻ പോകുന്നു എന്നുള്ളതിനെക്കുറിച്ച് ഒരു പ്രവചനം ഉണ്ട്. (6-ാം വാക്യം മുതൽ താഴോട്ട്) "ഒരാളിന്റെ കീഴിൽ ആടുകൾ പ്രയാസപ്പെടുകയും പട്ടിണികിടക്കുകയും അവസാനമില്ലാത്ത് ഉപദ്രവങ്ങൾ സഹിക്കുകയും ചെയ്യും. വേറൊരാളിന്റെ കീഴിൽ അഭിവൃദ്ധിപ്പെടുകയും തൃപ്തിയോടുകൂടി ജീവിക്കുകയും ചെയ്യും" എന്ന് ഒരു പറച്ചിലുണ്ടല്ലോ. യഹൂദയിലെ ഇടയന്മാർ ആടുകളെക്കൊണ്ട് മുതലെടുത്തു. ഇപ്പോൾ യഹോവതന്നെ അവിടുത്തെ സ്നേഹപൂർവ്വമായ പരിചരണത്തിൽക്കൂടി അവരെ വലിയ സമൃദ്ധിയിലേയ്ക്ക് വഴിനടത്തും. അവിടുന്ന് എങ്ങനെയുള്ള ഇടയനാണെന്ന് നമുക്ക് സങ്കീർത്തനം 23-ാം അദ്ധ്യായത്തിൽ നിന്നും യോഹന്നാൻ 10-ാം അദ്ധ്യായത്തിൽ നിന്നും മനസ്സിലാക്കാം.

## പ്രത്യാശയും വിടുതലും (മീഖാ 5:1-15)

ദൈവത്തിന്റെ പദ്ധതി മിശിഹായുടെ വരവായിരുന്നു. അവിടുന്നുതന്നെയാണ് :

- പരിപൂർണ്ണ ഇടയൻ (5:4)
- സമാധാനം (5:5)

**പ്രായോഗം:** ഒരു ഇടയൻ എന്ന നിലയിൽ ദൈവത്തിൽ നിങ്ങൾ കാണുന്ന ചില കാര്യങ്ങൾ എന്തൊക്കെയാണ്? ഒരു ഇടയൻ (പിതാവ്, മാതാവ്, അദ്ധ്യാപകൻ, നായകൻ.....) എന്ന നിലക്ക് നിങ്ങൾ എങ്ങനെ ഈ ഗുണങ്ങൾ അനുകരിക്കുന്നു?

1. 2. 3.

1 യോഹ 3:16-18 വായിക്കുക...

# മീഖായുടെ പുസ്തകം (മീഖാ 6-7) ദിവസം 18

## ദൈവത്തിന്റെ നീതി (മീഖാ 6:1-16)

ഒരു നീതിന്യായ കോടതിയിലെ പ്രവർത്തനങ്ങളോട് സാദൃശ്യമുള്ള ക്രമീകരണങ്ങളോടുകൂടിയാണ് ഈ അദ്ധ്യായം ആരംഭിക്കുന്നത്. ഇവിടെ യഹോവതന്നെ യഹൂദ ജനതയ്ക്കു നേരെ ഒരു വ്യവഹാരം കൊണ്ടുവരുന്നു.

അവിടുത്തേയ്ക്ക് അത് ചെയ്യേണ്ടിവന്നു. എന്തെന്നാൽ മിസ്രയിമിൽ അടിമകളായിരുന്നപ്പോൾ മുതൽ യഹോവ അവർക്കുവേണ്ടി എന്തെല്ലാം ചെയ്തു എന്ന കാര്യം അവർ മറന്നുപോയി. അവരുടെ പാപത്തിന്റെ അടിസ്ഥാനകാരണം എന്തായിരുന്നു? നന്ദിയില്ലായ്മ! നമ്മൾ എവിടെനിന്നു വരുന്നു എന്നു നാം ഓർക്കുന്നുണ്ടോ? ആരാണ് നമ്മളെ ഇവിടം വരെ കൊണ്ടുവന്നത്?

- യഹോവയ്ക്ക് ഏറ്റവും പ്രാധാന്യമുള്ളത് ഏതെന്ന് അവർ മനസ്സിലാക്കുവാൻ വേണ്ടി അവിടുന്ന് തന്റെ ജനങ്ങളുമായി വാദപ്രതിവാദം ചെയ്യുകയാണ്. "നീതി പ്രവർത്തിക്കുക, കരുണയെ സ്നേഹിക്കുക, നിന്റെ ദൈവത്തിന്റെ മുമ്പിൽ താഴ്മയോടെ നടക്കുക" (6:6-8)
- യഹോവ അവരുടെ കള്ളത്തുലാസ്, വഞ്ചന തുടങ്ങിയ പാപങ്ങളെക്കുറിച്ച് തുടർന്നും സംസാരിക്കുന്നു. (6:9-13)
- ഈ പാപങ്ങൾക്കുവേണ്ടി യഹോവ ശിക്ഷ വിധിക്കുന്നു. ഇവിടെ രസകരമായ ഒരു സംഗതി എന്തെന്നാൽ അവർക്കുള്ള ശിക്ഷ അവരുടെ നാശമല്ലാ എന്നുള്ളതാണ്. എന്നാലോ അവർ ഭക്ഷിക്കും എന്നാൽ തൃപ്തി വരുകയില്ലാ, കൂട്ടിവെയ്ക്കും എന്നാൽ ഒന്നും സമ്പാദിക്കുകയില്ലാ, വിതയ്ക്കും പക്ഷേ കൊയ്യുകയില്ലാ. (6:14-16)

## ന്യായവിധിയും വാഗ്ദത്തവും (6:14-16)

യഹൂദായിൽ നീതിയുടെ ഫലങ്ങൾ കാണാത്തതിൽ ദൈവം ദുഃഖിച്ചു. (7:1) ദൈവം തന്റെ ജനങ്ങളിൽ നിന്നും അവ പ്രതീക്ഷിച്ചു. നീതിക്കുപകരം തിന്മയുടെ വളർച്ചയാണ് അവിടെ ഉണ്ടായിരുന്നത്. സമൂഹത്തിന്റെ അധഃപതനത്തെക്കുറിച്ച് അവിടുന്ന് വിവരിക്കുന്നു.

- സാന്മാർഗ്ഗികതയുടെ അധഃപതനം (7:2)
- ദേശത്തിലെ നേതൃത്വത്തിന്റെ അധഃപതനം (7:6)
- കുടുംബത്തിന്റെ അധഃപതനം (7:6)

ദൈവത്തിന്റെ വലിയ വിടുതലിനുവേണ്ടി മീഖാ അവിടുത്തെ സ്തുതിക്കുകയും ദൈവത്തേപ്പോലെ മറ്റാരുമില്ലാ എന്നു പറഞ്ഞ് ദൈവത്തെ മഹത്വപ്പെടുത്തുകയും ചെയ്യുന്നു. ന്യായവിധി വരുമെന്ന് മീഖായ്ക്ക് അറിയാം. ജനങ്ങൾ ബാബിലോണിലേയ്ക്ക് കൊണ്ടുപോകപ്പെടുകയും പുസ്തകത്തിന്റെ അവസാനഭാഗത്ത് അദ്ദേഹം പ്രവാസത്തിന് അപ്പുറം വിടുതലും വാഗ്ദത്ത ദേശത്തുള്ള കൂടിച്ചേരലും ദർശിക്കുന്നു. (7:8-13, 15-17) " തന്റെ അവകാശത്തിൽ, ശേഷിച്ച ജനത്തിന്റെ പാപങ്ങൾ ക്ഷമിക്കുകയും അതിക്രമങ്ങൾ പൊറുക്കുകയും ചെയ്യുന്ന അങ്ങയേപ്പോലെ വേറൊരു ദൈവമുണ്ടോ ?" എന്നതാണ് ഇതിലെ കാതലായ വാക്യം.

മീഖായുടെ പുസ്തകത്തിൽ ദൈവത്തിന്റെ അതിശക്തമായ വിടുതലിനല്ലാ ഊന്നൽ കൊടുത്തിരിക്കുന്നത്. പിന്നെയോ ക്ഷമിക്കുവാനും കരുണ കാണിക്കുവാനുമുള്ള ദൈവത്തിന്റെ മനസ്സലിവിനാണ്. ഇതുതന്നെയാണ് ദൈവത്തിന്റെ അതിമഹത്വത്തിന്റെ അളവും.

**പ്രായോഗം :** നിങ്ങളോടു ദൈവവചനം സംസാരിച്ച ശിഷ്യന്മാരുടെ പേരുകൾ എഴുതുക. അവരോടുള്ള നന്ദി പ്രകടിപ്പിക്കുവാൻ എന്തെങ്കിലും ചെയ്യുക.

1. 2. 3.

എബ്രാ 13:16 വായിക്കുക..



# നഹൂമിന്റെ പുസ്തകം (നഹൂം 1-3) ദിവസം 19

## ആമുഖം

- *നഹൂം* എന്ന പേരിന്റെ അർത്ഥം *ആശ്വാസം* അല്ലെങ്കിൽ *ആശ്വസിപ്പിക്കുന്നവൻ* എന്നാണ്. എന്നാൽ അദ്ദേഹത്തിന്റെ സന്ദേശം നിനവെയ്ക്ക് ആശ്വാസത്തിന്റേതായിരുന്നില്ല. അദ്ദേഹത്തിന്റെ നിനവെയെക്കുറിച്ചുള്ള പ്രവചനം നാശത്തിന്റേതായിരുന്നു.
- ഈ നഗരം യോനായുടെ പ്രസംഗം മൂലം നൂറു വർഷങ്ങൾക്കു മുമ്പ് മാനസാന്തരപ്പെട്ടിരുന്നു. പക്ഷേ അതിന്റെ പാപങ്ങൾ മൂലം ദൈവത്തിന്റെ കരങ്ങൾ അതിന്റെ അവസാനത്തിലേയ്ക്ക് കൊണ്ടുവന്നു.
- അസ്സീറിയയുടെ തലസ്ഥാനമായിരുന്ന മഹത്തായ നിനവേ നഗരം ബി.സി. 612-ൽ വീണു. ഏതാനും വർഷങ്ങൾക്കുള്ളിൽ അസ്സീറിയാ രാജ്യം പൂർണ്ണമായും നശിക്കുകയും ചെയ്തു. ഇതിനുതൊട്ടുമുമ്പാണ് ഈ പുസ്തകം എഴുതിയത്.
- പുതിയ നിയമത്തിൽ ഉദ്ധരിക്കപ്പെടാത്ത ഏഴു പഴയനിയമ പുസ്തകത്തിൽ ഒന്നാണ് നഹൂം. (മറ്റുള്ളവ എസ്രാ, നെഹമ്യാവ്, എസ്ഥേർ, സഭാ പ്രസംഗി, ഉത്തമഗീതം, ഓബദ്യാവ് എന്നിവയാണ്.)

## നിനവെയുടെ വീഴ്ച ( നഹൂം 1:1-7)

- ദൈവം തീഷ്ണതയുള്ളവനും തന്റെ നീതിമൂലം പ്രതികാരം ചെയ്യുന്നവനുമാകുന്നു. (1:2)
- അവിടുന്ന് കോപിക്കാൻ താമസമുള്ളവനാണെങ്കിലും കുറ്റം ചെയ്യുന്നവനെ ശിക്ഷിക്കാതെ വിടുകയില്ല. (1:3)
- അവിടുന്ന് പ്രകൃതിശക്തികളെ നിയന്ത്രിക്കുകയും തന്റെ ന്യായവിധികൾ നടപ്പാക്കുവാൻ അവയെ ഉപയോഗിക്കുകയും ചെയ്യുന്നു. (1:3-6)
- അവിടുത്തെ ശക്തിയും പരമാധികാരവും തന്നിൽ വിശ്വസിക്കുന്നവർക്ക് ഒരു അനുഗ്രഹമാണ്. അവിടുന്ന അനർത്ഥ ദിവസത്തിൽ അഭയസ്ഥാനവുമാകുന്നു. (1:7)

## നിനെവേയുടെ പാപങ്ങൾ ( നഹൂം 1:8 മുതൽ 3:19)

- യഹോവയ്ക്കു വിരോധമായി ദോഷം നിരൂപിച്ചു (1:11)
- വിഗ്രഹാരാധന നിറഞ്ഞിരുന്നു (1:14)
- കളവും കൊള്ളയും കൊണ്ട് നിറഞ്ഞിരുന്നു (3:1)
- വ്യഭിചാരത്താലും ദുഷ്ടപ്രവൃത്തികളാലും ജനങ്ങളെ കീഴ്പ്പെടുത്തി (3:4)

പ്രവചനത്തിന്റെ ഭൂരിഭാഗവും ഈ നഗരത്തിന്റെ രക്തരൂക്ഷിതമായ വീഴ്ചയുടെ കാവ്യാത്മകമായ വിവരണമാണ്. ദൈവജനത്തിനു മാത്രമേ ഈ പുസ്തകത്തിൽ ആശ്വാസം പകരുന്നുള്ളു. അവരെ പീഡിപ്പിക്കുന്നവർ അവരുടെ പ്രവൃത്തികളുടെ ഫലം അനുഭവിക്കുകയും ദൈവത്തിന്റെ മുന്നിൽ അവർ അർഹിക്കുന്ന രീതിയിൽ തന്നെ അവസാനമായി കൊടുങ്കാറ്റ് കൊയ്യുകയും ചെയ്യും എന്നുള്ളതാണ് അത്.

അസ്സീറിയായുടെ നാശത്തെക്കുറിച്ചുള്ള വാർത്ത കൊണ്ടുവരുന്ന ദൂതൻ സുവാർത്തയുടെ അറിയിപ്പുകാരനായും സമാധാനത്തിന്റെ പ്രഘോഷകനായും സ്വീകരിക്കപ്പെടും. (1:15) "നിന്റെ വാർത്ത കേൾക്കുന്നവരെല്ലാം നിന്റെ വീഴ്ചയിൽ കൈകൊട്ടുന്നു. നിന്റെ അന്തമില്ലാത്ത ദ്രോഹം ഏല്ക്കാത്തവരായി ആരുണ്ട്? " എന്നീ വാക്കുകളോടെയാണ് പുസ്തകം അവസാനിക്കുന്നത്. ദൈവത്തിന്റെ വചനം അനുസരിച്ചു തന്നെ ആ നഗരം നൂറ്റാണ്ടുകളോളം മനുഷ്യദൃഷ്ടിയിൽ നിന്നും പൂർണ്ണമായും അപ്രത്യക്ഷമായി. യഹോവ അരുളിച്ചെയ്തു. അതുപോലെ സംഭവിക്കുകയും ചെയ്തു.

**പ്രായോഗം :** വിശ്വാസത്തിൽ ഉറച്ചു നിൽക്കുവാൻ പാടുപെടുന്ന ഒരു ശിഷ്യനുമായി സമയം ചെലവഴിക്കുകയും പ്രാർത്ഥിക്കുകയും ചെയ്യുക.

സങ്കീർത്തനം 41:1-3 വായിക്കുക...

## ഹബക്കുക്കിന്റെ പുസ്തകം (ഹബക്കുക് 1-2 ) ദിവസം 20

### ആമുഖം

- പേരിന്റെ അർത്ഥം 'ആലിംഗനം'
- ഹബക്കുക് യഹൂദായിൽ ഭരണം നടത്തി (തെക്കൻ രാജ്യം)
- ദൈവവും പ്രവാചകനും തമ്മിലുള്ള സംഭാഷണ രീതിയാണ് ഈ പുസ്തകത്തിൽ കാണുന്നത്.
- തന്റെ രാജ്യത്തിലെ ജനത്തിന്റെ അനീതികൾ എത്രകാലം ദൈവം വച്ചുകൊണ്ടിരിക്കുമെന്ന് ഹബുക്കുക് ചോദിക്കുന്നു. തന്റെ ജനത്തെ ശിക്ഷിക്കുവാനായി ദുഷ്ടരായ ഒരു രാഷ്ട്രത്തെ ഏപ്രകാരം ഉപയോഗിക്കും എന്നും ഹബക്കുക് ചോദിക്കുന്നു.
- ദൈവത്തിന്റെ മറുപടി ഒരു പദ്യരൂപേണ എഴുതിയാണ് അവൻ ഇത് അവസാനിപ്പിച്ചിരിക്കുന്നത്.

### ഹബക്കുക്കിന്റെ ആദ്യത്തെ ചോദ്യം (ഹബക്കുക് 1:1-4)

ജനങ്ങളുടെ ഇടിയിലെ ദുഷ്ടതകൾ കണ്ടിട്ട് പ്രവാചകൻ വളരെയധികം രോഷാകുലനായി. എന്തുകൊണ്ടാണ് ദൈവം ഈ കാര്യത്തിന് പരിഹാരം കാണാൻ തയ്യാറാവാത്തത് എന്ന് അവന് അറിയണമായിരുന്നു.

### ദൈവം ഉത്തരമരുളി (ഹബ 1:5-11)

ബാബിലോണിയക്കാർ എങ്ങനെ യഹൂദായെ ശിക്ഷിക്കുവാൻ പോകുന്നു എന്നതിനെക്കുറിച്ച് ദൈവം വിവരിച്ചു. ബാബിലോണിയക്കാർ ദുഷ്ടരായിരുന്നവെങ്കിലും (വാ 6-11), ദൈവം ന്യായവിധി നടത്താനായി അവരെ ഒരു ഉപകരണമായ് ഉപയോഗിച്ചു.

### ഹബക്കുക്കിന്റെ രണ്ടാം ചോദ്യം (ഹബ 2:2-20)

ഇത്രയും നികൃഷ്ടമായ ഒരു രാജ്യത്തെ ദൈവത്തിന് എങ്ങനെയാണ് ഇതിനായ് ഉപയോഗിക്കുവാൻ സാധിക്കുക? ദൈവത്തിന്റെ മറുപടികേട്ട് ഹബക്കുക് സ്തംഭിതനായി. ദൈവത്തിന്റെ അരുളപ്പാട് കേൾക്കാൻ തയ്യാറായ ഒരു കാവൽക്കാരനെപ്പോലെ ഹബക്കുക് അവിടെനിന്നു.

### ദൈവം ഉത്തരമരുളി (ഹബ 2:2-20)

- ബാബിലോണിയാക്കാരുടെ രീതികൾ ദൈവം മനസ്സിലാക്കി.
- വാ 4 ൽ ദൈവം പറയുന്നു നീതിമാൻ വിശ്വാസത്തിൽ ജീവിക്കും എന്ന്.

വിശ്വാസം, ഏത് ബുദ്ധിമുട്ടായ അവസ്ഥയും തരണം ചെയ്യാൻ നമ്മെ സഹായിക്കുന്നു.

### ഹബക്കുക്കിന്റെ കീർത്തനം (ഹബ 3:1-19)

- ദൈവമാർഗ്ഗം പ്രവാചകൻ മനസ്സിലാക്കിയപ്പോൾ, അവന്റെ മാർഗ്ഗത്തേയും പദ്ധതിയേയും പ്രവാചകൻ ബഹുമാനിച്ചു.
- തന്റെ മിശിഹായിലൂടെ നിറവേറിയ മഹത്തായ അത്ഭുതങ്ങളിലൂടെ ദൈവം തന്റെ പദ്ധതികൾ നിറവേറ്റിയതിനെക്കുറിച്ച് ഹബക്കുക് ആവർത്തിക്കുന്നു.

ഒരുപക്ഷെ എല്ലായ്പ്പോഴും നമുക്ക് ദൈവ പദ്ധതിയെ മനസ്സിലാക്കാൻ കഴിഞ്ഞെന്ന വരികയില്ല, എന്നറിഞ്ഞിരുന്നാലും എപ്പോഴും നമുക്ക് അവനിൽ കീഴ്വഴങ്ങിയും, വിശ്വസ്തതയോടും ജീവിക്കാം.

പ്രയോഗം: ജീവിതത്തിലെ ഏതെങ്കിലും സംഗതികൾ നിങ്ങൾക്ക് ഗ്രഹിക്കാൻ പ്രയാസമുള്ളതുണ്ടോ? നിങ്ങൾ എപ്രകാരം ആ സംഗതികളോടു പെരുമാറുന്നു.

ഫിലിപ്പിയർ 4:4-7 വായിക്കുക...



## സെഫന്യായുടെ പുസതകം ദിവസം 21

### ആമുഖം

- ഈ പ്രവാചകന്റെ പേരിന് "ദൈവം ഒളിപ്പിച്ചു വെച്ചവൻ" എന്നാണർത്ഥം
- 1:1 ൽ അദ്ദേഹം നാല് തലമുറയ്ക്ക് മുമ്പുള്ള ഹെസ്ക്കിയാ രാജാവിലേക്ക് തന്റെ വേരുകൾ തേടിപ്പോകുന്നു.
- ഈ പുസ്തകത്തിൽ വിവരിക്കുന്ന യൂദായിലും യെരുശലേമിലുമുള്ള സ്ഥിതിഗതികൾ നിർദ്ദേശിക്കുന്നത് യോശിയാ രാജാവിന്റെ കാലത്തു നടന്ന നവീകരണങ്ങൾ ഇനിയും തുടങ്ങിയിട്ടില്ലാ എന്നുള്ളതാണ്.
- യെരുശലേമിൽ നിന്നുള്ളതാണെന്നൊഴികെ ഈ പ്രവാചകനെക്കുറിച്ച് നമുക്ക് കാര്യമായിട്ടൊന്നുമറിയില്ല.
- അദ്ദേഹം, പ്രകടമായിരുന്ന പാപങ്ങൾക്കെതിരെയുള്ള ദൈവീകമായ ധാർമ്മിക രോഷത്തിൽ ഉജ്ജ്വലിച്ചുകൊണ്ടിരുന്നു എന്നുള്ളത് അദ്ദേഹത്തിന്റെ എഴുത്തുകളിൽ നിന്ന് വ്യക്തമാക്കുന്നു. അദ്ദേഹം വരാൻ പോകുന്ന ദൈവത്തിന്റെ ദിവസത്തിൽ ശ്രദ്ധകേന്ദ്രീകരിച്ചു.

### യൂദായുടെ പതനം (സെഫന്യ 1:1-2:3)

അവരുടെ നാശം പൂർണ്ണമായിരിക്കും

- നാശം തുടങ്ങുന്നത് യൂദായിൽ നിന്നാണ് (1:4-13) (ബാലിന്റെ ആരാധനയും ദൈവീകാരാധനയും തമ്മിൽ കൂടിക്കലർന്നതും (വാ 4) ജ്യോതിഷാരാധനയും (വാ 5) അന്യദേശക്കാരുടെ ആചാരങ്ങൾ പിന്തുടരുന്നതും കൊണ്ടുണ്ടായ നാശം (വാ 8-9)
- നാശത്തെ 'ദൈവത്തിന്റെ വലിയ ദിവസം' എന്ന് വിളിച്ചു (1:14-18)
- നാശം, ഒരു പക്ഷെ താഴ്മയുള്ളവരുടെ മേൽ വളരെ പരിമിതമായിരിക്കും (2:13) (ദേശം തിരിച്ചുവരവിനതീതമായി പോയിരിക്കുന്നു. പക്ഷെ, താഴ്മയുള്ള വ്യക്തികൾക്ക് പ്രത്യാശയ്ക്ക് വകയുണ്ട്).

### ചുറ്റുമുള്ള രാജ്യങ്ങളുടെ നാശം (സെഫന്യ 2:4-3:8)

- (വാ 4-7) മോവാബ് അമ്മോൻ (വാ 8-11) കുഷ് - എത്യോപ്യക്കും ഈജിപ്തിനും ഉള്ള ഒരു നാമം അസ്സീറിയ (വാ 13-15) മറ്റു രാജ്യങ്ങളുടെ നാശത്തിൽ നിന്ന് പഠിച്ചുകൊണ്ട് തന്റെ രാജ്യവും മാനസാന്തരപ്പെടണമെന്ന് ദൈവം പ്രതീക്ഷിച്ചു. എന്നിട്ടും യൂദാ മാനസാന്തപ്പെടുന്നതിൽ പരാജയപ്പെട്ടു (3:6-7). അതുകൊണ്ട് തന്നെ ദൈവം തന്റെ ക്രോധം കോരിച്ചൊരിഞ്ഞും തീക്ഷ്ണതകൊണ്ടും ലോകത്തെ വിധിക്കാൻ പോകുന്നു (3:8).

### നാശം ഒരു ശേഷിപ്പിന് രൂപം കൊടുക്കും (സെഫന്യ 3:9-20)

- ദൈവം ഒരു ശേഷിപ്പിനെക്കുറിച്ച് സ്വപ്നം കാണുന്നു. ഈ ശേഷിപ്പ് തന്നെ സേവിക്കുകയും തന്റെ നാമം വിളിച്ചപേക്ഷിക്കുകയും ചെയ്യും. ശേഷിച്ചവരുടെ സ്വഭാവ വിശേഷങ്ങൾ:-
- ദൈവത്തെ വിളിച്ചപേക്ഷിക്കുന്നവരുടെ ശുദ്ധീകരിക്കപ്പെട്ട അധരങ്ങൾ (വാ 9)
- യാഗങ്ങൾ കൊണ്ടുവരുന്നവർ (വാ 10)
- താഴ്മയുള്ള, കീഴ്വഴങ്ങുന്ന ദൈവത്തിൽ ആശ്രയിക്കുന്നവർ (വാ 12)
- നുണകൾ പറയാത്തവർ (വാ 13)
- ദൈവം ശേഷിച്ചവരെയോർത്ത് സന്തോഷിച്ചു.
- അവർക്കുവേണ്ടി ദൈവം പാടുന്നു. നാം വീണ്ടും അവിടെ ദൈവത്തിന്റെ ഹൃദയം കാണുന്നു. തന്റെ ജനങ്ങളുമായി വളരെ അടുത്ത ഒരു ബന്ധം പുലർത്താൻ അവൻ എത്ര ആഗ്രഹിക്കുന്നു
- നാം ദൈവത്തിന്റെ ശേഷിച്ച ജനങ്ങളാണോ? നാം അവനിൽ അഭയം പ്രാപിക്കുന്നവരാണോ? അതല്ല നാം അവന്റെ ക്രോധത്തിൽ ജ്വലിക്കുന്നവരാണോ? നമുക്ക് സ്വയം താഴ്ത്തി ദൈവത്തോട് അടുക്കാം.

പ്രായോഗം: നിങ്ങൾക്ക് ഏറ്റവും ഇഷ്ടപ്പെട്ട പാട്ടുപാടി ദൈവത്തോടൊപ്പം സന്തോഷിക്കുക.

സങ്കീർത്തനം 69:30-31 വായിക്കുക..

## ഹഗ്ഗായിയുടെ പുസ്തകം (ഹഗ്ഗായി 1,2) ദിവസം 22

**ആമുഖം**

- ഹഗ്ഗായി ആഘോഷിക്കുന്നത് എന്നർത്ഥം
- ദൈവാലയത്തിന്റെ പണി പുനരാരംഭക്കുന്നതിനായി ജനങ്ങളെ ആഹ്വാനം ചെയ്തുകൊണ്ട് സെഖരിയായോടൊപ്പം പ്രവർത്തിച്ചു. ദേവാലയത്തിന്റെ അടിസ്ഥാനം 16 വർഷങ്ങൾക്ക് മുമ്പ് വളരെയധികം ഉത്സാഹത്തോടുകൂടെ തുടങ്ങി. എന്നാൽ അയൽ രാഷ്ട്രങ്ങളിൽ നിന്ന് പീഠനങ്ങൾ നേരിട്ടു. (എസ്രാ എസ്രാ 3:12 എന്നാൽ അയൽ രാഷ്ട്രങ്ങളിൽ നിന്ന് പീഠനങ്ങൾ നേരിട്ടു. (എസ്രാ 4:1-5). യഹൂദന്മാർ അപ്പോൾ പ്രതീക്ഷ കൈവിട്ടു. ബിസി 520 ലെ ഈ പ്രവചനങ്ങൾ നാലു മാസത്തിനുള്ളിൽ നൽകിയ നാലു സന്ദേശങ്ങൾ ഉൾക്കൊള്ളുന്നതാണ്.

## ദൈവാലയത്തിന്റെ പുനർനിർമ്മാണം (ഹഗ്ഗായി 1:1-15)

തന്റെ സന്ദേശം വ്യക്തമായും ദൈവത്തിൽ നിന്നുള്ളതാണെന്ന് അദ്ദേഹം ഊന്നിപ്പറയുന്നു. 38 വാക്യങ്ങളുള്ള തന്റെ പുസ്തകത്തിൽ, 26 പ്രാവശ്യം "ദൈവം പ്രഖ്യാപിക്കുന്നു"! എന്ന് ആവർത്തിക്കുന്നു.

തനിക്ക് കൊടുത്തിരുന്ന ജോലി അദ്ദേഹം നറവേറുകയും, ദേവാലയം 4 വർഷം കൊണ്ട് പൂർത്തിയാക്കുകയും ചെയ്തു (എസ്രാ 6:15). ജനങ്ങൾ തങ്ങളുടെ സ്വന്തം വീടുകൾ പണിയുവാൻ വളരെ താൽപര്യം കാണിച്ചിരുന്നു. പക്ഷേ ദൈവാലയം നശിച്ച അവസ്ഥയിലായിരിക്കുവാൻ അനുവദിക്കുകയും ചെയ്തു (വാ 4). ദൈവം അവരെ ഓർമ്മിപ്പിച്ചു, അവരുടെ തെറ്റായ മുൻഗണനകളാണ് അവരെ കഷ്ടതയിൽ കൊണ്ടെത്തിച്ചത് (വാ 5-11). ഈ സന്ദേശം പ്രാവർത്തികമാക്കാനായി അവർക്ക് 3 ആഴ്ചകൾ വേണ്ടിവന്നു (വാ 15). നമ്മുടെ ഏറ്റവും വലിയ മുൻഗണനകൾ എന്താണ്?

## ഭാവിയിലെ മഹത്വം പഴയ മഹത്വത്തേക്കാൾ വലിയത് (ഹഗ്ഗാ 2:1-9)

രണ്ടാമത്തെ സന്ദേശം, ദൈവം തീർച്ചയായും അവരോടുകൂടെയാണെന്നുള്ള സത്യത്തിലേക്ക് ജനങ്ങളെ ആഹ്വാനം ചെയ്യുക എന്നുള്ളതായിരുന്നു. പഴയ ആളുകൾക്കാ പഴയ ദേവാലയത്തെക്കുറിച്ച് ഓർമ്മകൾ ബാക്കി നിൽക്കുന്നവർക്ക്, പുതിയ ദേവാലയം നിരാശജനകമായിരുന്നു (വാ 3). പക്ഷെ ദൈവം അവരോട് കൂടെ മുമ്പുണ്ടായിരുന്നതുപോലെ ഇപ്പോഴുമുണ്ടെന്ന് ഓർമ്മിപ്പിച്ചു (വാ 5). ദേവാലയത്തിന്റെ പുനർനിർമ്മാണം മിശിഹായെ കൊണ്ടുവരുന്നതിന്റെ ഭാഗമായ പദ്ധതിയിലുള്ളതാണെന്ന് ദൈവം ഓർമ്മിപ്പിക്കുന്ന (വാ 9). അതിന്റെ അർത്ഥം അതിന്റെ ആത്മീയ ചൈതന്യം കൂടുതൽ മഹത്തരമായിരിക്കും.

## കഷ്ടതകൾ ദൈവീക ശിക്ഷണത്തിന്റെ രീതിയിൽ (ഹഗ്ഗാ 2:10-19)

ജനങ്ങളുടെ ഹൃദയം വിശുദ്ധമാവാനും മന്ദോഷ്ണമുള്ളതാവാതിരിക്കാനും ദൈവം ജനങ്ങളെ ആഹ്വാനം ചെയ്യുന്നു. ദൈവം ഒരു ഉദാഹരണം കാണിക്കുന്നു. പ്രതിഷ്ഠിക്കപ്പെട്ട മാംസത്തിന് അതിന്റെ ദൈവീകത അതിനെ തൊടുന്ന യാതൊന്നിലേയ്ക്കും പകരാൻ കഴിയുമായിരുന്നില്ല. എന്നാൽ അശുദ്ധമാക്കപ്പെട്ട ജനങ്ങൾക്ക് ആ അശുദ്ധി തങ്ങളെ തൊടുന്ന എന്തിലേയ്ക്കും പകരാൻ കഴിയുമായിരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ആരോഗ്യമുള്ള പുരുഷനുമായുള്ള സംസർഗ്ഗം രോഗിയായ ഒരുവനെ സൗഖ്യമാക്കാൻ പര്യാപ്തമല്ല. എന്നാൽ രോഗിയുമായുള്ള സംസർഗ്ഗം ആരോഗ്യവാനെ രോഗിയാക്കുന്നു. അതുകൊണ്ട് ദൈവത്തിന്റെ ഉദ്ദേശ്യം ഇതായിരുന്നു. വിശുദ്ധമായ പ്രവർത്തനങ്ങൾക്ക് അവരെ വിശുദ്ധരാക്കാൻ കഴിയുകയില്ലായിരുന്നു. പക്ഷെ, അവരുടെ ഹൃദയങ്ങൾ പരിശുദ്ധമായിരുന്നാൽ അവർക്ക് വിശുദ്ധി നിറഞ്ഞ കാര്യങ്ങൾ ചെയ്യാൻ സാധിക്കും. സൽപ്രവൃത്തികൾ നമ്മെ രക്ഷിക്കുന്നില്ല. പ്രത്യുത നാം രക്ഷിക്കപ്പെട്ടതുകൊണ്ട് നാം സൽപ്രവർത്തികൾ ചെയ്യുന്നു.

## ആത്യാന്തികമായ അനുഗ്രഹം മിശിഹായുടെ വരവാണ് (ഹഗ്ഗായി 2:20-23)

സെരുബബേലിനെ ക്രിസ്തുവായി ചിത്രീകരിച്ചിരിക്കുന്നു. അദ്ദേഹവും ക്രിസ്തുവിന്റെ മുൻതലമുറകളുടെ പരമ്പരയിലുണ്ട്. (മത്തായി 1:12-13)

ഈ പ്രവചനം അവസാനിക്കുന്നത്, ആത്യന്തികമായ ദേവാലയത്തിന് അതായത് ക്രിസ്തുവിന്റെ സഭയ്ക്ക് വഴിയൊരുക്കുവാനായുള്ള ഭൗതീകമായ ദേവാലയത്തിന്റെ പുനർനിർമ്മാണത്തിന് ജനങ്ങളെ പ്രചോദിപ്പിച്ചുകൊണ്ടാണ്.

പ്രയോഗം- എന്തിലാണ്, എവിടെയാണ് നിങ്ങളുടെ സമയവും പണവും നിക്ഷേപിക്കുന്നത്

## സെഖര്യായുടെ പുസതകം (സെഖരിയ 1,2) ദിവസം 23

**ആമുഖം**

- സെഖരിയ എന്ന പേരിന്റെ അർത്ഥം ദൈവം ഓർക്കുന്നവൻ എന്നാണ്. അദ്ദേഹം ഹഗ്ഗായിയുടെ കൂടെ തിരിച്ചു വരവിന്റെ കാലഘട്ടത്തിലാണ് പ്രവർത്തിച്ചത്.
- ദേവാലയത്തിന്റെ പുനർനിർമ്മാണം, സെരുബാബേലിന്റെ കീഴിൽ ബന്ധിതരാക്കപ്പെട്ടവരുടെ തിരിച്ചുവരവോടുകൂടെ ബിസി 538 ൽ ആരംഭിച്ചു.
- എന്നിരുന്നാലും 16 വർഷത്തിനു ശേഷവും, ദേവാലയം പൂർത്തിയായിട്ടില്ലായിരുന്നു. അതുകൊണ്ട് തന്നെ ഹഗ്ഗായി പണിതുടങ്ങുവാനായി പ്രവചിച്ചു (പ്രസംഗിച്ചു). സെഖരിയ അദ്ദേഹത്തോട് കൂടെ ചേർന്നു.
- അവരുടെ പ്രവർത്തന ഫലമായി ദേവാലയം 516 ബിസിയിൽ പൂർത്തിയായി (എസ്ര 6:15)

## ഒന്നാമത്തെ ദർശനം: കൊഴുന്തു വൃക്ഷങ്ങളുടെ ഇടിയിലെ പുരുഷൻ (സെഖ 1:1-17)

- ഈ ദർശനത്തിന്റെ സന്ദേശം എന്തെന്നാൽ ദേവത്തിന്റെ മാലാഖമാർ ഭൂമി മുഴുവൻ അന്വേഷിക്കുകയും തന്റെ ആലയം പുനർനിർമ്മിക്കുന്നതിൽ ദൈവം വജയിക്കുകയും ചെയ്യുമെന്നുള്ള ഉറപ്പ് കൊടുക്കുകയും ചെയ്യുന്നു എന്നതാണ്.
- ദൈവത്തിന് എല്ലാ രാജ്യങ്ങളുടേയും നിയന്ത്രണം കയ്യിലുണ്ട്.
- ഇവിടെയുള്ള കുതിരകളുടെ നിറങ്ങൾ കാണിക്കുന്നത് യുദ്ധം (ചുവപ്പ്), ക്ഷാമം (തവിട്ടുനിറം), വിജയം (വെള്ള) തുടങ്ങിയവയാണ്.
- ദൈവത്തിന് സകല രാജ്യങ്ങളുടേയും മേൽ ശക്തിയുണ്ടെന്ന്, നാം ശരിക്കും വിശ്വസിക്കുന്നുണ്ടോ?
- ആത്യന്തികമായി ദൈവത്തിന്റെ പദ്ധതി വിജയിക്കുമെന്ന് നാം വിശ്വസിക്കുന്നുണ്ടോ?

## രണ്ടാം ദർശനം :- 4 കൊല്ലന്മാരും 4 കൊമ്പുകളും (സെഖര്യ 1:18-21)

- ദൈവത്തിന്റെ ജനത്തെ ചിതറിച്ചു കളഞ്ഞ ശക്തികളെ (മറ്റു രാജ്യങ്ങളെ) യാണ് കൊമ്പുകൾ കാണിക്കുന്നത്.
- നാല് എന്നത് ലോകത്തിന്റെ (ബഹിരാകാശ) നമ്പറാണ്.
- കൊല്ലന്മാർ കാണിക്കുന്നത് ഇസ്രായേൽ ജനത്തെ വേദനിപ്പിച്ച ശത്രക്കളെ നശിപ്പിക്കാനുള്ള ദൈവത്തിന്റെ ആയുധങ്ങളെയാണ്.
- ഈ ദർശനത്തിന്റെ അടിസ്ഥാന സന്ദേശം പറയുന്നത്, ശത്രുക്കളുടെ ഏതിർപ്പില്ലാതെ ജനങ്ങൾക്ക് ദൈവത്തിന്റെ ആലയം പണിതീർക്കാൻ സാധിക്കുമെന്നുള്ളതാണ്. ദൈവത്തിന്റെ പദ്ധതി നടപ്പാക്കുന്നതിൽ നിന്ന് ഒരു ശക്തിക്കും ദൈവത്തെ തടയാൻ സാധിക്കുകയില്ല.

## മൂന്നാമത്തെ ദർശനം :- അളവുനൂൽ പിടിച്ച ഒരു മനുഷ്യൻ (സെഖര്യ 2:1-13)

- യെരുശലേമിലെ ജനങ്ങൾ അവരുടെ സമീപ ഭാവിയെയും ഭൗതീകമായ അവസ്ഥകളെയും കുറിച്ച് ഉത്കണ്ഠാകുലരായിരുന്നു.
- ദൈവം അവരുടെ എല്ല ആവശ്യങ്ങളും നിറവേറ്റുകയും അവരെ സംരക്ഷിക്കുകയും ചെയ്യുമെന്നുള്ളതാണ് സന്ദേശം.
- മിശിഹായുടെ നാളുകളെയും ദൈവം കാണിച്ചുകൊടുക്കുന്നു (വാ 10-13). ക്രിസ്തുവിലൂടെ ദൈവം ലോകത്തെ അനുഗ്രഹിക്കാൻ പോവുകയാണ്.
- ബന്ദികളായ അവസ്ഥയിൽ നിന്നും അവരുടെ സ്വന്തം സ്ഥലത്തേക്ക് തിരിച്ചുവരണമെന്നുള്ള (വാ 6-7) ദൈവത്തിന്റെ ശക്തമായ ആഹ്വാനവും ഇവിടെ കാണാൻ സാധിക്കും.
- നാം അവന്റെ രാജ്യവും നീതിയും അന്വേഷിക്കുമ്പോൾ നമ്മുടെ ആവശ്യങ്ങളെല്ലാം നിറവേറ്റപ്പെടുമെന്നും കാണാൻ സാധിക്കും.

പ്രയോഗം :- നമ്മുടെ സഭകളിലും, മിനിസ്ട്രികളിലും ഉള്ള ഐക്യതക്കു വേണ്ടി പ്രാർത്ഥിക്കുക.

എഫേസിയർ 6:18 വായിക്കുക

## ദർശനം നാല് : പുരോഹിതന്റെ വിശുദ്ധ വസ്ത്രം (സെഖ 3:1-10)

- യോശുവ പൗരോഹിത്യത്തെ പ്രതിനിധാനം ചെയ്യുന്നു.
- പുരോഹിതരുടെ പഴയകാല പാപങ്ങൾ (മലിന വസ്ത്രങ്ങൾ) തങ്ങളെ അയോഗ്യരാക്കുന്നുവെന്ന് സാത്താൻ ആരോപിക്കുന്നു.
- ദൈവം അവരുടെ പാപങ്ങൾ ക്ഷമിക്കുകയും, ജോലിയിലേക്ക് തിരികെ കൊണ്ടുവരികയും ചെയ്തു. (ശുദ്ധിയുള്ള വസ്ത്രത്തിലൂടെ)
- ശാഖയെന്നു വിളിക്കപ്പെടുന്ന അവസാന മുഖ്യ പുരോഹിതനെയാണ് ഈ പുരോഹിതൻ സൂചിപ്പിക്കുന്നത്.
- കല്ലിനെ സഭയായിട്ടാണ് അർത്ഥമാക്കിയിരിക്കുന്നത് (ദാനിയേൽ 2: 34-35 ൽ കാണുക). സൂക്ഷ്മതയോടെ നോക്കുന്ന ഏഴുകണ്ണുകൾ പ്രതിനിധാനം ചെയ്യുന്നത് ദൈവസഭയുടെ പൂർണ്ണമായ ശ്രദ്ധയുള്ള കരുതലിനെയാണ്.
- ഒറ്റദിവസം കൊണ്ടുള്ള പാപപരിഹാരത്തെ കാണിക്കുന്നത് യേശു ക്രൂശിൽ മരിക്കുന്നതിനെയാണ്.

1 പത്രോസ് 2:9 ൽ കാണാം നാമും അവന്റെ വിശുദ്ധ പുരോഹിതന്മാരാണ്. ജന്മനാലല്ല, ക്രിസ്തുവിന്റെ രക്തം നമ്മുടെ പാപങ്ങളെ ശുദ്ധികരിച്ചതിനാൽ (വെളി 1:6)

## ദർശനം അഞ്ച്:- സ്വർണ്ണ നിർമ്മിതമായ വിളക്കുതണ്ടും, രണ്ട് ഒലിവ് മരങ്ങളും (സെഖ 4:1-14)

- വിളക്കുതണ്ടുകൾ, മോശയുടെ കാലഘട്ടത്തിൽ വിശുദ്ധസ്ഥലത്ത് നാട്ടിയിരിക്കുന്നതിന് സമമായിട്ട് നമുക്ക് കാണാൻ സാധിക്കും.
- പുരോഹിതന്മാരെ ശുദ്ധിയാക്കുന്നത് ഇതിന് മുമ്പിലത്തെ ദർശനത്തിൽ നമുക്ക് കാണാൻ സാധിക്കും. തുടർന്ന് രാഷ്ട്രത്തിന്റെ സൈന്യത്തേയും (സെരുബാബേൽ) ദൈവത്തിന്റെ സംരക്ഷണയിൽ കൊണ്ടുവരുന്നതായ് കാണാം. അവർക്കുവേണ്ട അവരുടെ വിജയ രഹസ്യം എന്തെന്നാൽ ദൈവം മലകളെ ഇളക്കിമാറ്റുകയും (പ്രതിബന്ധങ്ങളെ) അങ്ങനെ മനുഷ്യ ശക്തിയാലല്ല ദൈവ ശക്തിയാൽ അവർ വിജയം വരിക്കുകയും ചെയ്തു.
- രണ്ട് ഒലീവ് മരങ്ങളും തുടർച്ചയായ് വിളക്കുകാലിന് എണ്ണ നൽകികൊണ്ടേയിരുന്നു. യോശുവായും, സെറുബാബേലും ക്ഷേത്രം പുതുക്കി പണിയുന്നതിനെയാണ് ഇത് പ്രതിനിധാനം ചെയ്യുന്നത്.

പുരോഹിതനും, പ്രവാചകനുമായ അവനിൽ നിന്നും നമുക്ക് ആവശ്യമായ എണ്ണ ലഭിക്കും. പരിശുദ്ധാത്മാവിനെ അധികമായ് നമുക്ക് തരുന്ന അവനിൽ നിന്നും തന്നെ; നമ്മുടെ ഉള്ളിൽ ഒഴുകുന്ന ആഗാധമായ ജലരാശി പോലെ.

പ്രയോഗം: നിങ്ങളുടെ ജീവിതത്തിലെ വിവധ മേഖലകളിൽ സാത്താൻ ഉന്നയിക്കാവുന്ന കുറ്റാരോപണങ്ങളും, അവരോടൊപ്പം വയ്ക്കാവുന്ന ദൈവത്തിന്റെ വാഗ്ദാനങ്ങളും എഴുതുക.

| മേഖല | സാത്താന്റെ ആരോപണം | ദൈവത്തിന്റെ വാഗ്ദാനം |
|---|---|---|
| 1) | | |
| 2) | | |
| 3) | | |

റോമ 7:25-8:2 വായിക്കുക...





## ആറാം ദർശനം: പറക്കുന്ന ഒരു ചുരുൾ (സെഖര്യ 5:1-4)

- ഈ ചുരുളിൽ അടങ്ങിയിരിക്കുന്നത്, ജനങ്ങൾക്ക് നിശ്ചയിച്ച് ഉറപ്പിച്ച രണ്ട് പാപങ്ങളുടെ ന്യായവിധിയെക്കുറിച്ചാണ്. മോഷ്ടിക്കുകയും, കള്ളസത്യം ചെയ്യുകയും ചെയ്യുന്നതാണ് അവ.
- ജനങ്ങൾ ഭൗതീകവാദികൾ (ദ്രവ്യാഗ്രഹികൾ) ആയിരിക്കുന്നതായി കാണാം.
- തൃപ്തികരമായ ഒരു ജീവിതം നയിക്കാൻ പഠിക്കുക എന്നത് സന്തോഷ ജീവിതത്തിന്റെ ഒരു രഹസ്യമാണ്. ദൈവം നാം ഓരോരുത്തരേയും വ്യത്യസ്ഥ സാഹചര്യങ്ങളിലാണ് ഉപയോഗിച്ചിരിക്കുന്നത്. അതിൽ നാം തൃപ്തിയുള്ള വരായും, ദൈവത്തിന് മഹത്വം നൽകുന്നവരായും വളരണം.

## ഏഴാം ദർശനം: കുട്ടയ്ക്കുള്ളിലെ (ബാസ്ക്കറ്റ്) സ്ത്രീ (സെഖര്യ 5:5-11)

- ജനങ്ങളുടെ മുഴുവൻ പാപത്തേയും പ്രതിനിധാനം ചെയ്യുകയാണ് കുട്ടയ്ക്കുള്ളിലെ ഈ സ്ത്രീ. ജനങ്ങളുടെ വിശ്വാസമില്ലായ്മ ഇവിടെ ഒരു സ്ത്രീയായ് ചിത്രീകരിച്ചിരിക്കുകയാണ്.
- യെരുശലേം മുതൽക്കേതന്നെ ദൈവം അവരുടെ പാപങ്ങൾ എടുത്തുമാറ്റുന്നുണ്ടായിരുന്നു.
- ഇതിലൂടെയുള്ള സന്ദേശമെന്തെന്നാൽ, ജനങ്ങളുടെ പാപങ്ങൾക്കെതിരായിട്ട് ഏതെങ്കിലും തരത്തിലുള്ള അതിര് ദൈവം വയ്ക്കും എന്നതാണ്. പാപം അതിന്റെ തന്നെ നാശത്തിന്റെ വിത്തിനെ വിതയ്ക്കുകയാണ്. എല്ലാ പാപത്തിന്റെയും അവസാനം മരണമാണ്. പക്ഷെ മാനസാന്തരത്തിലൂടെ നമുക്ക് പ്രത്യാശ ലഭിക്കുകയാണ്.

## എട്ടാം ദർശനം : നാല് രഥങ്ങൾ (സെഖര്യ 6:1-8)

- ഈ രഥം പ്രതിനിധാനം ചെയ്യുന്നത്, തന്റെ ജനങ്ങളുടെമേലും അവരായിരിക്കുന്ന രാജ്യത്തിൽ ദൈവത്തിന്റെ സംരക്ഷണത്തെക്കക്കുറിച്ചുമാണ്.
- അവസാനം ദൈവം എല്ലാവർക്കും സമാധാനം വിളമ്പരം ചെയ്തു.

ദൈവം നമുക്ക് സമാധാനം നൽകി, എല്ലാറ്റിനും മേലുള്ള സമാധാനം. നമുക്ക് സമാധാനം ലഭിക്കുന്നത് ദൈവത്തിന് മുമ്പിൽ കീഴടങ്ങുമ്പോഴാണ്. പരിശുദ്ധാത്മാവിലുള്ള ജീവിതം നയിക്കലാണ് നമ്മുടെ സമാധാനത്തിന്റെ നിറവ്

## യോശുവായ്ക്ക് ഒരു കിരീടം (സെഖ 6:9-15)

- സ്വർണ്ണവും, വെള്ളിയും കൊണ്ടാണ് ഈ കിരീടം പണിയച്ചിരിക്കുന്നത്. ഇത് പ്രതിനിധാനം ചെയ്യുന്നത്, വരാനിരിക്കുന്ന ശാഖയുടെ മുഖ്യ പരോഹിതനായും, സമാധാനത്തിന്റെ രാജാവായും ഉള്ള ഇരട്ട ഉദ്യോഗസ്ഥതയെയാണ്.
- സഭ സ്ഥാപിതമായപ്പോൾ ക്രിസ്തു അവന്റെ രാജ്യത്തിൽ മുഖ്യപുരോഹിതനായും, രാജാവായും വാണു.

ക്രിസ്തു നീതിയുടെ രാജാവാണ്, സമാധാനത്തിന്റെ രാജാവായ ശലോമോന്റെ രാജാവും ഉന്നതനായ മഹാപുരോഹിതനുമാണ്. അവന്റെ ഈ ഉദ്യോഗങ്ങൾ ഇന്നും തുടരുന്നു. എന്നും നമുക്ക് സമാധാനം നൽകിയും, പാപികൾക്കും, വിശുദ്ധ ദൈവത്തിനുമിടയിലും സമാധാനം സ്ഥാപിച്ചുകൊണ്ട്

പ്രയോഗം : 1 തിമൊത്തി 6:6-9 വായിക്കുക...

## കരുണയും, ന്യായവും, ഉപവാസം; മാത്രമല്ല (സെഖ 7: 1-14)

- ഉപവാസം തുടരണമോ എന്ന് ആരായുവാനായ് ഒരുകൂട്ടം നായകന്മാർ ബേഥേലിൽനിന്നും വന്നു. പ്രായശ്ചിത്ത ദിവസം ചെയ്യേണ്ട ഒരു ഉപവാസത്തെക്കുറിച്ച് മാത്രമെ യഥാർത്ഥത്തിൽ മോശയും നിയമം വ്യാഖ്യാനിക്കുന്നുള്ളു.
- വാ 4-7 - ദൈവം വളരെ സൂക്ഷ്മമായ് ചില ചോദ്യങ്ങൾ അവരോട് ചോദിക്കുന്നു.
- വാ 5 - ദൈവം പറഞ്ഞു നിങ്ങൾ നിങ്ങൾക്ക് വേണ്ടിമാത്രമാണ് ഉപവാസം ചെയ്തത്.
- വാ 8-14 - പക്ഷെ ദൈവം അവരെ വിളിച്ചത് മറ്റുള്ളവരോട് നീതിയോടെ പെരുമാറുന്നതിനാണ്.
- തുടർച്ചയായ ഉപവാസവും, പ്രാർത്ഥനയും ഒരിക്കലും നമ്മിൽ സ്നേഹമോ, ന്യായമോ പുനർസൃഷ്ടിക്കുകയില്ല.
- അവരുടെ മത തീക്ഷ്ണതയേയും, ആരാധനയേക്കാളുമേറെ ദൈവം അവരുടെ മനോഭാവത്തേയും ഹൃദയത്തേയുംക്കുറിച്ചാണ് വിചാരപ്പെട്ടത്.
- ആത്മീയമല്ലാത്ത കാര്യങ്ങളിൽ ശ്രദ്ധകേന്ദ്രീകരിച്ച് നാം ദൈവത്തേയും, അവന്റെ ജനത്തേയും അവഗണിക്കുമ്പോൾ നാം നമ്മുടെ ഹൃദയത്തെ വജ്രം പോലെ കഠിനമാക്കുകയാണ് ചെയ്യുന്നത് (വാ 12).

നമ്മുടെ ഹൃദയത്തെക്കുറിച്ചോ അതോ ലൗകീക കാര്യങ്ങളിലോ, ഏതിലാണ് നാം ഇന്ന് കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത്. മറ്റുള്ളവരോട് നീതി കാണിക്കുക, അല്ലെങ്കിൽ ഉപവസിക്കുക ഏതാണ് നമുക്ക് ഏറ്റവും എളുപ്പമായിട്ട് ചെയ്യാൻ തോന്നുന്നത്.

## അനുഗ്രഹം ഉറപ്പുള്ളതാണ് (സെഖ 8:1-23)

- വരാനിരിക്കുന്ന പത്ത് പ്രോത്സാഹന ജനകമായ കാര്യങ്ങളെക്കുറിച്ചാണ് ഇത് സംവാദിക്കേണ്ടത്. ഓരോന്നും തുടങ്ങുന്നത് ഒരു പ്രഖ്യാപനമായിട്ടാണ്. "ഇതാണ് സർവ്വശക്തനായ ദൈവം അരുളിച്ചെയ്യുന്നത്".
- പെട്ടെന്നു സംവദിക്കാനുള്ളതും വരുവാനുള്ള രക്ഷകന്റെ കാലത്തെ സംബന്ധിച്ചുള്ളതുമായ അനുഗ്രഹങ്ങളെക്കുറിച്ചുമാണ് ഇത് പ്രതിപാദിക്കുന്നത്.
- വാ 16 - 17 ലും നമുക്ക് കാണാൻ സാധിക്കും വാഗ്ദാനം ചെയ്തിട്ടുള്ള ഈ അനുഗ്രഹവും വ്യവസ്ഥകൾക്ക് വിധേയമാണെന്ന്. അവർ നീതിയുള്ളവരായ് മാറാൻ ദൈവം പ്രതീക്ഷിച്ചു.
- വാ 18-19 ഉപവാസത്തേക്കാളും കൂടുതൽ നാം സന്തോഷവാനായും ആഹ്ലാദവാനായും ഇരിക്കുന്ന അവസരത്തിലാണ് ദൈവം കൂടുതൽ സന്തോഷവാനാകുന്നത്. നാം സന്തോഷിക്കുന്നതും ആനന്ദിക്കുന്നതും കാണാനാണ് ദൈവം ആഗ്രഹിക്കുന്നത്.
- വാ 23 ൽ നീതിയിലുള്ള ജീവിതത്തിന്റെ ശക്തിയെ കാണിക്കുന്നു.

നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു. ഉപ്പിന് അതിന്റെ ഉവർപ്പു നഷ്ടപ്പെട്ടുപോയാൽ അതിനെ എങ്ങനെ വീണ്ടും ഉവർപ്പു വരുത്തും. പുറത്തേക്ക് എറിഞ്ഞുകളയാനും മനുഷ്യർക്ക് ചവിട്ടിത്തേക്കാനും അല്ലാതെ മറ്റൊന്നിനും അതു കൊള്ളുകയില്ല. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു. മലമുകളിൽ നിർമ്മിക്കപ്പെട്ട നഗരം മറച്ചു വയ്ക്കാൻ സാധ്യമല്ല. വിളക്കുകൊളുത്തി ആരും പറയുടെ കീഴിൽ വയ്ക്കാറില്ല. അതൊരു വിളക്കുകാലിൽ വയ്ക്കുന്നു. വീട്ടിലുള്ളവർക്കെല്ലാം അതു വെളിച്ചം നൽകുകയും ചെയ്യും. നിങ്ങളുടെ സൽപ്രവൃത്തികൾ കണ്ടു മനുഷ്യർ സ്വർഗസ്ഥനായ നിങ്ങളുടെ പിതാവിനെ മഹത്വപ്പെടുത്താൻ, നിങ്ങളുടെ വെളിച്ചം അവരുടെ മുമ്പാകെ പ്രകാശിപ്പിക്കട്ടെ.

**പ്രയോഗികം :** നമ്മുടെ ജീവിതത്തിലെ ഏത് മേഖലയിലാണ് മറ്റുള്ളവർക്ക് ക്രിസ്തുവിനെ കാണാൻ സാധിക്കുന്നത്.

ഫിലിപ്പിയർ 2 : 14-16 വായിക്കുക.





## യിസ്രായേലിന്റെ ശത്രുക്കളുടെ മേലുള്ള ന്യായവിധി (സെഖ 9:1-8)

- ചുറ്റുപാടുമുള്ള രാഷ്ട്രങ്ങളിൽ നിന്നും ദൈവം തന്റെ ജനങ്ങളെ സംരക്ഷിക്കും
- നമുക്ക് ഇവിടെ കാണാൻ സാധിക്കും എല്ലാ രാഷ്ട്രങ്ങളേയും ദൈവം നിയന്ത്രിക്കുന്നത്.

ദൈവത്തിന്റെ സമ്മതമോ അറിവോ കൂടതെ യാതൊന്നും തന്നെ സംഭവിക്കുന്നില്ല. ക്രിസ്ത്യാനിയായ നമുക്കും സംരക്ഷണം വഗ്ദാനം ചെയ്തിട്ടുള്ളതാണ്. ദൈവം നമ്മെ സംരക്ഷിക്കും. ഒരു ദുഷ്ടതയ്ക്കും നമ്മെ നശിപ്പിക്കാൻ സാധിക്കുകയില്ല (1 യോഹ 5:18).

## സീയോൻ രാജാവിന്റെ ആഗമനം (സെഖ 9:9-13)

- ഈ ഭാഗം മിശിഹായെക്കുറിച്ച് വ്യക്തമായ് പ്രവചിക്കുന്നു. (മത്തായി 21:1-11, യോഹന്നാൻ 12:13-19). മിശിഹായുടെ വിജയപരമായ ജെരുശലേം പ്രവേശനമാണ് ഇത് വ്യാഖ്യാനിക്കുന്നത്.
- മിശഹ സമാധാനം കൊണ്ടുവരുകയും, എല്ലാ തടവുകാരേയും, വെള്ളമില്ലാത്ത കുഴിയിൽ നിന്നും അവൻ സ്വതന്ത്രരാക്കുകയും ചെയ്യും.
- ഒരു കഴുതയുടെ പുറത്ത് സവാരി ചെയ്തു മിശിഹാ വരുന്നു! അവൻ കടന്നുവന്നത് സേവിക്കപ്പെടാനല്ല, സേവിക്കാനാണ്, തന്നെത്തന്നെ ത്യജിച്ചുകൊണ്ട് അനേകം ആൾക്കാർക്കായ് മോചനം നൽകുന്നതിന് വേണ്ടിയാണ്.
- കഴുതയുടെ പുറത്ത് കുലീനനായ് കടന്നുവരുന്ന നമ്മുടെ രാജാവായ, രക്ഷകനെ ഓർത്ത് ദൈവത്തെ സ്തുതിക്കുക!

സങ്കലിപിച്ചു നോക്കുക ഈ പ്രവചനം നാം ആ കാലത്ത് കേൾക്കുന്നതിനെക്കുറിച്ച് ഇതിനെക്കുറിച്ച് നാം എങ്ങനെ പ്രതികരിക്കുമായിരുന്നു?

## ദൈവം വന്ന് നമ്മെ കാത്തുപരിപാലിക്കും (സെഖ 9: 14-10:12)

- യഹൂദഭവനത്തിലെ പുനരുദ്ധീകരണത്തെക്കുറിച്ചാണ് ആദ്യം ഇവിടെ പ്രതിപാദിക്കുന്നത് (9:13-17). പ്രത്യേകിച്ച് യഹൂദയ്ക്ക് അവരുടെ ശത്രുക്കളുടെ മേലിൽനിന്നുള്ള വിജയത്തെക്കുറിച്ച്. മിശിഹായുടെ കാലത്തെ പ്രവചനങ്ങളെക്കുറിച്ചാണ് അദ്ധ്യായം 10 പ്രതിപാദിക്കുന്നത്.
- വിഗ്രാഹാരധനയും, വ്യാജ നായകരും അവരെ ബന്ധനത്തിലേക്കു നയിച്ചു. എന്നാൽ അവരെ രക്ഷിക്കുവാനുള്ള മൂലക്കല്ല് യഹൂദാ ഗോത്രത്തിൽ നിന്നും രൂപപ്പെട്ടു. ക്രിസ്തുവാണ് ആ മൂലക്കല്ല്. (ഏശയ്യ 23:16, 1 പത്രോസ് 2:6, എഫേസി 2:20)
- ക്രിസ്തു വരുന്ന സമയത്ത് യഹൂദാ ഗോത്രത്തെയായിരിക്കും ആദ്യമായ് തിരഞ്ഞെടുക്കുക. അവരുടെ ദേശത്തേക്കുള്ള പുനരുദ്ധാരണം ദൈവം അവർക്ക് വാഗ്ദാനം നൽകിയതാണ് (വാ 6-12).

ദൈവം എങ്ങനെ തന്റെ ആട്ടിൻകൂട്ടങ്ങളെ മേയിക്കുന്നു എന്നതിനെക്കുറിച്ചും ഈ ഭാഗം വിവരിക്കുന്നു.

**പ്രയോഗം :** സങ്കീർത്തനം 23 വായിച്ച് ദൈവത്തെ സ്തുതിക്കുക.

ഗലാത്തിയർ 6:7-10 വായിക്കുക..

## രണ്ട് ആട്ടിടയർ (സെഖര്യ 11:1-17)

- ഈ ഭാഗം വിവരിക്കുന്നത് വാഗ്ദാനം ചെയ്ത അനുഗ്രഹം നിരസിക്കുന്നതാണ്.
- ഈ അവഗണന പ്രകാരം യരുശലേമിന്റെ പതനം പൂർണ്ണമായി. യഹൂദ നിയമാ പ്രകാരം അത് യഹൂദമതത്തിന്റെ അന്ത്യമാണ്. എ.ഡി. 70-ാം ആണ്ടിൽ റോമാക്കാരുടെ കൈയ്യിൽ നിന്നും, പൂർണ്ണമായ ആ പതനം സാദ്ധ്യമാവുകയും ചെയ്തു.
- ദൈവം പച്ചയായ മേച്ചിൽ പുറങ്ങളിൽ വച്ച് അവരെ മേയിക്കുകയും മോശമായ ആട്ടിയൻമാരിൽ നിന്നും അവരെ സംരക്ഷിക്കുകയും ചെയ്തു. പക്ഷെ അവർ ഒരിക്കൽക്കൂടി അവനെ തിരസ്ക്കരിച്ചപ്പോൾ, അവസാനം അവൻ അവരുമായി ഉണ്ടാക്കിയ ഉടമ്പടി ഉപേക്ഷിച്ചു. വാ 7-11 വരെ നമുക്ക് കാണാൻ സാധിക്കും അതിന്റെ സൂചകമായ് അവൻ തന്റെ വടി ഒടിച്ചു കളയുന്നത്.
- അവരുടെ താൽപര്യങ്ങൾക്ക് അനുയോജ്യമായ കൂലി നൽകുവാൻ പ്രവാചകൻ അവരോട് ആവശ്യപ്പെട്ടു.

നാമമാത്രമായ വെറും 30 ശേക്കൽ വെള്ളി നൽകുവാനാണ് അവർ തയ്യാറായത്. അവരുടെ പ്രതികരണം ദൈവത്തിന് അപമാനകരമായ് തോന്നി. ഇതേ ഭാഗം മത്തായിയുടെ 27:9 ൽ യേശുവിനെക്കുറിച്ച് പ്രതിപാദിക്കുന്നുണ്ട്.

യേശുവാണ് നമുക്ക് നല്ലയിടയൻ. അവന്റെ ആടുകളെ അവൻ അറിയുകയും, പേർ ചൊല്ലിവിളിക്കുകയും, അവരെ നയിക്കുകയും ചെയ്യുന്നു. നാം അവന്റെ നല്ല ആടുകളാണോ? അനുസരിക്കുന്ന, അനുഗമിക്കുന്ന, ആട്ടിടയനെ അറിയുന്ന നല്ല ആടുകളാണോ നാം.

## യെരുശലേമിന്റെ ശത്രുക്കൾ തകർക്കപ്പെടുക (സെഖ 12:1-9)

- ഭൗതീക ജരുശലേമിന്റെ വരാനിരിക്കുന്ന പതനത്തെക്കുറിച്ചാണ് ഈ ഭാഗം വിവരിക്കുന്നത്. പ്രധാനമായും കാണിക്കുന്നത് ക്രിസ്തുവിന്റെ സഭ എത്രമാത്രം തകർക്കാൻ പറ്റാത്തത്ര ശക്തമാണ്.
- ദൈവസഭയിൽ അവന്റെ രാജ്യത്തിലെ ജനങ്ങൾ എത്രമാത്രം ശക്തരാണെന്ന് ഇവിടെ കാണിക്കുന്നു. ദാവീദിന്റെ മനോബലത്തെപ്പോലെ ശക്തമാണ് അവരിൽ ഏറ്റവും ബലഹീനമായതിന്.
- വാ 5 ൽ ദൈവം അവരോടൊപ്പം ഉണ്ടായിരുന്നതിനാൽ അവർ ശക്തരായി ത്തീർന്നു.
- നാം ശക്തരും വിജയികളും ആയിത്തീരുന്നതിന് ദൈവാത്മാവ് നമ്മിൽ പ്രവർത്തിക്കുന്നതിനെയോർത്ത് ദൈവത്തിനെ സ്തുതിക്കുക.

## കുത്തിത്തുളച്ചതിനെയോർത്തുള്ള വിലാപം (സെഖ 12:10-14)

- അവർ പിച്ചിച്ചീന്തിയത് യേശുവിനെയാണ്.
- അതിലൂടെ നാം നമ്മുടെ പാപങ്ങളിൽ നിന്നും ശുദ്ധിപ്രാപിച്ചു. (യോഹ 19:37, 1 പത്രോസ് 2:21-24)

സാക്ഷാൽ നമ്മുടെ രോഗങ്ങളെ അവൻ വഹിച്ചു, നമ്മുടെ വേദനകളെ അവൻ ചുമന്നു. എന്നാൽ ദൈവം അവനെ ശിക്ഷിച്ചും അടിച്ചും പീഢിപ്പിച്ചു, മരിക്കുമെന്നു നാം കരുതി. എന്നാൽ അവൻ നമ്മുടെ ലംഘനങ്ങൾക്കു വേണ്ടി മുറിവേൽക്കുകയും നമ്മുടെ അകൃത്യങ്ങൾ നിമിത്തം തകർക്കപ്പെടുകയും ചെയ്തു. നമ്മുടെ സമാധാനത്തിനുവേണ്ടിയുള്ള ശിക്ഷ അവന്റെ മേൽ പതിച്ചു. അവന്റെ അടിപ്പിണരുകളാൽ നാം സൗഖ്യം പ്രാപിച്ചിരിക്കുന്നു. നാമെല്ലാം ആടുകളെപ്പോലെ തെറ്റിയലഞ്ഞിരുന്നു, നാമോരോരുത്തരും താന്താന്റെ വഴിക്കു തിരിഞ്ഞിരുന്നു. എന്നാൽ യഹോവ നമ്മുടെയെല്ലാവരുടേയും അകൃത്യം അവന്റെ മേൽ ചുമത്തി.

പ്രയോഗം:നമ്മുക്ക് എങ്ങനെ നല്ലൊരു ശിഷ്യനാകാം എന്ന് ചിന്തിക്കുക.

യോഹന്നാൻ 10:27-29 വായിക്കുക...





## പാപത്തിൽ നിന്നുള്ള പവിത്രീകരണം (സെഖ 13:1-9)

- ആ ദിനത്തിലാണ് നമ്മുടെ പാപങ്ങൾ ക്ഷമിച്ച; സമ്പൂർണ്ണ കൃപ പൂർത്തിയാകുന്നത് (വാ 1)
- വിഗ്രഹാരാധന എന്നും എന്നേയ്ക്കുമായ് തന്റെ ജനങ്ങളുടെ ഇടയിൽ നിന്നും ദൈവം നീക്കിക്കളയും (വാ 2)
- ഒരിക്കൽ ക്രിസ്തുവിന്റെ ഉടമ്പടികൾ പൂർണ്ണമായും വെളിവാവുകയും, കുറിക്കപ്പെടുകയും ചെയ്യും, അതോടൊപ്പം പ്രവാചകന്മാരുടെ ദൗത്യം പൂർണ്ണമായും അവസാനിക്കുകയും ചെയ്യും (വാ 2-6)
- ആട്ടിടയനെ അടിക്കുന്നത് (വാ 7-9) മത്തായി 26:31 ൽ മിശിഹായെക്കുറിച്ചുള്ള സൂചനയാണ്
- അടിക്കപ്പെടുന്ന ആ മനുഷ്യന് ദൈവത്തോട് അടുപ്പമുള്ളവനാണെങ്കിലും (അപ്പോ. പ്ര. 2:23) ദൈവം തന്നെയാണ് അതിന് അനുമിതി നൽകുന്നത്. (വാ 7)
- നാമം മാത്രമായ ചില ആൾക്കാർ മാത്രമേ അത് അംഗീകരിക്കുന്നുള്ളൂ (വാ 8). അങ്ങനെയുള്ളവരെ ശുദ്ധീകരിക്കാനായ് ദൈവം തീയുടെ മുമ്പിലേക്ക് അവരെ കൊണ്ടുവരുന്നു (വാ 9)

ദൈവ കൃപ നമുക്കും വാഗ്ദാനം ചെയ്യപ്പെട്ടിട്ടുള്ളതാണ്. എല്ലാ അശുദ്ധിയിൽനിന്നും നമ്മെ ശുദ്ധീകരിക്കാനായുള്ള ആ ഉറവ യേശുവിന്റെ രക്തമാണ്. 'വരുന്നു ഞാൻ ആ ഉറവിലേക്ക്, എന്നെ കഴുകേണമേ രക്ഷകാ, അല്ലെങ്കിൽ ഞാൻ മരിക്കും, എനിക്കായ് പിളർന്നപാറയെ, നിന്നിൽ ഞാൻ മറയട്ടെ!

## ദൈവം വന്ന് ഭരണം നടത്തും (സെഖര്യ 14:1-21)

- ഭൗതീക ജെരുശലേമിന്റെ പതനത്തെയാണ് ആദ്യഭാഗം കാണിക്കുന്നത്.
- തകർക്കാൻ വരുന്നവരെ തകർക്കും എന്ന് ദൈവം വാഗ്ദാനം ചെയ്യുന്നു (വാ 3-7)
- വാ 8 തുടക്കത്തിൽ നമ്മെ ഓർമ്മിപ്പിക്കുന്ന മിശിഹായുടെ രാജ്യത്തിലെ ആത്മീക അനുഗ്രഹത്തെക്കുറിച്ച്
- യെരുശലേമിൽനിന്ന് ജീവജലം ഒഴുകും എന്നത് ദൈവത്തിന്റെ പരിശുദ്ധാത്മാവിനെക്കുറിച്ചുള്ള സൂചനയാണ് (വാ 8) യോഹ 7:37-39
- രാജാവുതന്നെയായിരിക്കും ഏകദൈവം (വാ 9) എഫേ 4:5
- ദൈവജനത്തിന് എതിരെ പോരാടിയ എല്ലാ വിജാതിയർക്കും അവന്റെ രാജ്യത്തിലേക്ക് കൂടിച്ചേരാൻ അവസരം അപ്പോൾ ലഭിക്കും (വാ 16-19)
- അവസാനം, എല്ലാ സ്ഥാനമാനങ്ങളും, ജീവിത രീതികളും യേശുവിന്റെ അധികാരത്തിൻ കീഴിൽ വരുന്നത് കാണാൻ സാധിക്കും (വാ 20-21)
- പഴയത് പോയി പുതിയത് കടന്നുവരും

നാം പുതിയതിന് വേണ്ടി ആകാംഷയുള്ളവരാകണം. ഇപ്പോൾ ദൈവത്തിന്റെ വാസം മനുഷ്യരോടൊപ്പമായിരിക്കുന്നു, അവൻ അവരോടൊത്ത് ജീവിക്കും. എന്ന് എഴുതിയിരിക്കുന്നതുപോലെ. അവർ അവന്റെ ജനമായിരിക്കും. ദൈവം അവരോടൊപ്പമുണ്ടായിരിക്കുകയും അവരുടേതാവുകയും ചെയ്യും. അവരുടെ കണ്ണിലെ എല്ലാ കണ്ണുനീരും അവൻ തുടച്ചുമാറ്റും. അവിടെ മരണമോ വിലാപമോ കരച്ചിലോ വേദനയോ, ഉണ്ടാവുകയില്ല. പഴയത് എല്ലാം കടന്നുപോകും സിംഹാസനാരൂഢനായിരിക്കുന്നവൻ പറയും, "ഞാൻ എല്ലാറ്റിനേയും പുതുതാക്കും".

പ്രയോഗം:സ്വർത്തെക്കുറിച്ച് ചിന്തിക്കുകയും, നമ്മെ വഴികാട്ടുന്നതിനെയോർത്ത് ദൈവത്തിന് നന്ദി പറയുകയും ചെയ്യുക.

1 കൊരിന്ത്യർ 2:9-11 വായിക്കുക...

## ആമുഖം

മാലാഖിയുടെ അർത്ഥം 'ദൂതൻ' (സന്ദേശ വാഹകൻ). നെഹമ്യായുടെ കാലഘട്ടമാണ് ഇതിന്റെ പശ്ചാത്തലമായ് കാണുന്നത്. അതിനാൽ ബിസി 445 - 432 കാലയളവി ലാണ് ഇത് രചിക്കപ്പെട്ടത് എന്ന് സംശയിക്കുന്നു. മതിൽ പണിത് വളരെ നാളുകൾക്ക് ശേഷം നെഹമ്യ ഒരു കൂട്ടം ഇസ്രായേൽക്കാരെ കാനാൻ ദേശത്തേക്ക് കൊണ്ടുപോ യി. യെരുശലേമിന്റെ മതിലുകൾ പുതുക്കിപണിയാനാണ് അവൻ ഇത് ചെയ്തത്. മാലാഖിയുടെ എഴുത്ത് കാണിക്കുന്നത്, അവരുടെ "സുവർണ്ണ കാലഘട്ടം" വരാത്ത തിനാൽ ആൾക്കാർ വളരെയധികം അസന്തുഷ്ടി പ്രകടിപ്പിക്കുന്നവരായ് കാണപ്പെട്ടതാ യാണ്. ഈ അസന്തുഷ്ടി അവരുടെ ദൈവീക തീക്ഷ്ണത കെടുത്തിക്കളഞ്ഞു. ദൈവത്തിലേക്കുള്ള പൂർണ്ണ സമർപ്പണത്തിനായ് മാലാഖി അവരെ മടക്കി വിളിച്ചു. സ്വാർത്ഥമായ സുഖഭോഗങ്ങളിൽ നിന്നും അകന്ന് പൂർണ്ണമായ സമർപ്പണത്തിലേക്ക് മടങ്ങിവരാൻ മാലാഖി അവരെ വ്യക്തമാക്കി. മാലാഖിയുടെ പ്രഖ്യാപനം സംവാദ ത്തിലൂടെയായിരുന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ ദൈവം തന്റെ കാര്യങ്ങൾ പറ ഞ്ഞു. തിരിച്ച് ആൾക്കാർ ചോദ്യം ചോദിച്ചു. ദൈവം ആ ചോദ്യങ്ങൾക്ക് ഉത്തരം അരുളി.

### ഒന്നാം സംവാദം (മാലാഖി 1:2-5)

- ദൈവം പറഞ്ഞു. ഞാൻ നിങ്ങളെ സ്നേഹിച്ചു!
- ജനങ്ങൾ ചോദിച്ചു: നീ എങ്ങനെയാണ് ഞങ്ങളെ സ്നേഹിച്ചത്?
- ദൈവം പറഞ്ഞു: യാക്കോബിനെ (ഇസ്രായേൽ) തെരഞ്ഞെടുത്തതുപോലെ (ഏശാവിനേക്കാളും) (ഏദോം)

ദൈവം ജനങ്ങളെ ഓർമ്മിപ്പിക്കുന്നു താൻ യാക്കോബിനെ സ്നേഹിക്കുകയും ഏശാ വിനെ വെറുക്കുകയും ചെയ്തു, എന്നത് പേരിനാൽ നൽകുന്ന സൂചനപോലെ ഇത് വ്യക്തകളെ തിരഞ്ഞെടുക്കുന്നതിനെക്കുറിച്ചല്ല. പകരം അവർ പ്രതിനിധീകരിക്കു ന്നതിനെക്കുറിച്ചാണ്. യാക്കോബും, ഏശാവും രാഷ്ട്രങ്ങളാണെന്ന് നാം മനസിലാ ക്കണം. ദൈവത്തിന്റെ സ്നേഹം തിരഞ്ഞെടുക്കലിലൂടെയും കൽപ്പനയിലൂടെയുമാ ണ്. അവന്റെ ഉടമ്പടിയാൽ അവർ അവന്റെ പ്രത്യേക സ്നേഹത്തിന് പാത്രമാവു കയും ചെയ്തു.

### രണ്ടാം സംവാദം (മാലാഖി 1:6-2:9)

- ദൈവം പറഞ്ഞു: എന്റെ നാമത്തെ വെറുപ്പിച്ചത് എന്തുകൊണ്ടാണ്?
- പ്രവാചകർ ചോദിച്ചു: എങ്ങിനെയാണ് ഞങ്ങൾ നിന്റെ നാമത്തെ വെറുപ്പി ച്ചത്
- ദൈവം ഉത്തരം നൽകി: ശുദ്ധിയില്ലാതെ യാഗങ്ങൾ നൽകി.
- പുരോഹിതൻ ചോദിച്ചു: എങ്ങനെയാണ് നാം അത് ചെയ്തത്?
- ദൈവം : മുടന്തുള്ള, ദുഷിച്ച മൃഗങ്ങളെ ബലി കഴിപ്പിച്ചുകൊണ്ട്.

അവരുടെ ഗവർണ്ണർക്ക് അവർ അത്തരത്തിലുള്ള കാഴ്ചകൾ നൽകിയില്ല. അവർ ചിന്തിച്ചു ദൈവത്തിന് കൊടുക്കുന്നതിൽ യാതൊരു പ്രയോജനവും ഇല്ലായെന്ന് വീണ്ടും അവൻ ചൂണ്ടിക്കാണിച്ചു. പാപം നിറഞ്ഞ ആരാധനയല്ലാതെ വേറെയൊരു ആരാധനയും അവന് ലഭിച്ചില്ല. എങ്ങിനെയാണ് നാം ഇന്ന് ബലിയർപ്പിക്കുന്നത്? നമ്മുടെ ശരീരം കൊണ്ട് (റോമർ 12:1) നമ്മുടെ ധനം കൊണ്ട് (ഫിലിപ്പിയർ 4:18) ദൈവത്തിന് മഹത്വം നൽകിക്കൊണ്ട് (എബ്രായർ 13:15), മറ്റുള്ളവർക്ക് സേവനം ചെയ്യുന്നതിലൂടെ (എബ്രാ 13:16), പ്രാർത്ഥനയിലൂടെ (വെളിപാട് 5:8), നമ്മുടെ ഫല ത്തിലൂടെ (റോമർ 15:16). ബലിയർപ്പിക്കുന്നതിനെക്കുറിച്ച് നമ്മുടെ മനോഭാവം എന്ത്?

പ്രയോഗം: നാം ഇന്ന് ദൈവത്തിന് എന്താണ് ബലിയർപ്പിക്കുന്നത്?

റോമർ 12:1 വായിക്കുക





### മൂന്നാം സംവാദം (മാലാഖി 2:10-4)

- ദൈവം പറഞ്ഞു: അവരുടെ ബലി ഞാൻ സ്വീകരിക്കുകയില്ല!
- ജനങ്ങൾ ചോദിച്ചു: എന്തുകൊണ്ട്?
- ദൈവം പറഞ്ഞു: അവർ അവരുടെ യൗവ്വനത്തിലെ ഭാര്യയുമായുള്ള ഉടമ്പടി തകർത്തുകളഞ്ഞു!

വിശ്വസ്തത തകർത്തു കളയുക എന്നത് വളരെ മോശമായ കാര്യമാണ്, പക്ഷെ ഇസ്രായേല്യർ വളരെ മോശമായ രീതിയിൽ അവരുടെ വിവാഹ ഉടമ്പടി തകർത്തു കളഞ്ഞു. അവർ വിഗ്രഹാരാധികളായ പരദേശ സ്ത്രീകളെ വിവാഹം കഴിക്കുക യും, തങ്ങളുടെ ഭാര്യമാരെ വിവാഹമോചനം ചെയ്യിക്കുകയും ചെയ്തു. ദൈവം സ്ഥാപിച്ചു, വിവാഹ ബന്ധം വേർപ്പെടുത്തുന്നത് ഞാൻ വെറുക്കുന്നു.

### നാലാം സംവാദം (മാലാഖി 2:17-3:5)

- ദൈവം: നിങ്ങൾ എന്നെ തള്ളിക്കളഞ്ഞു.
- ജനം: എങ്ങനെ?
- ദൈവം: ദുഷ്ടത പ്രവർത്തിക്കുന്നവർ പുരോഗതി പ്രാപിക്കുന്നു എന്ന ചിന്തി യിലൂടെ

ദൈവം അവന്റെ വരവിന്റെ ദിനത്തെക്കുറിച്ച് ജനങ്ങലെ ഓർമ്മിപ്പിക്കുകയാണ്. ദൈവം തന്റെ ദിനത്തിൽ വന്ന് എല്ലാ അനീതികളെയും നേരെയാക്കുകയും, ദുഷ്ടരെ ശിക്ഷി ക്കുകയും, നീതിമാൻമാർക്ക് പ്രതിഫലം നൽകുകയും ചെയ്യും. ദുഷ്ടന്മാരും, നീതി മാൻമാരും തമ്മിൽ ഒരു അകൽച്ച അവിടെ ഉണ്ടാകും, സേവനം ചെയ്തവരും, സേവനം ചെയ്യാത്തവരും പോലെ.

### അഞ്ചാം സംവാദം (മാലാഖി 3:6-12)

- ദൈവം: എന്നിലേക്ക് മടങ്ങി വരൂ
- ജന: എങ്ങനെ?
- ദൈവം: നിങ്ങൾ എന്നെ കൊള്ളയടിച്ചു.
- ജന: എപ്രകാരം?
- ദൈവം: നിങ്ങളുടെ ദശാംശങ്ങളും വഴിപാടുകളും പിടിച്ചുവച്ചുകൊണ്ട്

ദൈവം അവരുടെ മനോഭാവത്തെക്കുറിച്ച് ചിന്തിക്കുവാൻ പ്രേരിപ്പിച്ചു. അവരുടെ മതം പിറുപിറുപ്പു നിറഞ്ഞതായിരുന്നു. ആഹ്ലാദം നിഞ്ഞതല്ലായിരുന്നു, അഹങ്കാരം നിറഞ്ഞതായിരുന്നു. അനുഗ്രഹം നിറഞ്ഞതല്ലായിരുന്നു, ബലികൾ നിറഞ്ഞതായി രുന്നു. രക്ഷാകരമല്ലായിരുന്നു, അവഗണന നിറഞ്ഞതായിരുന്നു. അലങ്കാരങ്ങൾ നിറഞ്ഞതായിരുന്നു.

### ആറാം സംവാദം (മാലാഖി 3:13-4:6)

- ദൈവം: നിങ്ങൾ എനിക്ക് എതിരായ് സംസാരിച്ചു!
- ജനങ്ങൾ: എങ്ങനെ?
- ദൈവം : ദൈവ വേലചെയ്യുന്നത് വ്യാർത്ഥമാണ് എന്ന ചിന്തയിലൂടെ!

അവൻ ദുഷ്ടരെ ശിക്ഷിക്കുകയും, വിസ്വസ്ഥർക്ക് പ്രതിഫലം നൽകുകയും ചെയ്തു. മാലാഖി 4:4 ൽ മോശയുടെ നിയമം അനുസരിക്കുവാനും ദൈവം അവരെ വിളിച്ചു. മാലാഖി 4:5-6 ൽ കർത്താവ് വരുന്നതിന് മുന്നോടിയായ് ഏലിയാ വരും എന്ന് അവൻ പ്രഖ്യാപിച്ചു.

പ്രയോഗം:ക്രിസ്തീയത നമുക്ക് ഒരു ഭാരമായിട്ടാണോ അനുഭവപ്പെടുന്നത്. അങ്ങ നെയെങ്കിൽ എന്തുകൊണ്ടാണ് അത്?

1 യോഹന്നാൻ 5:3-4 വായിക്കുക..

## മിശിഹായെക്കുറിച്ചുള്ള പ്രവചന പൂർണ്ണത

| ബുക്ക് | പ്രവചനം | |
|---|---|---|
| ഹോശേയ 11:1 | ദൈവം അവന്റെ പുത്രനെ (മശിഹാ) ഈജിപ്തിൽ നിന്നും പുറത്തുകൊണ്ടുവരും | മത്താ 2:13-15 |
| 13:14 | മശിഹാ പാപത്തേയും മരണത്തേയും പരാജയപ്പെടുത്തും | 1കൊറി 15:55-57 |
| ജോയേൽ 2:32 | മശിഹാ മനുഷ്യരാശിക്ക് രക്ഷ കൊണ്ടുവരും | റോമ 10:12-13 |
| ആമോസ് 8:9 | യേശുവിന്റെ ക്രൂശുമരണ സമയത്ത് ദൈവം ആകാശത്തെ അന്ധകാരത്തിലാക്കും | മത്താ 27:45-46 |
| മീഖ 5:1 | മശിഹാ പീഢനത്തിനു മുമ്പായി ഭക്ഷണം വിളമ്പും | മത്താ 27:30 |
| 5:2 a | മശിഹാ ബത്‌ലേഹേമിൽ ഭൂജാതനാകും | മത്താ 2:1-2 |
| 5:2 b | മശിഹാ യഹൂദ വംശത്തിൽ നിന്നും വരും | ലൂക്ക 3:23-33 |
| 5:2 c | മശിഹാ എന്നുമുള്ളവനായിരിക്കും | വെളി 1:8 |
| ഹഗ്ഗായി 2:6-9 | മശിഹാ രണ്ടാമത്തെ ക്ഷേത്രം സന്ദർശിക്കും | ലൂക്ക 2:27-32 |
| 2:23 | മശിഹാ സെരുബാബേലിന്റെ വംശത്തിൽ വരും | ലൂക്ക 3:23-27 |
| സെഖര്യ 2:10-11 a | മശിഹാ ജനങ്ങളുടെ ഇടയിൽ വസിക്കുകയും അവർക്ക് അവൻ ദൈവമാവുകയും ചെയ്യും | യോഹ 1:14 |
| 2:10-11 b | മശിഹാ ദൈവത്താൽ അയക്കപ്പെട്ടവൻ | യോഹ 8:18-19 |
| 3:8 a | മശിഹാ സെരുബാബേലിന്റെ വംശത്തിൽ വരും | ലൂക്ക 3:23-27 |
| 3:8 b | മശിഹാ ദൈവത്താൽ തിരഞ്ഞെടുക്കപ്പെട്ട ദൂതൻ | യോഹ 17:4 |
| 6:12, 13 | മശിഹാ മുഖ്യപുരോഹിതനും രാജാവും ആണ് | എബ്രാ 8:1 റോമ 8:34 |
| 9:9 a | മശിഹാ ആഹ്ലാദ ആദരവോടുകൂടി യെരുശലേമിൽ പ്രവേശിക്കും | മത്താ 21:8-10 |
| 9:9 b | മശിഹാ രാജാവായി കാണപ്പെടും | യോഹ 12:12-13 |
| 9:9 c | മശിഹാ നീതിയും ന്യായവും നടത്തും | യോഹ 5:30 |



| ബുക്ക് | പ്രവചനം | |
|---|---|---|
| സെഖര്യ 9:9 d | മശിഹാ മനുഷ്യരാശിക്ക് രക്ഷ കൊണ്ടുവരും | ലൂക്ക 19:10 തിത്തോ 2:11 |
| 9:9 e | മശിഹാ ആത്മാവിൽ താഴ്മയുള്ളവനാണ് | മത്താ 11:29 യോഹ 13:4-14 |
| 9:9 f | മശിഹാ കഴുതയുടെ പുറത്തിരുന്ന് യെരുശലേമിലേക്ക് വരും | മത്താ 21:6-9 |
| 10:4 | മശിഹാ മൂലക്കല്ലാണ് | എഫേ 2:20 |
| 11:10 | മശിഹായെ ഇസ്രായേൽ അവഗണിച്ചതിലൂടെ തന്റെ ജനത്തിന്റെ (യഹൂദർ) സംരക്ഷണം ദൈവം നീക്കികളഞ്ഞു. | ലൂക്ക 19:41-44 |
| 11:12 | മിശിഹാ 30 വെള്ളിക്കാശിനാൽ യൂദയലൂടെ ഒറ്റിക്കൊടുക്കപ്പെട്ടു | മത്താ 26:14-15 |
| 11:13 a | 30 വെള്ളിനാണയങ്ങൾ ദേവാലയത്തിലേക്ക് വലിച്ചെറിഞ്ഞു. | മത്താ 27:3-5 |
| 11:13 b | 30 വെള്ളിനാണയങ്ങൾ കുശവന്റെ നിലം വാങ്ങാൻ ഉപയോഗിക്കും | മത്താ 27:6-7 |
| 12:10 | മിശിഹായുടെ ശരീരം കുത്തികീറും (രക്തവും, വെള്ളവും പുറത്തേക്ക് ഒഴുകി) | യോഹ 19:34 |
| 13:7 a | മിശിഹാ ദൈവത്തിന് സമനായിരിക്കും | യോഹ 14:9 |
| 13:7 b | മശിഹായുടെ മരണത്തിന് ശേഷം ശിഷ്യന്മാർ ചിതറിപ്പോകും | മത്താ 26:31-56 |
| മാലാഖി 3:1 a | മശിഹായ്ക്കുവേണ്ടി ഒരു ദൂതൻ (സ്നാപക യോഹന്നാൻ) വഴിയൊരുക്കും | മത്താ 11:10 |
| 3: 1b | മിശിഹാ അപ്രഖ്യാപിതമായി യഹൂദാലയത്തിൽ പ്രത്യക്ഷപ്പെടും | മത്താ 11:15-16 |
| 3:1 c | മശിഹാ പുതിയ ഉടമ്പടിയെക്കുറിച്ച് സംസാരക്കും | ലൂക്ക 4:43 |
| 4:5 | ഏലിയായുടെ ആത്മാവാൽ (സ്നാപക യോഹന്നാൻ) വരുന്നവൻ മശിഹായുടെ വരവിനെ പ്രഖ്യാപിക്കും | മത്താ 3:1-2 മത്താ 11:13-14 |
| 4:6 | മശിഹായെക്കുറിച്ച് പ്രഖ്യാപിച്ചവൻ അനേകമാൾക്കാരെ ദൈവത്തിലേക്ക് അടുപ്പിച്ചു | ലൂക്ക 1:16-17 മാർക്ക് 1:3-5 |